# Trichur Archdiocesan Bulletin


മാർച്ച് 2020

വാല്യം: 87 ലക്കം: 03

ESTD:1934





യോനാ 2: 1 – 10 (യോനായുടെ പ്രാർത്ഥന)

Estd. 1887
ARCHDIOCESE OF TRICHUR

TAB





2019 ഡിസംബർ 22നു പുനർപ്രതിഷ്ഠാകർമ്മം നിർവഹിക്കപ്പെട്ട
തൃശ്ശൂർ വെസ്റ്റ് ഫോർട്ട് സെന്റ് ആൻസ് ഇടവക ദൈവാലയവും അൾത്താരയും



Trichur Archdiocesan Bulletin TAB


**മാർച്ച് 2020**

ലക്കം: 3 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 10 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 28 |
| സഹായമെത്രാന്റെ പരിപാടികൾ | 30 |
| നാളാഗമം | 32 |
| പാസ്റ്ററൽ കൗൺസിൽ | 36 |
| നാമകരണ നടപടികൾ | 37 |
| സാമ്പത്തിക കാര്യാലയം | 40 |
| വൈദികർ | 42 |
| സന്യസ്തർ | 45 |
| അതിരൂപത തീർത്ഥകേന്ദ്രം | 48 |
| വിശ്വാസ പരിശീലനം | 50 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 94 |

640/ 2019 P-1
20.02.2020

# ഇടയലേഖനം



ഈശോയിൽ സ്നേഹമുള്ള പ്രിയ വൈദികരേ, ബഹു. സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ, കേരളകത്തോലിക്കാസഭ മിഷൻവർഷമായി ആചരിക്കുന്ന 2020–ലെ വലിയനോമ്പ് ആരംഭിച്ചിരിക്കുകയാണല്ലോ. ദൈവരാജ്യ സ്ഥാപനത്തിനായി ഭൂമിയിൽ അവതീർണ്ണനായ ഈശോ നമ്മോട് ആഹ്വാനം ചെയ്തത്, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാനാണ് (മാർക്കോ1:5) . അനുതാപവും പ്രായശ്ചിത്തവും കൈമുതലാക്കി പ്രാർത്ഥനയുടേയും ഉപവാസത്തിന്റെയും കാരുണ്യ പ്രവർത്തികളുടെയും ജീവിതചര്യകളിലൂടെ, ഉത്ഥിതനായ ക്രിസ്തുവിന്റെ അനുഗ്രഹതീർത്ഥത്തിലേക്കുള്ള തീർത്ഥാടനകാലഘട്ടമാണ് നോമ്പുകാലം. ഈശോയുടെ പീഡാസഹനത്തിന്റെയും മരണത്തിന്റെയും ഉത്ഥാനത്തിന്റെയും പെസഹാ രഹസ്യങ്ങൾ ആഘോഷിക്കാൻ ഈ നോമ്പുകാല ദിനങ്ങൾ നമ്മെ ഒരുക്കുന്നു.

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത
മെത്രാപ്പോലീത്ത

നോമ്പുകാലതീർത്ഥാടനം നാം ആരംഭിക്കുമ്പോൾ, ഒന്നാം ഞായറാഴ്ച വായിച്ചുകേട്ട സുവിശേഷഭാഗം, നാല്പതുദിനരാത്രങ്ങൾ ഉപവസിച്ച ഈശോയുടെ മരുഭൂമിയിലെ പരീക്ഷയെകുറിച്ചാണ്. മനുഷ്യകുലത്തിന്റെ രക്ഷക്കായി ഭൂമിയിൽ അവതരിച്ച ദൈവപുത്രന്റെ മുന്നിൽ പ്രലോഭകനായ പിശാച് മൂന്ന് പാതകൾ നിർദ്ദേശിക്കുന്നുണ്ട്. അതിൽ ആദ്യത്തേത് ഇപ്രകാരമാണ്: സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി ജീവിതത്തിൽ ഒരു മാറ്റം വരുത്തുക. വിശന്നു നിൽക്കുന്ന ഈശോയോട് പ്രലോഭകൻ പറഞ്ഞു: 'നീ ദൈവപുത്രനാണെങ്കിൽ ഈ കല്ലുകൾ അപ്പമായ് മാറാൻ പറയുക' (മത്താ4:3). കല്ലിനെപോലും വേണമെങ്കിൽ അപ്പമായ് മാറ്റാനും വെള്ളത്തെ വീഞ്ഞാക്കി മാറ്റാനും കഴിവുള്ളവനായ ഈശോ, സ്വാർത്ഥലബ്ധിക്കുവേണ്ടി തന്റെ ശക്തിയെ ഉപയോഗപ്പെടുത്താതെ, ദൈവത്തിന്റെ വചനത്തിലധിഷ്ഠിതമായി ജീവിതം നയിക്കുവാൻ ആഹ്വാനം ചെയ്യുന്നത് (മത്താ 4:4), ഈ നോമ്പുകാലത്തിൽ നമുക്കും ഒരു നല്ല ഓർമ്മപ്പെടുത്തലാണ്. ഇടവകകളിലെ വാർഷികധ്യാനങ്ങളും ബൈബിൾ കൺവൻഷനുകളും നമ്മുടെ അതിരൂപത തീർത്ഥാടനകേന്ദ്രമായ പാലയൂർ മാർതോമാ ദേവാലയത്തിൽവെച്ച് നടത്തപ്പെടുന്ന വചനാധിഷ്ഠിത ജീവിതനവീകരണ ശുശ്രൂഷകളും മാർച്ച് 29-ാം തിയതി നടത്തപ്പെടുന്ന പാലയൂർ മഹാതീർത്ഥാടനവും ഉത്ഥിതന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കാൻ നമ്മെ സഹായിക്കട്ടെ.

രക്ഷകനായി പിറന്ന ഈശോയുടെ ജീവിതലക്ഷ്യം തെറ്റിക്കുക എന്നതായിരിന്നു പ്രലോഭകന്റെ മനസ്സിലിരിപ്പ്. അതിനായി തെറ്റായവഴികൾ കാണിച്ചുകൊടുക്കുക എന്നതായിരുന്നു പ്രലോഭകന്റെ മാർഗ്ഗം. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽനിന്നും ക്രിസ്തുവിശ്വാസികളായ നമ്മുടെ പ്രിയപ്പെട്ട മക്കളെ വഴിതെറ്റിക്കുവാൻ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു (1 പത്രോ 5:8) എന്ന് നാം

മനസ്സിലാക്കേണ്ടതുണ്ട്. പണത്തിനും അധികാരത്തിനും വേണ്ടിയുള്ള വ്യഗ്രതയിലും പ്രണയക്കുരുക്കിലും ലഹരി സുഖങ്ങളിലും അകപ്പെട്ട്, സ്വന്തം താൽപര്യങ്ങൾക്കും സുഖത്തിനും വേണ്ടി ഈശോയെയും, ഈശോയുടെ തുടർച്ചയായി അപ്പസ്തോലന്മാരും പ്രവാചകരുമാകുന്ന അടിസ്ഥാനത്തിൽ പണിതുയർത്തിയ സഭയെയും (എഫേ 2: 20–22) ഉപേക്ഷിക്കുന്നവരുടെ എണ്ണം കൂടിവരുന്നു. ഇത്തരം പ്രലോഭനത്തിന്റെ ആധിക്യമുള്ള ഇന്നത്തെ സാഹചര്യത്തിൽ, ഈശോ വ്യക്തിപരമായി നമ്മോട് പറയുന്നു: 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകാണ്ടുമാണ് ജീവിക്കുന്നത്' (മത്താ 4:4).

ദൈവവചനത്തിന്റെ വെളിച്ചത്തിൽ ആത്മപരിശോധനചെയ്ത് മാനസാന്തരത്തിന്റെ നല്ലഫലങ്ങൾ പുറപ്പെടുവിക്കേണ്ട കാലമാണ് നോമ്പുകാലം. പാപബോധവും പാപസാഹചര്യങ്ങളിൽ നിന്നകന്നു നിൽക്കാനുള്ള മനസ്സുറപ്പും അനുതാപവും ഉണ്ടെങ്കിൽമാത്രമേ മാനസാന്തരം സംഭവിക്കുകയുള്ളൂ. മാനസാന്തരം എന്നു പറയുന്നത് താൽകാലികമായി എന്തെങ്കിലും വ്യത്യസ്ത വരുത്തുക എന്നതല്ല.മറിച്ച് ദൈവത്തിലേക്കുള്ള പരിപൂർണ്ണ തിരിച്ചുവരവാണ് ; അത് ദൈവത്തിലേക്കുള്ള വളർച്ചയാണ്. സ്വാർത്ഥതാൽപര്യങ്ങൾക്കായി മാറ്റങ്ങൾ വരുത്തുമ്പോൾ ദൈവവചനത്തിന്റെ അന്തഃസത്തയിൽ നിന്നും അകന്നുപോകുന്നു. ഈശോ ചെയ്തതുപോലെ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പ്രലോഭകന്റെ വഴികളെ തിരിച്ചറിയാനും അവ തള്ളിക്കളയാനും ദൈവരാജ്യത്തിന്റെ വഴിയിലൂടെ നടക്കാൻ സധൈര്യം തീരുമാനം എടുക്കാനുമുള്ള സമയമാണ് ഈ വലിയനോമ്പ്.

ദൈവവും മനുഷ്യനും തമ്മിലും മനുഷ്യർ തമ്മിൽത്തമ്മിലും ഉള്ള ബന്ധം കൂട്ടിയുറപ്പിക്കേണ്ട കാലമാണ് നോമ്പുകാലം. മാമ്മോദിസയിലൂടെ ദൈവപുത്രരായ നാം, ദൈവവുമായുള്ള ബന്ധം ദൃഢതപ്പെടുത്തുന്നത് നമ്മുടെ പ്രാർത്ഥനയിലൂടെയാണ്. സജീവപങ്കാളിത്തത്തോടെയുള്ള വിശുദ്ധകുർബാനയർപ്പണമാണ് ഏറ്റവും ഉൽകൃഷ്ടമായ പ്രാർത്ഥനയും ആരാധനയും. ഈ നോമ്പുകാലത്തിൽ, കുടുംബാംഗങ്ങളെല്ലാവരും കുമ്പസാരിച്ച്, സാധിക്കുന്ന എല്ലാ ദിവസവും യോഗ്യതയോടെ വിശുദ്ധകുർബാന സ്വീകരിക്കുവാൻ സാധിച്ചാൽ ആ കുടുംബത്തിനു ദൈവം നൽകുന്ന അനുഗ്രഹങ്ങളും അഭിവൃദ്ധിയും സമൃദ്ധമായിരിക്കും. ലോകത്തെ അത്രമാത്രം സ്നേഹിച്ച ദൈവം തന്റെ പുത്രനായ ഈശോയെ നമുക്കു നൽകിയത് (യോഹ. 3:16) 'നമുക്ക് ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകുന്നുമാണ്' (യോഹ.10:10). സ്വർഗ്ഗത്തിൽ നിന്നിറങ്ങി

വന്ന ഈശോ ഓരോ കുർബാനയിലും ജീവനുള്ള അപ്പമായ് തന്റെ ശരീരവും രക്തവും നമുക്കു പങ്കുവെക്കുന്നു(യോഹ 6:50–51). എത്രമാത്രം ദൈവം നമ്മെ സ്നേഹിക്കുന്നുവെന്നും ആ സ്നേഹം നമുക്ക് അനുഭവമാകാൻ ദൈവം എത്രമാത്രം തന്നെത്തന്നെ ശൂന്യനാക്കിയെന്നും, കുരിശുമരണംവരെ എത്രമാത്രം അനുസരണമുള്ളവനായി തന്നെതന്നെ താഴ്ത്തിയെന്നും (ഫിലി2:6–8), പെസഹാവ്യാഴാഴ്ചയിലെ കാൽകഴുകൽ ശുശ്രൂഷയും വിശുദ്ധ കുർബ്ബാന സ്ഥാപനാനുസ്മരണവും നമ്മെ ഓർമ്മപ്പെടുത്തുന്നു.

ദൈവസ്നേഹത്തിൽ വളരുവാൻ പരിശ്രമിക്കുന്നതോടൊപ്പം പരസ്നേഹത്തിലും വളരുവാൻ നോമ്പുകാലത്തിൽ നാം ശ്രദ്ധിക്കേണ്ടതുണ്ട്. പരസ്പരം സ്നേഹിക്കുവാനുള്ള ബാലപാഠങ്ങൾ നാം സ്വാംശീകരിക്കുന്നത് ഗാർഹികസഭയായ കുടുംബത്തിൽ നിന്നാണ്. മാതാപിതാക്കളുടെ സ്നേഹം മക്കൾ അനുഭവിച്ചറിയുമ്പോഴും മക്കളിൽ നിന്നുള്ള സ്നേഹബഹുമാനങ്ങൾ മാതാപിതാക്കൾ അനുഭവിച്ചറിയുമ്പോഴും നാം ജീവിക്കുന്ന സമൂഹത്തെ സ്നേഹ കൂട്ടായ്മയായി രൂപപ്പെടുത്താൻ കുടുംബങ്ങൾ വഴിയൊരുക്കുന്നു. കുടുംബങ്ങളിൽ നിന്നും സംലഭ്യമാകേണ്ട ഇക്കാര്യങ്ങൾ അന്യംനിന്നു പോകുന്നതിന്റെ തിക്തഫലങ്ങൾ ഇന്ന് സഭാസമൂഹത്തിലും പൊതുസമൂഹത്തിലും നാം അനുഭവിക്കുന്നു. കുടുംബങ്ങളിലുള്ള ബന്ധം കൂട്ടിയുറപ്പിക്കാൻ ഈ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം. അതിനു നമ്മെ സഹായിക്കുന്ന ഒരു പ്രധാധ മാർഗ്ഗമാണ് കുടുംബപ്രാർത്ഥന. കുടുംബാംഗങ്ങളെല്ലാവരും ഒന്നുചേർന്ന് കുടുംബപ്രാർത്ഥന ചൊല്ലുമ്പോൾ കുടുംബത്തിൽ ഇമ്പവും സമാധാനവും ഐശ്വര്യവും നിറയുമെന്നത് ഉറപ്പാണ്. നമ്മൾ നടത്തുന്ന കുരിശിന്റെ വഴിയും കരുണയുടെ ജപമാലയും മറ്റും ദൈവത്തോടുള്ള ബന്ധം മാത്രമല്ല, കുടുംബങ്ങൾ തമ്മിലും ഇടവകാംഗങ്ങൾ തമ്മിലും സ്നേഹവും ബന്ധവും വളർത്തുന്നതിന് സഹായകമാണ്.

ധൂർത്ത പുത്രന്റെ മനോഭാവത്തോടെ തെറ്റു തിരുത്തി പിതാവിന്റെ ഭവനത്തിലേക്ക് തിരിച്ചുവരുവാനുള്ള അനുയോജ്യമായ സമയമാണ് നോമ്പുകാലം (ലൂക്കാ 15:11–32). പശ്ചാത്താപം പ്രാശ്ചിത്തത്തിലേക്കും പരിത്യാഗത്തിലേക്കും പരോപകാരത്തിലേക്കും നയിക്കുന്നു. സമയവും സമ്പത്തും സന്മനസ്സോടെ പങ്കുവെക്കുന്നതും സഹോദരർക്ക് സാന്ത്വനവും സന്തോഷവും പകരുന്നതും പരിത്യാഗപ്രവർത്തികളാണ്. നോമ്പിന്റെ കാതൽ സ്നേഹമാകയാൽ സഹോദരങ്ങളുടെ കണ്ണീരിലും വേദനയിലും പങ്കുപറ്റി അവരുടെ ശാരീരികവും മാനസികവും ആത്മീയവും വൈകാരികവുമായ സമഗ്രവളർച്ചക്ക് നാം നൽകുന്ന ഓരോ ചില്ലിക്കാശും വിധവയുടെ കൊച്ചുക്കാശുപോലെ ദൈവ

സന്നിധിയിൽ വിലപ്പെട്ടതാണ് (ലൂക്കാ 21: 1–4). ഈശോ കാണിച്ചുതന്ന കാരുണ്യത്തിലൂന്നിയ ജീവിതശൈലി ഈ നോമ്പുകാലത്ത് നമുക്കും സ്വന്തമാക്കാം (മത്താ 25:40).

പ്രേഷിത ആദ്ധ്യാത്മികതയിൽ സ്വയം വളരുവാനും മറ്റുള്ളവരെ വളർത്തുവാനും ഈ നോമ്പുകാലം സഹായകമാകണം. പരിശുദ്ധാത്മാവിനാൽ ശക്തി സംഭരിച്ച് ലോകത്തിന്റെ അതിർത്തികൾവരെ സാക്ഷ്യം വഹിക്കാനും (അപ്പ 1:8) ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവാനുമാണ് (മാർക്കോ 14:15, മത്താ 28: 19–20) യേശു നമ്മെ ഭരമേല്പിച്ചിരിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പ 2019 ഒക്ടോബറിലെ അസാധാരണ മിഷൻ മാസത്തിൽ പറഞ്ഞതുപോലെ 'മാമ്മോദീസാ സ്വീകരിച്ച എല്ലാവരും മിഷനറിമാരായി അയക്കപ്പെട്ടവരാണ്'. ഈ വർഷം കേരളസഭ മിഷൻ വർഷമായി ആചരിക്കുമ്പോൾ ഓരോ ഇടവകയിലും പാരിഷ് മിഷൻ പ്രോഗ്രാം രൂപപ്പെടുത്തി ഇടവകാംഗങ്ങളിൽ പ്രേഷിതാഭിമുഖ്യം വളർത്തുവാൻ ഉതകുന്ന പ്രവർത്തന പദ്ധതികൾ സംഘടിപ്പിക്കുന്നത് അഭികാമ്യമാണ്. പ്രേഷിതാഭിമുഖ്യമുള്ള അജപാലന ശുശ്രൂഷാശൈലി പണിതുയർത്തുന്നതിനായി ഇടവകയിലെ പാക്ട് (PACT) അംഗങ്ങളുടേയും കൈക്കാരന്മാരുടേയും പ്രതിനിധി യോഗാംഗങ്ങളുടെയും കുടുംബകൂട്ടായ്മ ഭാരവാഹികളുടേയും നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നത് സഹായകമാണ്. ഇത്തരുണത്തിൽ, ഫ്രാൻസീസ് മാർപാപ്പാ *സുവിശേഷത്തിന്റെ സന്തോഷം* എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ സഭയിലും സഭാമക്കളിലും ഉണ്ടാകേണ്ട പ്രേഷിത ചൈതന്യത്തെകുറിച്ച് പറഞ്ഞ ആഹ്വാനം ശ്രദ്ധേയമാണ്: "സഭയുടെ ആചാരങ്ങളും പ്രവർത്തന ശൈലിയും സമയങ്ങളും സമയക്രമീകരണങ്ങളും ഭാഷയും സംവിധാനങ്ങളും സ്വന്തം സംരക്ഷണത്തിന് എന്നതിനേക്കാൾ ഇന്നത്തെലോകത്തിന്റെ സുവിശേഷവത്കരണത്തിനായി തിരിച്ചുവിടുന്നതിനു വേണ്ടി എല്ലാം പരിവർത്തനം ചെയ്യിക്കാൻ കഴിവുള്ള പ്രേഷിതത്വ പ്രചോദനം ഞാൻ സ്വപ്നം കാണുന്നു'' (no.27). മാർപാപ്പയുടെ ഈ സ്വപ്നം സാക്ഷാത്കരിക്കുംവിധം ഇപ്പോൾ തൃശൂർ അതിരൂപത മുൻകൈ എടുത്തു നടത്തുന്ന പ്രേഷിതപ്രവർത്തന മേഖലകൾ നിങ്ങൾക്ക് പരിചിതമാണെന്ന് ഞാൻ കരുതുന്നു. അതിരൂപതയിലെ സുവിശേഷവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ക്രിയാത്മാകമാക്കുന്നതിനും ഞാൻ ഒരു പുതിയ കമ്മീഷൻ (Commission for Evangelization ) രൂപപ്പെടുത്തിയിട്ടുണ്ട്. ഷംഷാബാദ് രൂപതിയിലെ വിശാഖപട്ടണം മേഖലയിലും രാമനാഥപുരം രൂപതയിലെ ട്രിച്ചി –തഞ്ചാവൂർ

മേഖലയിലും അജപാലന പ്രേഷിതത്വം ഏറ്റെടുത്തുകൊണ്ട് നമ്മുടെ അതിരൂപത മുന്നോട്ടിറങ്ങുന്നു. 2020 ഏപ്രിൽ 24–26 തിയ്യതികളിൽ ഫിയാത്ത് മിഷൻ കോൺഗ്രസ് തൃശ്ശൂരിൽവെച്ച് നടക്കുന്നുണ്ട്. സീറോ മലബാർ സഭയുടെ മിഷൻ കോൺഗ്രസ് 2020 സെപ്റ്റംബർ– ഒക്ടോബർ മാസത്തിൽ നടത്താൻ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

ഈ അവസരത്തിൽ വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹാ ആരംഭം കുറിച്ച പാലയൂരിലെ തീർത്ഥകേന്ദ്രത്തെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥ കേന്ദ്രമായി സീറോ മലബാർ സിനഡ് ഉയർത്തിയിരിക്കുന്നു എന്ന സന്തോഷ വാർത്ത നിങ്ങളെ അറിയിക്കട്ടെ. പാലയൂർ മഹാതീർത്ഥാടന ദിവസമായ 2020 മാർച്ച് 29–ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്കുള്ള പരി. കുർബ്ബാനയോടു കൂടി സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഈ പ്രഖ്യാപനം നടത്തുന്നതാണ്. പൂർണ്ണ ദണ്ഡവിമോചനം ലഭിക്കുന്ന അന്നത്തെ തിരുക്കർമ്മങ്ങളിലേക്ക് നിങ്ങളേവരേയും ക്ഷണിക്കുന്നു.

ചാരംപൂശി ആരംഭിക്കുന്ന ഈ വലിയനോമ്പ് ജീവിതനവീകരണത്തിന്റെ അനുഗ്രഹദായകമായ അവസരമാകട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങൾക്കേവർക്കും മുൻകൂട്ടി ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 2020 മാർച്ച് 1–ാം തിയ്യതി ഞായറാഴ്ച്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബ്ബാന മദ്ധ്യേ വായിക്കണം. +AT

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

മാർച്ച് 2020

1 : **നോമ്പ് രണ്ടാം ഞായർ**
6 : ആദ്യവെള്ളി
8 : **നോമ്പ് മൂന്നാം ഞായർ**
15 : **നോമ്പ് നാലാം ഞായർ**
18 : ജറുസലെമിലെ വി. സിറിൾ
19 : വി. യൗസേപ്പിതാവിന്റെ മരണതിരുനാൾ
22 : **നോമ്പ് അഞ്ചാം ഞായർ**
25 : മംഗളവാർത്ത തിരുനാൾ
29 : **നോമ്പ് ആറാം ഞായർ**

### 2. മാർച്ച് മാസത്തെ പരിപാടികൾ

| | | | | |
|---|---|---|---|---|
| മാർച്ച് | 02 | : | 02:30 pm | ഫൊറോനവികാരിമാരുടെ യോഗം |
| | 04-05 | : | | പ്രഥമവികാരിമാർക്കുള്ള കോഴ്സ് |
| | 14 | : | 09:30 am | പാസ്റ്ററൽ കൗൺസിൽ |
| | 19 | : | 10:30 am | അതിരൂപത ആലോചനസമിതിയോഗം |
| | 21 | : | 02:00 pm | കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും യോഗം |
| | 26 | : | 02:00 pm | ചെറുപട്ടങ്ങൾ |
| | 29 | : | | പാലയൂർ തീർത്ഥാടനം |

### 3. സ്വാഗതം

ഉപരിപഠനത്തിനും, മറ്റു രൂപതകളിൽ സേവനത്തിനും ശേഷം തിരിച്ചു വന്നിരിക്കുന്ന അതിരൂപത വൈദികർക്കും അതിരൂപതയിൽ സേവനത്തിനായി എത്തിയിരിക്കുന്ന സന്യാസവൈദികർക്കും സ്വാഗതം: ഫാ. ഡഗ്ലസ് ചെറുവത്തൂർ, ഫാ. ലിൻസൺ തട്ടിൽ, ഫാ. സിറിയക് ചാലിശ്ശേരി, ഫാ. ഷിന്റോ പാറയിൽ, ഫാ. ബിജു കണ്ണമുണ്ടയിൽ CMF, ഫാ. ധിബിൻ തെക്കയിൽ CMI, ഫാ. ജെബിൻ ജോസ് ആട്ടോക്കാരൻ CMI, ഫാ. മേജോ ചക്കുംപീടിക CMI



4. **നന്ദി:**
അതിരൂപതയിലെ സേവനത്തിനുശേഷം തിരിച്ചുപോകുന്ന എല്ലാ ബഹു. വൈദികർക്കും അതിരൂപതയുടെ അകൈതവമായ നന്ദി: ഫാ. സതീഷ് കാഞ്ഞിരപറമ്പിൽ SDV, ഫാ. ബിജു നൈമണ്ണിൽ CSJBP, ഫാ. മാർട്ടിൻ പൂണോലി CSJBP, ഫാ. ബോബി തറക്കുന്നേൽ O.Carm, ഫാ. റോബിൻ ചമ്പന്നൂക്കാരൻ ISch, ഫാ. സഖറിയാസ് പീറ്റർ ചെറക്കൽ MSFS, ഫാ. അഗസ്റ്റിൻ ഊന്നുകല്ലിൽ VC, ഫാ. അനീഷ് പുത്തൻപുരക്കൽ, ഫാ. നവീൻ ചാലിശ്ശേരി CMI, ഫാ. ഷൈസൻ പൊറത്തൂർ CMI, ഫാ. ജോബിൻ തൂങ്കുഴിയിൽ TOR.

5. **ആശംസ :**
അതിരൂപതയിൽ നിന്ന് സേവനത്തിനായി പോകുന്ന ബഹു. വൈദികർക്ക് അതിരൂപതയുടെ പ്രാർത്ഥനാനിർഭരമായ ആശംസകൾ: ഫാ. ബാബു പാണാട്ടുപറമ്പിൽ (റോം), ഫാ. സനോജ് അറങ്ങാശ്ശേരി (വിശാഖപട്ടണം), ഫാ. അനീഷ് നെല്ലിക്കൽ (ഇംഗ്ലണ്ട്), ഫാ. ബെസ്റ്റിൻ കാക്കശ്ശേരി (ജർമ്മനി), ഫാ. ഷാജൻ ചീരമ്പൻ (രാമനാഥപുരം), ഫാ. ആന്റണി മേച്ചേരിപ്പടി (രാമനാഥപുരം), ഫാ. വിൻസെന്റ് കണിമംഗലത്തുകാരൻ (കല്ല്യാൺ), ഫാ. റാഫി തട്ടിൽ (വിശാഖപട്ടണം), ഫാ. ജെയ്സൻ വടക്കേത്തല (ജർമ്മനി), ഫാ. ജെയ്സൻ വട്ടനിരപ്പേൽ (ജർമ്മനി).

6. **വൈദികക്ഷേമനിധി:**
സ്ഥാപനങ്ങളിലും കോൺവെന്റുകളിലും സേവനം ചെയ്യുന്ന വൈദികർക്ക് വേണ്ടി വൈദികക്ഷേമനിധിയിലേക്ക് അടക്കേണ്ട വിഹിതങ്ങൾ മാർച്ച് 31–ന് മുമ്പ് അടച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്ഥാപനങ്ങളുടെയും കോൺവെന്റുകളുടെയും അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

7. **പാലയൂർ മഹാതീർത്ഥാടനം:**

2020 മാർച്ച് 29–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേ ദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

8. **പട്ടങ്ങൾ:**

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വൈദികപരിശീലനത്തിലായിരിക്കുന്ന ശെമ്മാശന്മാർ 2020 മാർച്ച് 26ന് കാറോയ, ഹെവ്പ്പദ്യാക്ക്ന, മ്ശംശാന പട്ടങ്ങൾ സ്വീകരിക്കുന്നു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് 2:00ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് തിരുകർമ്മങ്ങൾ ആരംഭിക്കും. ബഹു. ശെമ്മാശ്ശന്മാരെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

9. **ദൈവദർശൻ ക്യാമ്പുകൾ:**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ.സി.സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2020 ഏപ്രിൽ 2 മുതൽ മെയ് 2 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ടതാണ്.

10. **ദൈവവിളിവാരാചരണം:**

2020 ഏപ്രിൽ 13 മുതൽ 17 വരെയാണ് നാം ദൈവവിളി വാരാചരണം നടത്തുന്നത്. ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കാനും നല്ല ദൈവവിളികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനും എല്ലാവരും

പ്രത്യേകം താത്പര്യം കാണിക്കണം. പതിവുപോലെ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് രാവിലെ 9:30 മുതൽ ഉച്ച തിരിഞ്ഞ് 3:30 വരെ പ്രാർത്ഥന–ഉപവാസയജ്ഞം നടക്കും. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**11. ദൈവവിളിക്യാമ്പുകൾ:**

എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി വെവ്വേറെ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. 2020 ഏപ്രിൽ 13, 14 തീയതികളിൽ ഡി.ബി.സി.എൽ. സി. യിൽ വച്ച് പെൺകുട്ടികൾക്കുള്ള ക്യാമ്പും, 2020 ഏപ്രിൽ 13–15; 16–18 എന്നീ തീയതികളിൽ രണ്ട് ബാച്ചുകളിലായി മഡോണനഗർ മൈനർ സെമിനാരിയിൽ വച്ച് ആൺകുട്ടികൾക്കായുള്ള ക്യാമ്പുകളും നടത്തപ്പെടും. ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിച്ച് ദൈവവിളി ക്യാമ്പുകളിൽ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കണം. വിശദാംശങ്ങൾ നോട്ടീസിലൂടെ അറിയിക്കുന്നതാണ്.

**12. കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**13. മിഷൻ സൺഡെ കളക്ഷൻ:**

2019 ലെ മിഷൻ സൺഡെ കളക്ഷൻ 2020 മാർച്ച് 31നു മുമ്പ് അതിരൂപത ഫിനാൻസ് ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മാർച്ച് 31നു മുമ്പ് മിഷൻ സൺഡെ കളക്ഷൻ കൊടുക്കുന്ന പള്ളികളും സ്ഥാപനങ്ങളും മാത്രമെ സമ്മാനത്തിനു പരിഗണിക്കപ്പെടുകയുള്ളൂ.

**14. വൈദികനിയമനം:**

**a)** തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ സ്ഥലമാറ്റം: പ്രാബല്യം 06–02–2020 മുതൽ

1. റവ. ഫാ. പാണാട്ടുപറമ്പിൽ ബാബു: റോമിൽ സേവനാനുമതി; വികാരി അരണാട്ടുകര, കപ്ലോൻ സി.എച്ച്.എഫ്. മഠങ്ങൾ; മേരിമാത സെമിനാരിയിലെ ഉത്തരാവാദിത്വം എന്നിവ ഒഴിവായി.
2. റവ. ഫാ. തേർമഠം സൈമൺ: വികാരി അരണാട്ടുകര, കപ്ലോൻ സി.എച്ച്.എഫ്. മഠങ്ങൾ; വികാരി കല്ലൂർ പടിഞ്ഞാറ്, കപ്ലോൻ സി.എസ്.സി. ഒഴിവായി.
3. റവ. ഫാ. ചിറമ്മൽ ജോളി: വികാരി കല്ലൂർ പടിഞ്ഞാറ്, കപ്ലോൻ സി.എസ്.സി.; വികാരി മുക്കാട്ടുകര; കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
4. റവ. ഫാ. തേക്കാനത്ത് പോൾ: വികാരി മുക്കാട്ടുകര; കപ്ലോൻ

സി.എച്ച്.എഫ്.; വികാരി ചിറ്റിലപ്പിള്ളി, കപ്ലോൻ എസ്.ഡി. ഒഴിവായി.

5. റവ. ഫാ. മുത്തുപ്പീടിക റാഫേൽ: വികാരി ചിറ്റിലപ്പിള്ളി, കപ്ലോൻ എസ്.ഡി.; വികാരി കോട്ടപ്പടി, കപ്ലോൻ സി.എം.സി. ഒഴിവായി.
6. റവ. ഫാ. കാഞ്ഞിരത്തിങ്കൽ വർഗ്ഗീസ്: വികാരി കോട്ടപ്പടി, കപ്ലോൻ സി. എം. സി.; വികാരി ചെവ്വൂർ, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
7. റവ. ഫാ. ചുള്ളിക്കാടൻ ജോബി: വികാരി ചെവ്വൂർ, കപ്ലോൻ സി.എച്ച്.എഫ്.; വികാരി ചേരുംകുഴി, കപ്ലോൻ എസ്.ഡി. & എസ്.എൻ.ഡി.എസ്. മഠങ്ങൾ ഒഴിവായി.
8. റവ. ഫാ. വേലൂക്കാരൻ തോമസ്: വികാരി ചേരുംകുഴി, കപ്ലോൻ എസ്.ഡി. & എസ്.എൻ.ഡി.എസ്. മഠങ്ങൾ; വികാരി പാത്രമംഗലം ഒഴിവായി.
9. റവ. ഫാ. കുറ്റിക്കാട്ട് ജിന്റോ: നടത്തുവികാരി പാത്രമംഗലം; സഹവികാരി വേലൂർ ഒഴിവായി.
10. റവ. ഫാ. അറങ്ങാശ്ശേരി സനോജ്: വിശാഖപട്ടണം മിഷൻ; വികാരി തണ്ടിലം, കപ്ലോൻ എസ്.ജെ.എസ്.എം. ഒഴിവായി.
11. റവ. ഫാ. വടക്കേത്തല തോമസ്: വികാരി തണ്ടിലം, കപ്ലോൻ എസ്.ജെ.എസ്.എം.; വികാരി പെരിങ്ങോട്ടുകര, കപ്ലോൻ എഫ്.സി.സി. മഠങ്ങൾ ഒഴിവായി.
12. റവ. ഫാ. വാഴപ്പിള്ളി ടോണി: വികാരി പെരിങ്ങോട്ടുകര, കപ്ലോൻ എഫ്.സി.സി. മഠങ്ങൾ; വികാരി തയ്യൂർ, കപ്ലോൻ എസ്.എ.ബി.എസ്. ഒഴിവായി.
13. റവ. ഫാ. അറങ്ങാശ്ശേരി സലീഷ്: വികാരി തയ്യൂർ, കപ്ലോൻ എസ്.എ.ബി.എസ്.; വികാരി സരിതപുരം & വരവൂർ ഒഴിവായി.
14. റവ. ഫാ. മേനാച്ചേരി ആന്റണി: നടത്തുവികാരി സരിതപുരം & വരവൂർ; സഹവികാരി നടത്തറ ഒഴിവായി.
15. റവ. ഫാ. നെല്ലിക്കൽ അനീഷ്: ഇംഗ്ലണ്ടിൽ സേവനം; വികാരി ചൊവ്വന്നൂർ, കപ്ലോൻ സി.എസ്.സി. മഠങ്ങൾ ഒഴിവായി.
16. റവ. ഫാ. എടത്തിരുത്തി ജോജോ: വികാരി ചൊവ്വന്നൂർ, കപ്ലോൻ സി.എസ്.സി. മഠങ്ങൾ; വികാരി കിരാലൂർ, കപ്ലോൻ സി.എസ്.എൻ. ഒഴിവായി.
17. റവ. ഫാ. പുത്തിരി ഫ്രാങ്കോ: വികാരി കിരാലൂർ, കപ്ലോൻ സി.എസ്.എൻ.; വികാരി പൊറത്തൂർ, കപ്ലോൻ എഫ്.സി.സി. ഒഴിവായി.

18. റവ. ഫാ. കൂനംപ്ലാക്കൽ ജാക്സൺ: വികാരി പൊറത്തൂർ, കപ്ലോൻ എഫ്.സി.സി.; വികാരി ആറ്റുപുറം ഒഴിവായി.
19. റവ. ഫാ. ചെറടായി ജിയോ: നടത്തുവികാരി ആറ്റുപുറം; സഹവികാരി തൃശ്ശൂർ ബസിലിക്ക ഒഴിവായി.
20. റവ. ഫാ. പയ്യപ്പിള്ളി പോൾ: റിട്ടയർമെന്റ്, സീനിയർ പ്രീസ്റ്റ് ഏനാമ്മാവ്; വികാരി ചേർപ്പ്, കപ്ലോൻ എഫ്.സി.സി. മഠങ്ങൾ ഒഴിവായി.
21. റവ. ഫാ. പൂവ്വത്തിങ്കൽ പ്രിൻസ്: വികാരി ചേർപ്പ്, കപ്ലോൻ എഫ്.സി.സി. മഠങ്ങൾ; വികാരി വലപ്പാട്, കപ്ലോൻ സി.എം.സി. ഒഴിവായി.
22. റവ. ഫാ. അപ്പാടൻ ബാബു: വികാരി വലപ്പാട്, കപ്ലോൻ സി.എം.സി.; വികാരി മുള്ളൂർക്കര, കപ്ലോൻ സി.എം.സി. & എസ്.സി.സി., അസി. മാനേജർ മഹാജൂബിലി ട്രെയിനിംഗ് കോളേജ്, ഇൻ ചാർജ്ജ് എക്സിക്യൂട്ടീവ് സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ് ഒഴിവായി.
23. റവ. ഫാ. ചിറ്റിലപ്പിള്ളി ഷിജു: വികാരി മുള്ളൂർക്കര, കപ്ലോൻ സി.എം.സി. & എസ്.സി.സി., അസി. മാനേജർ മഹാജൂബിലി ട്രെയിനിംഗ് കോളേജ്, ഇൻ ചാർജ്ജ് എക്സിക്യൂട്ടീവ് സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ്, ലോക്കൽ മാനേജർ അതിരൂപത എസ്റ്റേറ്റ്; വികാരി ചിറക്കേക്കോട്, കപ്ലോൻ എസ്.എ.ബി. ഒഴിവായി.
24. റവ. ഫാ. സിറിയക് ചാലിശ്ശേരി: വികാരി ചിറക്കേക്കോട്, കപ്ലോൻ എസ്.എ.ബി., ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി.
25. റവ. ഫാ. മുണ്ടൻകുരിയൻ റെന്നി: പ്രീസ്റ്റ്–ഇൻ–ചാർജ്ജ് നാട്ടിക ഒഴിവായി.
26. റവ. ഫാ. കാക്കശ്ശേരി ബെസ്റ്റിൻ: ജർമ്മനിയിൽ സേവനം; വികാരി കരുമത്ര, കപ്ലോൻ എസ്.എൽ.എം.ഐ. ഒഴിവായി.
27. റവ. ഫാ. മാറോക്കി ഡെന്നിസ്: വികാരി കരുമത്ര, കപ്ലോൻ എസ്.എൽ.എം.ഐ.; വികാരി നന്തിപുലം (ആറ്റപ്പിള്ളി) ഒഴിവായി.
28. റവ. ഫാ. ഒലക്കേങ്കിൽ ദിജോ: വികാരി നന്തിപുലം (ആറ്റപ്പിള്ളി), കപ്ലോൻ എസ്.എൽ. എം.ഐ; പ്രീസ്റ്റ്–ഇൻ–ചാർജ്ജ് കാക്കശ്ശേരി ഒഴിവായി.
29. റവ. ഫാ. പൊന്തേക്കൻ സിന്റോ: പ്രീസ്റ്റ്–ഇൻ–ചാർജ്ജ് കാക്കശ്ശേരി, പാവറട്ടിയിൽ സഹായി, കാക്കശ്ശേരിയിൽ താമസം; സഹവികാരി പാലയൂർ ഒഴിവായി.

30. റവ. ഫാ. ചിരിയങ്കണ്ടത്ത് ജിയോ: രാമനാഥപുരം രൂപതയിൽ സേവനം – ട്രിച്ചി & തഞ്ചാവൂർ സഹായി.
31. റവ. ഫാ. ചീരമ്പൻ ഷാജൻ: രാമനാഥപുരം രൂപതയിൽ സേവനം – ട്രിച്ചി & തഞ്ചാവൂർ; വികാരി പുതുരുത്തി, കപ്ലോൻ എസ്.ഡി.വി. ഒഴിവായി.
32. റവ. ഫാ. കൂത്തൂർ ഫെബിൻ: വികാരി പുതുരുത്തി, കപ്ലോൻ എസ്.ഡി.വി. കൂടി; വികാരി കടങ്ങോട് ഒഴിവായി.
33. റവ. ഫാ. ചിറമ്മൽ ഡേവിസ് ജൂനിയർ: വികാരി കടങ്ങോട്; വികാരി വൈലത്തൂർ, കപ്ലോൻ എഫ്.സി.സി. ഒഴിവായി.
34. റവ. ഫാ. കുണ്ടുകുളങ്ങര ജോവി: വികാരി വൈലത്തൂർ, കപ്ലോൻ എഫ്.സി.സി.; വികാരി തങ്ങാലൂർ, കപ്ലോൻ ഡി.പി.എം. ഒഴിവായി.
35. റവ. ഫാ. ചിറ്റിലപ്പിള്ളി ജോഫി: വികാരി തങ്ങാലൂർ, കപ്ലോൻ ഡി.പി.എം.; വികാരി മരോട്ടിച്ചാൽ, കപ്ലോൻ സി.എസ്.എൻ., എസ്.എ.ബി.എസ്. ഒഴിവായി.
36. റവ. ഫാ. താണിക്കൽ മനോജ്: വികാരി മരോട്ടിച്ചാൽ, കപ്ലോൻ സി.എസ്.എൻ., എസ്.എ.ബി.എസ്.; വികാരി കിഴ്പ്പുള്ളിക്കര, ഡയറക്ടർ സെന്റ് മേരീസ് പ്രെയർ സെന്റർ ഒഴിവായി.
37. റവ. ഫാ. വടക്കേത്തല സജു: വികാരി കിഴ്പ്പുള്ളിക്കര, ഡയറക്ടർ സെന്റ് മേരീസ് പ്രെയർ സെന്റർ; വികാരി കോനിക്കര, ആബാ ധ്യാനകേന്ദ്രത്തിലെ ഉത്തരവാദിത്വങ്ങൾ ഒഴിവായി.
38. റവ. ഫാ. ആലപ്പാട്ട് ബിജു: വികാരി കോനിക്കര കൂടി; വികാരി ആമ്പക്കാട്, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
39. റവ. ഫാ. കുരിശ്ശേരി ഇട്ട്യേച്ചൻ: വികാരി ആമ്പക്കാട്, കപ്ലോൻ സി.എച്ച്.എഫ്.; വികാരി കണ്ണാറ, കപ്ലോൻ എഫ്.സി.സി. & ആർ.ജി.എസ്. മഠങ്ങൾ ഒഴിവായി.
40. റവ. ഫാ. ഊക്കൻ വർഗ്ഗീസ്: വികാരി കണ്ണാറ, കപ്ലോൻ എഫ്.സി.സി. & ആർ.ജി.എസ്. മഠങ്ങൾ; വികാരി കൂട്ടാല ഒഴിവായി.
41. റവ. ഫാ. എടക്കളത്തൂർ തോമസ്: വികാരി കൂട്ടാല; വികാരി മാന്ദാമംഗലം ഒഴിവായി.
42. റവ. ഫാ. ചിരിയങ്കണ്ടത്ത് ജിൻസൻ: വികാരി മാന്ദാമംഗലം, അസി. ഡയറക്ടർ എക്സെൽ അക്കാദമി; നടത്തുവികാരി പൂങ്കുന്നം, കപ്ലോൻ സി.എസ്.സി. ഒഴിവായി.
43. റവ. ഫാ. വെട്ടത്ത് മാത്യു: വികാരി പൂങ്കുന്നം, കപ്ലോൻ സി.എസ്.സി., അഡ്ജൂട്ടന്റ് ജുഡീഷ്യൽ വികാർ കൂടി; വികാരി വടൂക്കര, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.

44. റവ. ഫാ. തറയിൽ ഡെമിൻ: വികാരി വടൂക്കര, കപ്ലോൻ സി.എച്ച്.എഫ്. കൂടി; വികാരി നല്ലെങ്കര, കപ്ലോൻ ഡി.ഡി.പി. ഒഴിവായി.

45. റവ. ഫാ. കുറ്റിക്കോട്ടയിൽ മാത്യു: ജുഡീഷ്യൽ വികാർ, വികാരി നല്ലെങ്കര, കപ്ലോൻ ഡി.ഡി.പി., സെക്രട്ടറി മാതാജീവൻ ട്രസ്റ്റ്; ചാൻസലർ, കപ്ലോൻ എം.ഐ.എഫ്. സി.സി. ഒഴിവായി.

46. റവ. ഫാ. തലക്കോടൻ ഡൊമിനിക്: ചാൻസലർ, കപ്ലോൻ അസ്സീസി എഫ്.സി.സി.: റെക്ടർ മൈനർസെമിനാരി, വൊക്കേഷൻ പ്രൊമോട്ടർ ഒഴിവായി.

47. റവ. ഫാ. വാഴപ്പിള്ളി ഫ്രാൻസിസ് ജൂനിയർ (ടിങ്കിൾ): റെക്ടർ മൈനർസെമിനാരി, വൊക്കേഷൻ പ്രൊമോട്ടർ; റെക്ടർ സെന്റ് പോൾ ഗുരുകുലം ഒഴിവായി.

48. റവ. ഫാ. പുത്തൂർ ജോയ്: റെക്ടർ ഗുരുകുലം; വികാരി തിരുവില്ല്വാമല, കപ്ലോൻ എസ്. കെ. ഡി., മാനേജർ തിരുവില്ല്വാമല & തൊഴുപ്പാടം എസ്റ്റേറ്റ്, പ്രൊക്യുറേറ്റർ & സ്പിരിച്ചൽ ഫാദർ ഗുരുകുലം ഒഴിവായി.

49. റവ. ഫാ. ചെറുവത്തൂർ ഡഗ്ലസ് പീറ്റർ: വികാരി തിരുവില്ല്വാമല, കപ്ലോൻ എസ്. കെ. ഡി., മാനേജർ തിരുവില്ല്വാമല & തൊഴുപ്പാടം എസ്റ്റേറ്റ്, പ്രൊക്യുറേറ്റർ & സ്പിരിച്ചൽ ഫാദർ ഗുരുകുലം.

50. റവ. ഫാ. ചിറ്റിലപ്പിള്ളി വിൻസെന്റ്: ജഡ്ജ് മെത്രാപ്പോലീത്തൻ കോടതി കൂടി, ജുഡീഷ്യൽ വികാർ ഒഴിവായി.

51. റവ. ഫാ. ചേലപ്പാടൻ ജോർജ്ജ് : റിട്ടയർമെന്റ്, സീനിയർ പ്രീസ്റ്റ് കുരിയച്ചിറ; വികാരി കാരമുക്ക്, കപ്ലോൻ എസ്.എഫ്.എൻ. ഒഴിവായി.

52. റവ. ഫാ. അറങ്ങാശ്ശേരി ജോസ്: വികാരി കാരമുക്ക്, കപ്ലോൻ എസ്.എഫ്.എൻ.; വികാരി പുറനാട്ടുകര, കപ്ലോൻ എം.എൽ.എഫ്. ഒഴിവായി.

53. റവ. ഫാ. പനക്കൽ ജോജു: വികാരി പുറനാട്ടുകര, കപ്ലോൻ എം.എൽ.എഫ്.; വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്.എം.ഡി.എ. & ഉർസുലൈൻ ഒഴിവായി.

54. റവ. ഫാ. പാറയിൽ ഷിന്റോ: വികാരി കുണ്ടന്നൂർ, കപ്ലോൻ എഫ്.എം.ഡി.എ. & ഉർസുലൈൻ.

55. റവ. ഫാ. വട്ടനിരപ്പേൽ ജെയ്സൻ: ജർമ്മനിയിൽ സേവനം; വികാരി വരാക്കര നോർത്ത്, കപ്ലോൻ എം.എസ്.എം.ഐ. ഒഴിവായി.

56. റവ. ഫാ. ഊക്കൻ ജോൺസൻ: വികാരി വരാക്കര നോർത്ത്, കപ്ലോൻ എം.എസ്.എം.ഐ.; വികാരി മണലാടി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
57. റവ. ഫാ. ചെറുവത്തൂർ സിജോ: വികാരി മണലാടി, കപ്ലോൻ സി.എച്ച്.എഫ്. കൂടി; നടത്തുവികാരി ചെറുതുരുത്തി ഒഴിവായി.
58. റവ. ഫാ. മേച്ചേരിപ്പടി ആന്റണി: രാമനാഥപുരം രൂപതയിൽ സേവനം; വികാരി പഴയന്നൂർ, കപ്ലോൻ സി.എസ്.എം. ഒഴിവായി.
59. റവ. ഫാ. പിണ്ടിയാൻ പ്രിൻസ്: വികാരി പഴയന്നൂർ, കപ്ലോൻ സി.എസ്.എം.; വികാരി തിരുത്തിപ്പറമ്പ്, കപ്ലോൻ എഫ്.എം.എ. ഒഴിവായി.
60. റവ. ഫാ. വാഴപറമ്പിൽ ക്ലമന്റ്: വികാരി തിരുത്തിപ്പറമ്പ്, കപ്ലോൻ എഫ്.എം.എ.; വികാരി തൊയക്കാവ്, കപ്ലോൻ സി.എസ്.സി. ഒഴിവായി.
61. റവ. ഫാ. വിതയത്തിൽ റിജോ: വികാരി തൊയക്കാവ്, കപ്ലോൻ സി.എസ്.സി.; അസി. ഡയറക്ടർ ഡി.ബി.സി.എൽ.സി., കപ്ലോൻ സേക്രഡ് ഹാർട്ട് സി.എം.സി. ഒഴിവായി.
62. റവ. ഫാ. കണിമംഗലത്തുക്കാരൻ വിൻസെന്റ്: കല്യാൺ രൂപതയിൽ സേവനം; വികാരി പുതുശ്ശേരി, കപ്ലോൻ സി.എസ്.സി. ഒഴിവായി.
63. റവ. ഫാ. പാലത്തിങ്കൽ വർഗ്ഗീസ്: വികാരി പുതുശ്ശേരി, കപ്ലോൻ സി.എസ്.സി.; വികാരി തലക്കോട്ടുകര, കപ്ലോൻ എഫ്.എസ്.എം. & എസ്.എ.ബി.എസ്. ഒഴിവായി.
64. റവ. ഫാ. മൂലൻ ജോൺ: വികാരി തലക്കോട്ടുകര, കപ്ലോൻ എഫ്.എസ്.എം. & എസ്.എ.ബി.എസ്.; ഡയറക്ടർ സെന്റ് ജോസഫ് മെന്റൽ കെയർ ഹോം & സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി ഒഴിവായി.
65. റവ. ഫാ. അക്കര രാജു: ഡയറക്ടർ സെന്റ് ജോസഫ് മെന്റൽ കെയർ ഹോം & സെന്റ് ജോസഫ്സ് ഭവൻ പുല്ലഴി; വികാരി ചിയ്യാരം സേവനാലയം, കപ്ലോൻ സി.എം.സി., ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ ഒഴിവായി.
66. റവ. ഫാ. നിരപ്പുകാലയിൽ ജോർജ്ജ് തോമസ്: വികാരി ചിയ്യാരം സേവനാലയം, കപ്ലോൻ സി.എം.സി., ഡയറക്ടർ ചൈതന്യ കൗൺസിലിംഗ് സെന്റർ കൂടി; ഡയറക്ടർ നെസ്റ്റ് ഒഴിവായി
67. റവ. ഫാ. മുള്ളക്കര ടിജോ: ഡയറക്ടർ നെസ്റ്റ് കൂടി; താമസം നെസ്റ്റ്; പ്രോ–വികാരി അവണൂർ, കപ്ലോൻ ഒ.എസ്.എഫ്. തോട്ടത്തിൽ ലൈൻ ഒഴിവായി.

68. റവ. ഫാ. പാറേക്കാട്ട് ജോണി ആന്റണി: സ്പിരിച്ച്വൽ ഡയറക്ടർ ആബാ ധ്യാനകേന്ദ്രം.
69. റവ. ഫാ. ചിറ്റിലപ്പിള്ളി ജെയ്സൻ: അസോസിയേറ്റ് ഡയറക്ടർ കെ.എൽ.എം., താമസം ആനിമേഷമൻ സെന്റർ, തലോർ സഹായി; വികാരി തൊറവ് ഒഴിവായി.
70. റവ. ഫാ. വേളക്കൊമ്പിൽ റോയ്: വികാരി തൊറവ്; വികാരി പാലാഴി ഒഴിവായി.
71. റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺ: വികാരി പാലാഴി; ചേർപ്പ് ഇടവകയിലെ ഉത്തരാവദിത്വം ഒഴിവായി.
72. റവ. ഫാ. കാഞ്ഞിരപറമ്പിൽ സതീഷ് എസ്.ഡി.വി.: വികാരി പേരകം, കപ്ലോൻ ഗുരുവായൂർ എഫ്.സി.സി. മഠങ്ങൾ ഒഴിവായി.
73. റവ. ഫാ. ചിരിയങ്കണ്ടത്ത് പ്രിൻസ്: വികാരി പേരകം, കപ്ലോൻ ഗുരുവായൂർ എഫ്. സി. സി. മഠങ്ങൾ; നടത്തുവികാരി ഏങ്ങണ്ടിയൂർ, കപ്ലോൻ എഫ്.സി.സി. ഒഴിവായി.
74. റവ. ഫാ. കൂത്തൂർ ഫ്രാൻസിസ്: വികാരി ഏങ്ങണ്ടിയൂർ, കപ്ലോൻ എഫ്.സി.സി.; മാനേജർ കത്തോലിക്കസഭ പത്രം, ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, കാത്തലിക് & പാസ്റ്ററൽ സെന്റർ, കപ്ലോൻ സി.എച്ച്.എഫ്. മഡോണ ഒഴിവായി.
75. റവ. ഫാ. ആക്കാമറ്റത്തിൽ റാഫേൽ: മാനേജർ കത്തോലിക്കസഭ പത്രം, ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, താമസം പാസ്റ്ററൽ സെന്റർ, കപ്ലോൻ സി.എസ്.സി. കൊക്കാല; ഡയറക്ടർ ഡി.ബി.സി.എൽ.സി., മതബോധനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, അതിരൂപത ലൈബ്രറി, റിലീജിയസ് സ്റ്റാൾ, കൺവീനർ പാക്ട്, കപ്ലോൻ ഒ.എസ്.എഫ്. ലൂർദ്ദ്പുരം ഒഴിവായി.
76. റവ. ഫാ. ആളൂർ ഫ്രാൻസിസ്: ഡയറക്ടർ ഡി.ബി.സി.എൽ.സി., മതബോധനം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി, അതിരൂപത ലൈബ്രറി, റിലീജിയസ് സ്റ്റാൾ, കപ്ലോൻ സെന്റ് മേരീസ് സി.എം.സി.; വികാരി മുല്ലക്കര, കപ്ലോൻ സി.എസ്.സി. ഒഴിവായി.
77. റവ. ഫാ. മേക്കാട്ടുകുളം ജിഫി: വികാരി മുല്ലക്കര, കപ്ലോൻ സി.എസ്.സി.; വികാരി വലക്കാവ്, കപ്ലോൻ ഡി.എസ്.സി. ഒഴിവായി.
78. റവ. ഫാ. കണ്ണമുണ്ടയിൽ ബിജു CMF: വികാരി വലക്കാവ്, കപ്ലോൻ ഡി.എസ്.സി. കൂടി.
79. റവ. ഫാ. തൈക്കാട്ടിൽ സൈജോ: കൺവീനർ പാക്ട് കൂടി; ബലിയർപ്പണം ഹോം ഓഫ് ലവ് ഒഴിവായി.

80. റവ. ഫാ. മരോട്ടിക്കൽ അലക്സ്: സെക്രട്ടറി പാക്ട് കൂടി.
81. റവ. ഫാ. കീഴൂരുമുട്ടിക്കൽ മനോജ്: പാക്ട് ഒഴിവായി.
82. റവ. ഫാ. നൈമണ്ണിൽ ബിജു CSJBP: വികാരി എളനാട് ഒഴിവായി
83. റവ. ഫാ. ഓലപ്പുരയ്ക്കൽ റിൻജോ: വികാരി എളനാട്, കപ്ലോൻ സി. എച്ച്. എഫ്.; സഹവികാരി പഴുവിൽ ഒഴിവായി.
84. റവ. ഫാ. ഐനിക്കൽ ജോൺസൻ: പാവറട്ടി വികാരി, കപ്ലോൻ സി.എം.സി. മഠങ്ങൾ, എസ്.എ.ബി.എസ്., സെന്റ് ആൻ മഠങ്ങൾ കൂടി; വികാരി & ഫൊറോനവികാരി വേലൂർ, വികാരി പഴയങ്ങാടി, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
85. റവ. ഫാ. ചെറയത്ത് ഡേവിസ് ജൂനിയർ: വികാരി & ഫൊറോനവികാരി വേലൂർ, വികാരി പഴയങ്ങാടി, കപ്ലോൻ സി.എച്ച്.എഫ്.; വികാരി പറവട്ടാനി, കപ്ലോൻ സി.എച്ച്.എഫ്. മഠങ്ങൾ ഒഴിവായി.
86. റവ. ഫാ. അരിമ്പൂർ ജോൺസൻ: വികാരി പറവട്ടാനി, കപ്ലോൻ സി.എച്ച്.എഫ്. മഠങ്ങൾ; വികാരി ഏനാമ്മാവ്, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.
87. റവ. ഫാ. നീലങ്കാവിൽ ഫ്രാൻസിസ്: വികാരി ഏനമ്മാവ്, കപ്ലോൻ സി.എച്ച്.എഫ്.; വികാരി അത്താണി, കപ്ലോൻ ജെ.എം.ജെ. ഒഴിവായി.
88. റവ. ഫാ. പൂവ്വത്തൂക്കാരൻ ജോസഫ്: വികാരി അത്താണി, കപ്ലോൻ ജെ.എം.ജെ.; പാവറട്ടി വികാരി, കപ്ലോൻ സി.എം.സി. മഠങ്ങൾ, എസ്.എ.ബി.എസ്., സെന്റ് ആൻ മഠങ്ങൾ ഒഴിവായി.
89. റവ. ഫാ. പൂണോലി മാർട്ടിൻ CSJBP: വികാരി പൊന്നാനി, കപ്ലോൻ എഫ്.സി.സി. ഒഴിവായി
90. റവ. ഫാ. എലുവത്തിങ്കൽ റോജോ: വികാരി പൊന്നാനി, കപ്ലോൻ എഫ്.സി.സി.; സഹവികാരി മറ്റം ഒഴിവായി.
91. റവ. ഫാ. ചാലിശ്ശേരി ജോൺസൻ: വികാരി & ഫൊറോനവികാരി പുതുക്കാട്, കപ്ലോൻ സി.എം.സി., എസ്.എ.ബി.എസ്., എസ്.കെ.ഡി.; ഡയറക്ടർ പുല്ലഴി ക്രിസ്റ്റീന ഹോം ഒഴിവായി.
92. റവ. ഫാ. തട്ടിൽ പോൾസൺ: ഡയറക്ടർ പുല്ലഴി ക്രിസ്റ്റീന ഹോം; വികാരി വേലൂപ്പാടം, കപ്ലോൻ എസ്.എ.ബി.എസ്. & സി.എം.സി. ഒഴിവായി.
93. റവ. ഫാ. വടക്കൻ ജോബ്: വികാരി വേലൂപ്പാടം, കപ്ലോൻ എസ്.എ.ബി.എസ്. & സി.എം.സി.; വികാരി അഞ്ഞൂർ ഒഴിവായി.
94. റവ. ഫാ. തട്ടിൽ സോളി: വികാരി അഞ്ഞൂർ; വികാരി മുല്ലശ്ശേരി, കപ്ലോൻ ഒ.എസ്.എഫ്. ഒഴിവായി.

95. റവ. ഫാ. പനംകുളം ഡേവിസ്: വികാരി മുല്ലശ്ശേരി, കപ്ലോൻ ഒ.എസ്.എഫ്.; വികാരി തിരൂർ, കപ്ലോൻ എഫ്.സി. ഒഴിവായി.

96. റവ. ഫാ. പാലത്തിങ്കൽ പോൾസൺ: വികാരി തിരൂർ, കപ്ലോൻ എഫ്.സി.; വികാരി & ഫൊറോനവികാരി പുതുക്കാട്, കപ്ലോൻ സി.എം.സി., എസ്.എ.ബി.എസ്., എസ്.കെ.ഡി. ഒഴിവായി.

97. റവ. ഫാ. മുരിങ്ങാത്തേരി ജോമോൻ: താമസം & ബലിയർപ്പണം സെന്റ് തോമസ് ഹോസ്റ്റൽ; വികാരി മഡോണനഗർ, കപ്ലോൻ സി.എച്ച്.എഫ്. ഒഴിവായി.

98. റവ. ഫാ. പൂപ്പാടി തോമസ്: വികാരി മഡോണനഗർ, കപ്ലോൻ സി.എച്ച്.എഫ്., സെന്റ് മേരീസ് ഐ.ടി.സി. & TAP, സാന്ത്വനം ട്രസ്റ്റ് & സ്വിഫ്റ്റ് അംഗത്വം തുടരുന്നു; ഡയറക്ടർ സാന്ത്വനം, ഡയറക്ടർ കം ട്രഷറർ സോഷ്യൽ ആക്ഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ കം ട്രഷറർ സോഷ്യൽ സെന്റർ ഹൗസിംഗ്, എക്സിക്യൂട്ടീവ് ഡയറക്ടർ കം ട്രഷറർ കരിയർ ഗൈഡൻസ്, ഇൻ ചാർജ്ജ് സാന്ത്വനതീരം & വൈസ് ചെയർമാൻ സ്വിഫ്റ്റ് കുറീസ്, സോഷ്യൽ വെൽഫെയർ സെന്റർ, ഡയറക്ടർ സേവ് എ ഫാമിലി പ്ലാൻ, അസോസിയേറ്റ് ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ, കപ്ലോൻ സി.എസ്.സി. കൊക്കാല ഒഴിവായി

99. റവ. ഫാ. മൂക്കൻ ജോയ്: ഡയറക്ടർ സാന്ത്വനം, ഡയറക്ടർ കം ട്രഷറർ സോഷ്യൽ ആക്ഷൻ, എക്സിക്യൂട്ടീവ് ഡയറക്ടർ കം ട്രഷറർ സോഷ്യൽ സെന്റർ ഹൗസിംഗ്, എക്സിക്യൂട്ടീവ് ഡയറക്ടർ കം ട്രഷറർ കരിയർ ഗൈഡൻസ്, ഇൻ ചാർജ്ജ് സാന്ത്വനതീരം & വൈസ് ചെയർമാൻ സ്വിഫ്റ്റ് കുറീസ്, സോഷ്യൽ വെൽഫെയർ സെന്റർ, ഡയറക്ടർ സേവ് എ ഫാമിലി പ്ലാൻ, അസോസിയേറ്റ് ഡയറക്ടർ സ്ലം സർവ്വീസ് സെന്റർ, സാമ്പത്തിക സമിതി അംഗം, താമസം പാസ്റ്ററൽ സെന്റർ, കപ്ലോൻ സി.എം.സി. ശാന്തിധാം കൂടി; അതിരൂപത ഫിനാൻസ് ഓഫീസർ, കപ്ലോൻ സെന്റ് മേരീസ് സി.എം.സി. ഒഴിവായി.

100. റവ. ഫാ. കൂത്തൂർ വർഗ്ഗീസ്: അതിരൂപത ഫിനാൻസ് ഓഫീസർ, കപ്ലോൻ സി.എം. സി. സേക്രഡ് ഹാർട്ട്, കൂടി, ബർസാർ സെന്റ് തോമസ് കോളേജ്, കപ്ലോൻ സി.എം.സി. ശാന്തിധാം ഒഴിവായി.

101. റവ. ഫാ. കൊളമ്പ്രത്ത് മാർട്ടിൻ: ബർസാർ സെന്റ് തോമസ് കോളേജ് കൂടി.

102. റവ. ഫാ. കുണ്ടുകുളം സ്റ്റിഷിൻ: അസോസിയേറ്റ് ബർസാർ സെന്റ് തോമസ് കോളേജ്, കപ്ലോൻ ഉർസുലൈൻ, സി.എച്ച്.എഫ്. മഡോണ, സി.എസ്.എം. സ്നേഹഭവൻ & ഹോളിസ്പിരിറ്റ് കൂടി;

ബലിയർപ്പണം സി.എച്ച്.എഫ്. ജനറലേറ്റ് ഒഴിവായി.

103. റവ. ഫാ. വട്ടക്കുഴി ജോസ്: അസി. ഡയറക്ടർ സാന്ത്വനം ചാർജ്ജ് എസ്.എച്ച്.ജി. & സ്നേഹനിധി ഗ്രൂപ്പുകൾ, താമസം ഫാമിലി അപ്പസ്തോലേറ്റ്, കപ്ലോൻ സി.എസ്.എം. ലൂർദ്ദ്നാഥ.

104. റവ. ഫാ. പൊറുത്തൂർ ഡൈജോ: ഡയറക്ടർ പാസ്റ്ററൽ & കാത്തലിക് സെന്റർ, അസി. ഡയറക്ടർ കാത്തലിക് ഇൻഫർമേഷൻ സെന്റർ, അസി. മാനേജിംഗ് എഡിറ്റർ കത്തോലിക്കസഭപത്രം, ബലിയർപ്പണം സി.എച്ച്.എഫ്. മുക്കാട്ടുകര കൂടി, മെത്രാപ്പോലീത്തൻ കോടതിയിലെ സേവനം തുടരുന്നു; വൈസ് ചാൻസലർ, വികാരി വിജയപുരം, കപ്ലോൻ സി.എം.സി. ഒഴിവായി.

105. റവ. ഫാ. പാണേങ്ങാടൻ ബിജു: വികാരി ചേറൂർ (വിജയപുരം), കപ്ലോൻ സി.എം.സി., പ്രോജക്ട് ഓഫീസർ സെന്റ് തോമസ് കോളേജ്; വികാരി പുലക്കാട്ടുകര, കപ്ലോൻ സി.എസ്.സി. ഒഴിവായി.

106. റവ. ഫാ. തൊറയൻ സിന്റോ: വികാരി പുലക്കാട്ടുകര, കപ്ലോൻ സി.എസ്.സി. കൂടി; വികാരി വെട്ടുക്കാട്, കപ്ലോൻ എസ്.ജെ.ബി. ഒഴിവായി.

107. റവ. ഫാ. മൂക്കൻ റോയ്: വികാരി വെട്ടുക്കാട്, കപ്ലോൻ എസ്.ജെ.ബി., മേരിമാത അധ്യാപനം തുടരുന്നു; ഫിനാൻസ് ഓഫീസർ മേരിമാത സെമിനാരി & ഡയറക്ടർ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഒഴിവായി.

108. റവ. ഫാ. താഴത്ത് ജിക്സൺ: ഫിനാൻസ് ഓഫീസർ മേരിമാത സെമിനാരി & ഡയറക്ടർ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കപ്ലോൻ എസ്.എം.സി. മുളയം; വികാരി വാടാനപ്പിള്ളി, കപ്ലോൻ എഫ്.എസ്.എം. ഒഴിവായി.

109. റവ. ഫാ. കുണ്ടുകുളം ജോൺസൻ: വികാരി വാടാനപ്പിള്ളി, കപ്ലോൻ എഫ്.എസ്.എം.; വികാരി പല്ലിശ്ശേരി, കപ്ലോൻ എഫ്.എസ്.സി. & സി.എസ്.സി. ഒഴിവായി.

110. റവ. ഫാ. മരോട്ടിക്കരൽ മേജോ: വികാരി പല്ലിശ്ശേരി, കപ്ലോൻ എഫ്.എസ്.സി. & സി.എസ്.സി., റെക്ടർ ഷംഷാബാദ് മൈനർ സെമിനാരി, ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ്; വൈസ് റെക്ടർ & പ്രൊക്യുറേറ്റർ മൈനർ സെമിനാരി, സെമിനാരി ഡിഗ്രി വിദ്യാർത്ഥികളുടെ ചാർജ്ജ് ഒഴിവായി.

111. റവ. ഫാ. തട്ടിൽ ലിൻസൺ: വൈസ് റെക്ടർ മൈനർ സെമിനാരി & അസിസ്റ്റന്റ് ഡയറക്ടർ ബൈബിൾ അപ്പസ്തോലേറ്റ്.

112. റവ. ഫാ. എടക്കളത്തൂർ വർഗ്ഗീസ്: പ്രൊക്യുറേറ്റർ മൈനർ സെമിനാരി കൂടി.
113. റവ. ഫാ. ചൂണ്ടൽ ജിന്റോ: അസി. ഡയറക്ടർ ഫാമിലി അപ്പസ്തോലേറ്റ്, മാതൃവേദി & കുടുംബകൂട്ടായ്മ കൂടി; ബൈബിൾ അപ്പസ്തോലേറ്റ് ഒഴിവായി.
114. റവ. ഫാ. പാറക്കൽ ചെറിയാൻ: റിട്ടയർമെന്റ്, താമസം വിയാനി ഭവൻ; വികാരി കോലഴി ഒഴിവായി.
115. റവ. ഫാ. പുന്നോലിപറമ്പിൽ ബാസ്റ്റ്യൻ: വികാരി കോലഴി, ബലിയർപ്പണം സി.എംസി. പ്രോവിൻഷ്യൽ ഹൗസ് കൂടി; വികാരി ഭരത, കപ്ലോൻ ഡി.എസ്.എസ്., ബലിയർപ്പണം എസ്.എം.സി. പൊന്നൂക്കര ഒഴിവായി.
116. റവ. ഫാ. മാപ്രാണത്തുകാരൻ പ്രദീപ്: വികാരി ഭരത, കപ്ലോൻ ഡി.എസ്.എസ്., ബലിയർപ്പണം എസ്.എം.സി. പൊന്നൂക്കര, അസി. ഡയറക്ടർ കെ. സി. വൈ. എം. & യൂത്ത് മിനിസ്ട്രി; സഹവികാരി പുതുക്കാട് ഒഴിവായി.
117. റവ. ഫാ. തട്ടിൽ റാഫി: വിശാഖപട്ടണം മിഷൻ; വികാരി മുണ്ടത്തിക്കോട്, കപ്ലോൻ സി.എസ്.സി. മഠങ്ങൾ ഒഴിവായി
118. റവ. ഫാ. തച്ചറാട്ടിൽ ജേക്കബ്: വികാരി മുണ്ടത്തിക്കോട്, കപ്ലോൻ സി.എസ്.സി. മഠങ്ങൾ; വികാരി കോടന്നൂർ, കപ്ലോൻ എസ്.എ.ബി.എസ്. ഒഴിവായി.
119. റവ. ഫാ. കാഞ്ഞിരത്തിങ്കൽ ബൈജു: വികാരി കോടന്നൂർ, കപ്ലോൻ എസ്.എ.ബി.എസ്.; വികാരി വരടിയം, കപ്ലോൻ ഒ.പി., സി.എസ്.സി. ഒഴിവായി.
120. റവ. ഫാ. ചിറ്റിലപ്പിള്ളി ജോൺസൻ: വികാരി വരടിയം, കപ്ലോൻ ഒ.പി., സി.എസ്.സി.
121. റവ. ഫാ. വടക്കേത്തല ജെയ്സൻ: ജർമ്മനിയിൽ സേവനം; പ്രീസ്റ്റ്–ഇൻ–ചാർജ്ജ് അഞ്ചേരി സൗത്ത്, കപ്ലോൻ എസ്.ഡി., അസി. ഡയറക്ടർ ഗായകസംഘം, കാത്തലിക് കോൺഗ്രസ്സ് ഒഴിവായി.
122. റവ. ഫാ. മാളോക്കാരൻ ജിക്സൺ: പ്രീസ്റ്റ്–ഇൻ–ചാർജ്ജ് അഞ്ചേരി സൗത്ത്, ഒല്ലൂരിൽ സഹായി, കപ്ലോൻ എസ്.ഡി.; സഹവികാരി പറപ്പൂർ ഒഴിവായി.
123. റവ. ഫാ. കൊള്ളന്നൂർ റോയ്സൻ: മഞ്ഞക്കുന്ന് വികാരി
124 റവ. ഫാ. മാറോക്കി സാജൻ: സ്നേഹപുരം വികാരി; കോർഡിനേറ്റർ ഡാറ്റ സെന്റർ പറോക്.

125. റവ. ഫാ. മുരിങ്ങാത്തേരി നവീൻ: മാടക്കത്ര വികാരി; അസി. ഡയറക്ടർ കെ. എൽ. എം. ഒഴിവായി.
126. റവ. ഫാ. മാളിയമ്മാവ് പോൾ: അസി. ഡയറക്ടർ കത്തോലിക്ക കോൺഗ്രസ്സ് കൂടി; പറോക് ഒഴിവായി.
127. റവ. ഫാ. ചിറയത്ത് ഡെന്നി: ഡിഗ്രി വിദ്യാർത്ഥികളുടെ ചാർജ്ജ് കൂടി.
128. റവ. ഫാ. കാച്ചപ്പിള്ളി ജോസ്: താമസം പീസ് ഹോം.
129. റവ. ഫാ. കൊള്ളന്നൂർ സെബാസ്റ്റ്യൻ: താമസം വിയാനി ഭവൻ.
130. റവ. ഫാ. ചാലിശ്ശേരി ലിജോ: പാക്ട് ഒഴിവായി.
131. റവ. ഫാ. പാണേങ്ങാടൻ ആന്റോ: നോട്ടറി കൂരിയ ഒഴിവായി.
132. റവ. ഫാ. തറക്കുന്നേൽ ബോബി O.Carm: ജഡ്ജ് & ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി ഒഴിവായി.
133. റവ. ഫാ. താണിക്കൽ ഡെന്നി: കപ്ലോൻ സെന്റ് പോൾ സി.എസ്.എസ്. കൂടി; ഹോളി ഫാമിലി ചെമ്പുക്കാവ് ഒഴിവായി.
134. റവ. ഫാ. ഏലന്താനത്ത് നൈസൻ: കപ്ലോൻ മണ്ണുത്തി സി.എസ്.എസ്. ജനറലേറ്റ് കൂടി; തൃശ്ശൂർ സി.എസ്.എം. മഠങ്ങൾ ഒഴിവായി.
135. റവ. ഫാ. പാളിതോട്ടത്തിൽ ജോൺ SDB: കപ്ലോൻ മണ്ണുത്തി സി.എച്ച്.എഫ്. ജനറലേറ്റ്; മണ്ണുത്തി സി.എസ്.എസ്. ജനറലേറ്റ് ഒഴിവായി.
136. റവ. ഫാ. കണ്ണമ്പുഴ ഡേവിസ്: ബലിയർപ്പണം മണ്ണുത്തി സി.എച്ച്.എഫ്. ജനറലേറ്റ് & സി.എസ്.എസ്. ജനറലേറ്റ് കൂടി; കപ്ലോൻ സി.എച്ച്.എഫ്. ജനറലേറ്റ് ഒഴിവായി.
137. റവ. ഫാ. കൂള ഡിറ്റോ: കപ്ലോൻ കോലഴി സി.എം.സി. പ്രോവിൻഷ്യൽ ഹൗസ് കൂടി; അസ്സീസി എഫ്.സി.സി. ഒഴിവായി.
138. റവ. ഫാ. എടമന ഷാജു CMI: കപ്ലോൻ ഹോളി ഫാമിലി ചെമ്പുക്കാവ്; കോലഴി സി.എം.സി. പ്രോവിൻഷ്യൽ ഹൗസ് ഒഴിവായി.
139. റവ. ഫാ. എടക്കുളത്തൂർ ജിമ്മി: കപ്ലോൻ ഒ.എസ്.എഫ്. തോട്ടത്തിൽ ലൈൻ കൂടി; ഉർസുലൈൻ ഒഴിവായി.
140. റവ. ഫാ. നന്തിക്കര ഇഗ്നേഷ്യസ്: കപ്ലോൻ കുരിയച്ചിറ സി.എസ്.എൻ കൂടി.; സെന്റ് പോൾസ് സി.എം.സി. ഒഴിവായി.
141. റവ. ഫാ. കാഞ്ഞിരത്തിങ്കൽ പ്രിൻസൺ: കപ്ലോൻ ഒ.എസ്.എഫ്. ലൂർദ്ദപുരം കൂടി; ബലിയർപ്പണം സി.എച്ച്.എഫ്. മുക്കാട്ടുകര, സി.എം.സി. സെന്റ് പോൾസ്, തലോർ എന്നിവ ഒഴിവായി.

142. റവ. ഫാ. ആലപ്പാട്ട് പോൾ: കപ്ലോൻ സി.എസ്.എസ്. പ്രേഷിതഭവൻ കൂടി; സി.എസ്.എസ്. സെന്റ് പോൾസ് ഒഴിവായി.
143. റവ. ഫാ. ആലപ്പാടൻ ഫിജോ: കപ്ലോൻ മറിയം ത്രേസ്യ നിലയം കൂടി; സി.എസ്.എം. പൊന്നൂക്കര ഒഴിവായി.
144 റവ. ഫാ. പേരാമംഗലത്ത് പോൾ: കപ്ലോൻ സി.എസ്.എം. പൊന്നൂക്കര കൂടി; മറിയം ത്രേസ്യ നിലയം ഒഴിവായി.
145. റവ. ഫാ. കാക്കശ്ശേരി തോമസ്: കപ്ലോൻ എം.ഐ.എഫ്.സി.സി. കൂടി; സി. എസ്.എസ്. പ്രേഷിതഭവൻ ഒഴിവായി.
146. റവ. ഫാ. പിണ്ടിയാൻ സാജൻ: ബലിയർപ്പണം ഹോം ഓഫ് ലവ് കൂടി.
147. റവ. ഫാ. കാവുങ്കൽ ഡേവിസ് MST: കപ്ലോൻ സി. എസ്. എം. കൂട്ടാല കൂടി; മുളയം എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് ഒഴിവായി.
148. റവ. ഫാ. കുഴിക്കാട്ടുമ്യാലിൽ സിജോൺ: കപ്ലോൻ മുളയം എസ്. എൻ. ഡി. എസ്. നോവിഷ്യറ്റ് കൂടി.
149. റവ. ഫാ. നാഞ്ഞിലത്ത് ബിജു OSH: കപ്ലോൻ സി. എസ്. എം. കൂട്ടാല ഒഴിവായി.

**അസിസ്റ്റന്റുമാർ**

150. റവ. ഫാ. അന്തിക്കാട്ട് സന്തോഷ്: തിരൂർ
151. റവ. ഫാ. ചക്കാലക്കൽ സീജൻ: തൃശ്ശൂർ ബസിലിക്ക 2; നെല്ലിക്കുന്ന്, അസി. കുടുംബകൂട്ടായ്മ ഒഴിവായി.
152. റവ. ഫാ. ചാലിൽ അനു: പാലയൂർ
153. റവ. ഫാ. ചെറുവത്തൂർ ജോയ്സൺ: തൃശ്ശൂർ ബസിലിക്ക 1; അമ്മാടം ഒഴിവായി.
154. റവ. ഫാ. ചിറമ്മൽ ക്രിസ്റ്റീൻ: പാവറട്ടി 2; പേരാമംഗലം, പറോക് ഒഴിവായി.
155. റവ. ഫാ. ചിറയത്ത് ജീൻ: ഒല്ലൂർ 2; വെണ്ടോർ ഒഴിവായി.
156. റവ. ഫാ. ചിറയത്ത് ഫെബിൻ: മറ്റം
157. റവ. ഫാ. ചിറ്റിലപ്പിള്ളി അൻവിൻ: മുണ്ടൂർ
158. റവ. ഫാ. ചിറ്റിലപ്പിള്ളി ജോസഫ്: ചെങ്ങാലൂർ
159. റവ. ഫാ. ചിറ്റിലപ്പിള്ളി ഷെൽറ്റൺ: സഹായമെത്രാന്റെ സെക്രട്ടറി, നോട്ടറി കൂരിയ, കപ്ലോൻ സി.എം.സി. സെന്റ് പോൾസ്; കണ്ടശ്ശാംകടവ് ഒഴിവായി
160. റവ. ഫാ. ചൂണ്ടൽ ലിവിൻ: ചേലക്കര
161. റവ. ഫാ. ഇമ്മട്ടി ജോമോൻ: നടത്തറ; അരിമ്പൂർ ഒഴിവായി.

162. റവ. ഫാ. കൈപ്പുള്ളിപറമ്പൻ ബെന്നി: പേരാമംഗലം; ഒല്ലൂർ, അസി. ഡയറക്ടർ സെന്റ് മേരീസ് ഐ.ടി.സി. ഒഴിവായി.
163. റവ. ഫാ. കല്ലറക്കൽ പ്രതീഷ്: ഒളരിക്കര കൂടി; പുത്തൂർ ഒഴിവായി.
164. റവ. ഫാ. കണ്ണനായ്ക്കൽ സജിൽ: കണ്ടശ്ശാംകടവ്; ചെങ്ങാലൂർ ഒഴിവായി.
165. റവ. ഫാ. കിഴക്കേകണ്ണൻചിറ ഫ്രിന്റോ: വേലൂർ; തിരൂർ ഒഴിവായി.
166. റവ. ഫാ. കൊളമ്പ്രത്ത് ഡിക്സൻ: കുരിയച്ചിറ, അസി. ഡയറക്ടർ കെ. സി. വൈ. എം. & യൂത്ത് മിനിസ്ട്രി; ചിറ്റാട്ടുകര ഒഴിവായി.
167. റവ. ഫാ. കൊള്ളന്നൂർ അജിത്ത്: കൊട്ടേക്കാട്
168. റവ. ഫാ. കൂത്തൂർ വെള്ളാട്ടുകര അനീഷ്: പാവറട്ടി 1; മരത്താക്കര, അസി. ഡയറക്ടർ മാതൃവേദി ഒഴിവായി.
169. റവ. ഫാ. കുറ്റിക്കാട്ട് ജിസോ: മണ്ണുത്തി കൂടി, ഒളരിക്കര ഒഴിവായി.
170. റവ. ഫാ. മാളിയേക്കൽ ജിജോ: കല്ലൂർ കിഴക്ക്
171. റവ. ഫാ. മങ്ങാട്ടിലയൻ മേജോ: പള്ളിക്കുന്ന്
172. റവ. ഫാ. മാറോക്കി ഷിന്റോ: കോട്ടപ്പടി
173. റവ. ഫാ. മുരിങ്ങാത്തേരി ഗ്രിജോ: നെല്ലിക്കുന്ന്, കലാസദൻ സഹായി; തലോർ ഒഴിവായി.
174. റവ. ഫാ. നെടുമ്പാക്കാരൻ യേശുദാസ്: മരത്താക്കര
175. റവ. ഫാ. ഒല്ലക്കേങ്കിൽ ഡൺസ്റ്റൺ: തൃശ്ശൂർ ലൂർദ്ദ് 1; അരണാട്ടുകര ഒഴിവായി.
176. റവ. ഫാ. പള്ളിക്കുന്നത്ത് ഷിജോ: പഴുവിൽ
177. റവ. ഫാ. പായിക്കാട്ട് സോബിൻ: പറപ്പൂർ; മണ്ണുത്തി ഒഴിവായി.
178. റവ. ഫാ. പെട്ടയിൽ നോബിൾ: പുത്തൂർ & പാക്ട് സഹായി; പാവറട്ടി ഒഴിവായി.
179. റവ. ഫാ. പൊന്തേക്കൻ ജോമോൻ: പഠനാവധി; തൃശ്ശൂർ ലൂർദ്ദ് ഒഴിവായി.
180. റവ. ഫാ. പൂഴിക്കുന്നേൽ ജസ്റ്റിൻ: ചിൽഡ്രൻസ് മിനിസ്ട്രി തുടരുന്നു, താമസം ഡി.ബി.സി.എൽ.സി.; സഹായിമെത്രാന്റെ സെക്രട്ടറി, നോട്ടറി കൂരിയ ഒഴിവായി.
181. റവ. ഫാ. പുളിക്കൻ സിജു: തലോർ; പാവറട്ടി ഒഴിവായി.
182. റവ. ഫാ. പുലിക്കോടൻ റെനാൾഡ്: പഠനാവധി; മുക്കാട്ടുകര, കെ.സി.വൈ.എം. & യൂത്ത് മിനിസ്ട്രി ഒഴിവായി.
183. റവ. ഫാ. പുത്തൂർ ലിയോ: മുക്കാട്ടുകര; മുണ്ടൂർ ഒഴിവായി.
184. റവ. ഫാ. പുത്തൂർ പ്രകാശ്: വെണ്ടോർ
185. റവ. ഫാ. രായപ്പൻ ആന്റോ: വേലൂപ്പാടം; കോട്ടപ്പടി ഒഴിവായി.

186. റവ. ഫാ. തൈക്കാട്ടിൽ സഞ്ജയ്: പെരിഞ്ചേരി കൂടി; മരിയാപുരം ഒഴിവായി.
187. റവ. ഫാ. തണ്ടാശ്ശേരി കനേഡിയൻ: മരിയാപുരം,& നോട്ടറി മെത്രാപ്പോലീത്തൻ കോടതി; പള്ളിക്കുന്ന് ഒഴിവായി.
188. റവ. ഫാ. താണിക്കൽ അനുവിൻ: മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി കൂരിയ, ബലിയർപ്പണം പ്രൊഫ. പി.സി. തോമസ് ട്യൂഷൻ സെന്റർ; വേലൂപ്പാടം ഒഴിവായി.
189. റവ. ഫാ. തരകൻ റോജർ: അരിമ്പൂർ
190. റവ. ഫാ. തട്ടിൽ ട്രെജിൻ: തൃശ്ശൂർ ലൂർദ്ദ് 2
191. റവ. ഫാ. തേക്കാനത്ത് ജസ്റ്റിൻ: പുതുക്കാട്; കല്ലൂർ കിഴക്ക് ഒഴിവായി.
192. റവ. ഫാ. തെക്കത്ത് ഫ്രാൻസോ: ഒല്ലൂർ 1; മെത്രാപ്പോലീത്തയുടെ സെക്രട്ടറി, നോട്ടറി കൂരിയ, ബലിയർപ്പണം പ്രൊഫ. പി. സി. തോമസ് ട്യൂഷൻ സെന്റർ ഒഴിവായി.
193. റവ. ഫാ. തെക്കയിൽ ധിബിൻ CMI: അമ്മാടം
194. റവ. ഫാ. വട്ടക്കുഴി ഗ്ലാഡ്രിൻ: പുത്തൻപീടിക
195. റവ. ഫാ. വാഴപ്പിള്ളി വിനോയ്: ചിറ്റാട്ടുകര; കുരിയച്ചിറ ഒഴിവായി.
196. റവ. ഫാ. വെളിയൻ സെബി: അരണാട്ടുകര
197. റവ. ഫാ. ചമ്പന്നൂക്കാരൻ റോബിൻ ISch: കൊട്ടേക്കാട് ഒഴിവായി.
198. റവ. ഫാ. ചെറക്കൽ സഖറിയാസ് പീറ്റർ MSFS: പുത്തൻപീടിക ഒഴിവായി.
199. റവ. ഫാ. പുത്തൻപുരക്കൽ അനീഷ്: ചേലക്കര ഒഴിവായി.
200. റവ. ഫാ. ഊന്നുകല്ലിൽ അഗസ്റ്റിൻ VC: ഒല്ലൂർ ഒഴിവായി.
201. റവ. ഫാ. ചാലിശ്ശേരി നവീൻ CMI: എൽത്തുരുത്ത് ഒഴിവായി.
202. റവ. ഫാ. ചക്കുംപീടിക മേജോ CMI: എൽത്തുരുത്ത്.
203. റവ. ഫാ. പൊറത്തൂർ ഷൈസൻ CMI: വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി.
204. റവ. ഫാ. ആട്ടോക്കാരൻ ജെബിൻ ജോസ് CMI: വരന്തരപ്പിള്ളി കിഴക്ക്.
205. റവ. ഫാ. തൂങ്കുഴിയിൽ ജോബിൻ TOR: മുല്ലശ്ശേരി ഒഴിവായി.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മാർച്ച് മാസത്തെ പരിപാടികൾ

# MARCH 2020

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | | Engaged |
| 02 | Mon | | Engaged |
| 03 | Tue | | Engaged |
| 04 | Wed | | Course for Fresh Vicars |
| 05 | Thu | | Course for Fresh Vicars; For Priests & Religious |
| 06 | Fri | Morning | Curia Meeting; Forane Vicar's Meeting |
| | | Afternoon | Presbyteral Council; Centenary Jubilee Mangad L.P. School |
| 07 | Sat | Morning | JMMC US Professors' Meet |
| | | Afternoon | Vanitha Dinam Celebration at Family Apostolate |
| 08 | Sun | | Pastoral Visit at Eranellur For the People |
| 09 | Mon | Morning | Curia Meeting; Birthday |
| 10 | Tue | Morning | Celebration of Fr. Devassy Panthallookkaran |
| | | Afternoon | Meeting at Assisi Provincial House |
| 11 | Wed | Morning | Meeting of Heads of Institutions |
| | | Evening | JMMC Trust Meeting |
| 12 | Thu | | Engaged |
| 13 | Fri | Morning | Curia Meeting |
| 14 | Sat | Morning | Pastoral Council |
| 15 | Sun | | Pastoral Visit at Vijayamatha Chiyyaram |
| 16 | Mon | | Engaged |

| | | | |
|---|---|---|---|
| 17 | Tue | Morning | Curia Meeting |
| 18 | Wed | | Engaged |
| | | Evening | Bible Convention Inauguration at Lourdes Cathedral |
| 19 | Thu | Morning | Consulters' Meeting |
| | | Evening | Holy Mass at Gurukulam |
| 20 | Fri | Morning | Holy Mass at Ambaloor; Curia Meeting; For Priests & Religious |
| | | Afternoon | Farewell to Retiring Teachers at Cooperative Education Office |
| 21 | Sat | Morning | Engaged |
| | | Afternoon | Trustees & Accountants Meeting |
| 22 | Sun | | Pastoral Visit at Ollukkara |
| 23 | Mon | Morning | Mathruveedi Mahasangamam at Lourdes Cathedral |
| 24 | Tue | Morning | Curia Meeting |
| 25 | Wed | Morning | Engaged |
| 22 | Sun | | Pastoral Visit at Ollukkara |
| 23 | Mon | Morning | Mathruveedi Mahasangamam at Lourdes Cathedral |
| 24 | Tue | Morning | Curia Meeting |
| 25 | Wed | Morning | Engaged |
| | | Evening | Bible Convention Inauguration at Erumapetty Forane Church |
| 26 | Thu | Morning | For the People |
| | | Afternoon | Minor Orders |
| 27 | Fri | Morning | Curia Meeting; Jubilee Advisory Board Meeting |
| 28 | Sat | Morning | Engaged |
| | | Evening | Bible Convention at Olarikkara |
| 29 | Sun | | **Palayur Pilgrimage** |
| 30 | Mon | Morning | Engaged |
| | | Evening | Holy Mass at CMC Convent at Parappur |
| 31 | Tue | Morning | Curia Meeting |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മാർച്ച് മാസത്തെ പരിപാടികൾ

# MARCH 2020

| Date | Day | Time | Description |
|---|---|---|---|
| 1. | Sun | Evening | Engaged |
| 2. | Mon | Morning | Engaged |
| | | Evening | Visitors' Time |
| 3. | Tue | Morning | Curia Meeting |
| | | Evening | Governing Body Meeting - St. Thomas College |
| 4. | Wed | Morning | Marymatha Seminary- H. Mass |
| | | | Class for New Vicars (Day 1/2) |
| 5. | Thu | Morning | Class for New Vicars (Day 2/2) For Priests & Religious |
| 6. | Fri | Morning | Curia Meeting |
| | | | Forane Vicars' Meeting |
| | | Evening | Presbyteral Council |
| 7. | Sat | | Engaged |
| 8. | Sun | Morning | Pallissery - 125th Anniversay of the Parish |
| | | Evening | Engaged |
| 9. | Mon | Morning | Engaged |
| | | Evening | Editorial Meeting of Catholicasabha |
| 10. | Tue | Morning | Engaged |
| | | Evening | Engaged |
| 11. | Wed | Morining | Engaged |
| | | Evening | JMMC Trust Meeting |

| | | | |
|---|---|---|---|
| 12. | Thu | Morining | Minor Seminary - H.Mass;<br>For Priests & Rreligious |
| | | Evening | Mukkattukara - Inaguration of Convention |
| 13. | Fri | Morning | Amballur- H.Mass;<br>Curia Meeting |
| | | Evening | Visitors' Time |
| 14. | Sat | Morning | Pastoral Council Meeting |
| 15. | Sun | | Engaged |
| 17. | Tue | Morning | Engaged |
| | | Evening | Engaged |
| 18. | Wed | Morning | Engaged |
| | | Evening | Palayur – Inauguration of Bible Convention |
| 19. | Thu | Morning | Consultor's Meeting<br>For Priests & Religious |
| 20. | Fri | Evening | Visitors' Time |
| 21. | Sat | Evening | Meeting with Parish Trustees |
| 22. | Sun | | Engaged |
| 23. | Mon | Morning | Mathruvethi Sangamam |
| 24. | Tue | | Engaged |
| 25. | Wed | | Engaged |
| 26. | Thur | Morning | For Priests & Religious;<br>Minor Orders |
| | | Evening | Nadavarambu – Inaguration of Bible Convention |
| 27. | Fri | Evening | Visitors' Time |
| 28. | Sat | | Engaged |
| 29. | Sun | | Palayur Pilgrimage |
| 30. | Mon | | Engaged |
| 31. | Tue | | Engaged |



# നാളാഗമം

## ജനുവരി 2020

1. അഭിവന്ദ്യ താഴത്ത് പിതാവ് മുക്കാട്ടുകര ഇടവകയിൽ വർഷാരംഭ കുർബാന അർപ്പിച്ചു. ഗുരുവായൂർ ഇടവകയിൽ ഡീ. പ്രകാശ് പുത്തൂരിന് തിരുപ്പട്ടം നൽകി. ഏങ്ങണ്ടിയൂർ എം. ഐ. ആശുപത്രിയിലെ നവീകരിച്ച കെട്ടിടത്തിന്റെയും ഡിപ്പാർട്ടുമെന്റുകളുടെയും ആശീർവാദകർമ്മവും ഉദ്ഘാടനവും നിർവഹിച്ചു.
2. അഭിവന്ദ്യ താഴത്ത് പിതാവ് പെരിഞ്ചേരി ഇടവകയിൽ കുർബാനയർപ്പിക്കുകയും സെമിത്തേരികപ്പേള വെഞ്ചരിക്കു കയും കാരുണ്യഭവന താക്കോൽദാനം നിർവഹിക്കുകയും ചെയ്തു. അഡ്വക്കേറ്റ്സ് ഫോറം ജനറൽബോഡി മീറ്റിംഗിൽ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് സെന്റ് തോമസ് കോളേജ് സ്റ്റാഫിനായി സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ചേരുംകുഴിയിൽ ഡീക്കൻ ഷിന്റോ തൂമ്പയിലിന്റെ തിരുപ്പട്ടദാന ശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.
3. അഭിവന്ദ്യ താഴത്ത് പിതാവ് കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ സ്കൂളിൽ ബാസ്ക്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ

ബാഡ്മിന്റൺ എന്നിവയുടെ ഇൻഡോർ കോർട്ടുകളുടെ ഉദ്ഘാടനം ചെയ്തു. വൈകിട്ട് മുവ്വാറ്റുപുഴ ഹോളി മാഗി ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് കോട്ടപ്പടി പള്ളിയിൽ തിരുനാൾ കുർബാനയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. മച്ചാട് പള്ളിയിലെ തിരുനാളിനോടനുബന്ധിച്ച് കൂടുതുറക്കൽ ശുശ്രൂഷ നടത്തുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

4. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ടശ്ശാംകടവ് ഇടവകയിൽ ഡീ. വിജോയിക്ക് തിരുപ്പട്ടം നൽകി. വൈകിട്ട് സാമ്പത്തികസമിതി യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മണലാടി പള്ളിയിൽ തിരുനാളിന്റെ മുന്നോടിയായി വി. കുർബാന അർപ്പിക്കുകയും കൂടുതുറക്കൽ ശുശ്രൂഷ നടത്തുകയും ചെയ്തു.
5. അഭിവന്ദ്യ താഴത്ത് പിതാവ് ചിറ്റിശ്ശേരി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.
6. അഭിവന്ദ്യ താഴത്ത് പിതാവ് തലോർ ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. ആലോചനസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് ജൂബിലി മിഷൻ മെഡിക്കൽ കോളേജും കാരുണ്യ യൂണിവേഴ്സിറ്റിയും തമ്മിലുള്ള MOU Signing Ceremonyയിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് തൃശ്ശൂർ സെന്റ് ആൻസ് ഇടവകയിൽ സിൽവർ ജൂബിലി ആഘോഷിക്കുന്ന സി. മേഴ്സി ചാലക്കലിനും, സി. ആഗ്നസ് നീലങ്കാവിലിനും ആശംസകൾ നേരുകയും കൃതജ്ഞതാ ബലിയർപ്പിക്കുകയും ചെയ്തു.

7–15 അഭിവന്ദ്യപിതാക്കൻമാർ മെത്രാൻമാരുടെ ധ്യാനത്തിലും സിനഡിലും പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് പട്ടിക്കാട് ഇടവകയിൽ വി. ബലിയർപ്പിക്കുകയും ഫാ. തോമസ് തലച്ചിറ കെ.സി.വൈ.എം. ഓർമ്മയാചരണത്തിൽ ആശംസയർപ്പിക്കുകയും ചെയ്തു.
16. അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. പഴുവിൽ ധ്യാനകേന്ദ്രത്തിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു. തിരൂരിലെ സെന്റ് തോമസ് എച്ച്. എസ്. സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകിട്ട് പാലയൂർ പദയാത്രയോടനുബന്ധിച്ചുള്ള ആരംഭ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ ടോണി പിതാവ് കുന്ദംകുളത്ത് ബഹു. ഫാ. ബെൻ നെറ്റിക്കാടന്റെ മൃതസംസ്ക്കാര ചടങ്ങുകൾക്ക് കാർമ്മികത്വം വഹിച്ചു.
17. അഭിവന്ദ്യ താഴത്ത് പിതാവ് ജൂബിലി മിഷൻ കോളേജിൽ ലാംബ്

ലൈറ്റിംഗ് സെറിമണി ഉദ്ഘാടനം ചെയ്തു. ബഹു. ഫ്രാങ്കോ കവലക്കാട്ട് അച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് പാക്ട് എക്സിക്യൂട്ടീവ് മീറ്റിംഗിലും വൈകിട്ട് ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് ഇന്റർചർച്ച് കൗൺസിൽ പിതാക്കൻമാരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

18. അഭിവന്ദ്യ താഴത്ത് പിതാവ് തൊടുപുഴയിൽ ടീച്ചേഴ്സ് ഗിൽഡ് മീറ്റിംഗിൽ മുഖ്യപ്രഭാഷണം നടത്തി. വൈകിട്ട് ആമ്പല്ലൂരിൽ നടന്ന കെ. സി.വൈ.എം. സ്റ്റേറ്റ് സെനറ്റ് മീറ്റിംഗിൽ സന്ദേശം നൽകി. തിരുവില്ലാമലയിൽ ഡീ. ഡാനിയുടെ തിരുപ്പട്ടദാന ശുശ്രൂഷക്ക് അഭിവന്ദ്യ ടോണി പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു.

19. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ടാണശ്ശേരിയിൽ ഇടയ സന്ദർശനം നടത്തി. വൈകിട്ട് ഇടവകയിൽ വി. കുർബാനയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തിയ മത്സരങ്ങളിൽ സമ്മാനർഹരായ കുട്ടികൾക്ക് അവാർഡുകൾ വിതരണം ചെയ്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് തിരുത്തിപറമ്പ് ഇടവകയിൽ കൽക്കുരിശ് വെഞ്ചരിച്ചു. ഉച്ചക്കുശേഷം തൃശ്ശൂർ അതിരൂപത കെ.സി.എസ്.എൽ. ന്റെ ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. വൈകിട്ട് മുളയത്ത് എസ്.ഡി.വി. ഹൗസിലെ നവീകരിച്ച ചാപ്പലിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ പിതാക്കൻമാർ തൃശ്ശൂർ അതിരൂപതക്കായ് തിരുപട്ടം സ്വീകരിച്ച നവവൈദികർക്ക്, അവരുടെ വൈദീകശുശ്രൂഷക്ക് സഹായിക്കാനുള്ള മൂന്ന് ദിവസത്തെ ക്ലാസ്സിന്റെ ഉദ്ഘാടനകർമ്മത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പൊന്നാനി പള്ളിയിലെ തിരുനാൾ ഒരുക്ക ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. എടപ്പാൾ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

21. അഭിവന്ദ്യ താഴത്ത് പിതാവ് നവവൈദികരോടൊപ്പം വി. ബലിയർപ്പിച്ച് സന്ദേശം നൽകി. ഫാമിലി അപ്പസ്തോലേറ്റിൽ നടന്ന സേവ തൃശ്ശൂർ ഉപകാരികളുടെ സംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ എൻ.ബി.എ. ഡിക്ലറേഷൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് മുണ്ടത്തിക്കോട് സ്ക്കൂളിൽ നിന്നും വിരമിക്കുന്ന സി. സോജിയ സി.എസ്.സി. യുടെ യാത്രയയപ്പ് സമ്മേളനത്തിൽപങ്കെടുത്തു.

23. അഭിവന്ദ്യപിതാക്കൻമാർ വൈദികസമ്മേളനത്തിൽ പങ്കെടുത്തു. നവവൈദികർക്ക് സ്വാഗതവും വിരമിക്കുന്ന വൈദികർക്കും

ആശംസയും നേർന്നു. വൈദികരുടെ സ്ഥലമാറ്റം പ്രഖ്യാപനം നടത്തി.

24. അഭിവന്ദ്യ താഴത്ത് പിതാവ് ദീപികയുടെയും ഡ്രീം വേൾഡിന്റെയും നേതൃത്വത്തിൽ തോപ്പ് സ്റ്റേഡിയത്തിൽ നടത്തിയ ചിത്രരചന മത്സരം ഉദ്ഘാടനം ചെയ്തു. വൈകിട്ട് കല്ലൂർ പടിഞ്ഞാറ് ഇടവകയിൽ വി. ബലിയർപ്പിക്കുകയും കാരുണ്യഭവനത്തിന്റെ താക്കോൽ ദാനം നിർവഹിക്കുകയും ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് അത്താണി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും തിരുനാളിന്റെ കൊടി ഉയർത്തുകയും ചെയ്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് കുരിയച്ചിറയിൽ സി.എം.സി. സിസ്റ്റേഴ്സിന്റെ ജൂബിലിയാഘോഷ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ചിറക്കേക്കോട് ഇടവക ജൂബിലിയോടനുബന്ധിച്ച് സംഘടിപ്പിച്ച സമർപ്പിതസംഗമത്തിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ബ്രഹ്മകുളം ഇടവകയിലെ ബൈബിൾ കൺവെൻഷനിൽ സന്ദേശം നൽകി.

26. അഭിവന്ദ്യ താഴത്ത് പിതാവ് വെള്ളാനിക്കോട് ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിക്കുകയും ചെയ്തു. മൈനർ സെമിനാരിയിൽ മൂന്നാം വർഷ വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ മീറ്റിംഗിൽ സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് കത്തോലിക്കാ കോൺഗ്രസ്സിന്റെ വാർഷിക പൊതുയോഗത്തിൽ സന്ദേശം നൽകി. വേലൂർ ഇടവകയിൽ അർണോസ് കലാകേന്ദ്ര–നൃത്ത അരങ്ങേറ്റം ഉദ്ഘാടനം ചെയ്തു. തുടർന്ന് തലക്കോട്ടുകര ഇടവക ശതാബ്ദി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യപിതാക്കൻമാർ മതബോധന സർവ്വീസ് അവാർഡുകൾ വിതരണം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് കരുമത്ര പള്ളിയുടെ കൂദാശകർമ്മം നടത്തുകയും അവിടെ രോഗികളെ സന്ദർശിക്കുകയും ചെയ്തു.

27. അഭിവന്ദ്യ താഴത്ത് പിതാവ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ ബൊൻ നത്താലെയോടനുബന്ധിച്ച് മരത്താക്കരയിൽ പണിയുന്ന കാരുണ്യഭവനത്തിന്റെ കല്ലിടൽ കർമ്മം നിർവഹിച്ചു. ഉച്ചതിരിഞ്ഞ് ഒല്ലൂരിൽ വി. എവുപ്രാസ്യ തീർത്ഥകേന്ദ്രത്തിന്റെ ഉപദേശകസമിതി മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് പാവറട്ടി സാൻജോസ് ആശുപത്രിയിലെ ലാമ്പ് ലൈറ്റിംഗ് പരിപാടിയിൽ പങ്കെടുത്തു. ഏനമ്മാവ് ഇടവകയിൽ ഗ്വാളിയോർ രൂപതയുടെ പുതിയ മെത്രാനായി നിയമിക്കപ്പെട്ട മാർ ജോസഫ് തൈക്കാട്ടിൽ

പിതാവിനെ അനുമോദിക്കുന്ന യോഗത്തിൽ അഭിവന്ദ്യപിതാക്കൻമാർ പങ്കെടുത്തു.

28. അഭിവന്ദ്യ പിതാക്കൻമാർ തൃശ്ശൂർ അതിരൂപതയിൽ നിന്ന് വിദേശത്ത് സേവനം ചെയ്യുന്ന വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് മുല്ലശ്ശേരി സെന്റ് ജോസഫ് എൽ. പി. സ്കൂളിലെ വാർഷികത്തിലും യാത്രയയപ്പു യോഗത്തിലും പങ്കെടുത്തു.

29. അഭിവന്ദ്യ താഴത്ത് പിതാവ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സ്ഥാപകദിനത്തോടനുബന്ധിച്ച് തൃശ്ശൂർ ബസിലിക്കയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് സി. സുധീപ സി. എം. സി. യുടെ പുതിയ പുസ്തകം പ്രകാശനം ചെയ്തു.

30. അഭിവന്ദ്യ താഴത്ത് പിതാവ് ജോൺസൻ കുണ്ടുകുളം അച്ചൻ നയിച്ച ബൈബിൾ ക്ലാസ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. അതിനുശേഷം സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പല്ലിശ്ശേരി ഇടവകയിൽ നിർമ്മിച്ച സാന്ത്വനഭവനം വെഞ്ചരിച്ചു. അഭിവന്ദ്യ ടോണി പിതാവ് വടക്കാഞ്ചേരി സെന്റ് പയസ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

31. അഭിവന്ദ്യ താഴത്ത് പിതാവ് പാലയൂരിലുള്ള സെന്റ് ഫ്രാൻസിസ് സ്കൂളിന്റെ വാർഷികദിനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് നെല്ലങ്കര ഇടവകയിൽ പ്രസുദേന്തിവാഴ്ചയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# 18-ാം പാസ്റ്ററൽ കൗൺസിൽ പ്രഥമയോഗം

18-ാം പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമയോഗം 2020 മാർച്ച് 14 ന് ശനിയാഴ്ച, രാവിലെ 9.30 മണിക്ക് തൃശ്ശൂർ ഡി.ബി.സി.എൽ.സിയിൽ കൂടുന്നു. എല്ലാ പുതിയ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

**തീയതി : 14.03.2020 ശനി**

**സമയം : രാവിലെ 9.30 മണി**

**സ്ഥലം : ഡി.ബി.സി.എൽ.സി.**



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

ഫെബ്രുവരി മാസത്തിലെ രണ്ടാം ശനിയാചരണത്തിന് നേതൃത്വം നൽകിയത് സി.എം.ഐ. കോട്ടയം പ്രവിശ്യാംഗവും പരിയാരം സി.എസ്. ആർ ആശ്രമാംഗവുമായ ഫാ. ജോൺസൺ പന്തലാനിക്കൽ സി.എം.ഐ. ആണ്. പരിയാരം, തൂമ്പാക്കോട് എന്നിവിടങ്ങളിൽ നിന്ന് സിസ്റ്റേഴ്സ്സും ഇടവകജനവും സന്നിഹിതരായിരുന്നു. തിരുക്കർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത് പാലക്കാട് നിന്നുള്ള നെയ്യൻ ചാക്കുട്ടി കുടുംബാംഗങ്ങളാണ്.

അശരണരുടെയും പാവങ്ങളുടെയും നിലവിളി സ്വർഗം കേൾക്കുമെന്ന് പുറപ്പാട് പുസ്തകത്തിൽ വ്യക്തമാക്കുന്നു (പുറ. 3:7). പാവപ്പെട്ടവന്റെ നിലവിളിയ്ക്ക് ഉത്തരം നൽകുവാൻ ദൈവം തിരഞ്ഞെടുത്ത സ്വർഗീയ തേജസ്സാണ് ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കൻ. ഈശോയുടെ കരുണാർദ്രസ്നേഹത്താൽ ഉയർത്തപ്പെട്ട സ്മാരകമാണ് ഊക്കനെച്ചൻ. ഈ സ്മാരകം നാല് പ്രധാനപ്പെട്ട ഓർമ്മകൾ അവതരിപ്പിച്ചു.

* പാവപ്പെട്ടവന്റെ അനർത്ഥങ്ങളിലും ദുഖദുരിതങ്ങളിലും സ്വർഗത്തിലേയ്ക്ക് കണ്ണും നട്ട് നിലവിളിക്കണം, ക്രൂശിതസന്നിധിയിൽ കൈകൾ വിരിക്കണം.
* വിശുദ്ധയൗസേപ്പിതാവിന്റെ നന്മരണസഖ്യം ആരംഭിച്ച് പ്രായമായവരെയും മരണാസന്നരേയും സ്നേഹിച്ച്, ശുശ്രൂഷിച്ച് ശാന്തമായി മരിക്കാൻ ഒരുക്കണം.
* ദൈവപരിപാലനയിൽ ആഴമായി വിശ്വസിച്ച് ദിവ്യകാരുണ്യ ആരാധനയിലൂടെ മനുഷ്യമക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

* ഏറ്റവും വലിയ അശരണരായ ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണം.

കുരിശിൽ തകർക്കപ്പെട്ടവൻ എന്നെ ഓർക്കുന്നു, എന്നെ സ്നേഹിക്കുന്നു എന്ന് തിരിച്ചറിഞ്ഞ് ഉദാത്തമനുഷ്യരാകുവാൻ ഊക്കനച്ചന്റെ മാധ്യസ്ഥം തേടി പ്രാർത്ഥിക്കാം. ദിവ്യബലിയിലും ആരാധനയിലും തുടർന്നുള്ള ഊട്ടുനേർച്ചയിലും ധാരാളം പേർ പങ്കെടുത്തു. ചൊവ്വന്നൂർ പള്ളി വികാരി ഫാ. ജോജോ എടത്തിരുത്തി ഏവർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദിയേകി.



"ദൈവമേ, അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോട് ദയ തോന്നണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായ്ച്ചു കളയണമേ!"

*സങ്കീർത്തനങ്ങൾ 51:1*





### നാമകരണനടപടികൾ

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

ദൈവദാസൻ അന്തോണിയച്ചന്റെ അനുസ്മരണാർത്ഥമുള്ള ആദ്യവെള്ളിയാചരണം ഫെബ്രുവരി 7ന് നടന്നു. ആബാ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടി വി. കുർബ്ബാനയ്ക്കും ധ്യാനത്തിനും നേതൃത്വം നല്കി.
ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ നാമത്തിലാണ് നമ്മുടെ ആശ്രയം (സങ്കീർത്തനം 124:8). ഈ പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചവനാണ് നമ്മുടെ പിതാവായ ദൈവം. ഈ ദൈവത്തെ നമുക്ക് മനസ്സു തുറന്ന് സ്തുതിക്കാം, ആരാധിക്കാം, വിശ്വസിക്കാം. ശതാധിപൻ വിശ്വസിച്ചതുപോലെ, രക്തസ്രാവക്കാരി വിശ്വസിച്ചതുപോലെ – അന്ധന്മാർ ഹൃദയം നുറുങ്ങി വിളിച്ചപേക്ഷിച്ചത് അവരുടെ ആഴമായ വിശ്വാസം കൊണ്ടാണ്. യേശു കർത്താവാണ് എന്ന് നിന്റെ ഹൃദയത്തിൽ വിശ്വസിക്കുകയും നിന്റെ അധരം കൊണ്ട് ഏറ്റു പറയുകയും ചെയ്യുക (റോമ. 10:9) ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുക. നിങ്ങളുടെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത് എന്നാണല്ലോ പറയുന്നത്. അതിനാൽ നമ്മുടെ ഹൃദയം നന്മകൾ കൊണ്ട് നിറയ്ക്കാം. വിശുദ്ധിയുള്ളടത്തല്ലേ ദൈവം വസിക്കുക. മത്തായി 15:8–ൽ പറയുന്നു: ഈ ജനം അധരം കൊണ്ട് എന്നെ ബഹുമാനിക്കുന്നു. എന്നാൽ അവരുടെ ഹൃദയം എന്നിൽ നിന്ന് വളരെ അകലെയാണ്. നിന്റെ ഹൃദയവും മനസ്സും ദൈവവചനം കൊണ്ട് നിറയ്ക്കുക. നിന്റെ ചിന്തയും പ്രാർത്ഥനയും ഹൃദയത്തിൽ നിന്നും വരട്ടെ. സങ്കീർത്തകൻ പറയുന്നതുപോലെ നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ നമ്മുടെ ഹൃയം ദൈവത്തിനുവേണ്ടി ദാഹിക്കണം. അതിന് അനുദിനമുള്ള വിശുദ്ധ കുർബ്ബാനയും വിശുദ്ധകുർബ്ബാന സ്വീകരണവും നമ്മെ സഹായിക്കട്ടെ. യോഹന്നാൻ 6: 27 ൽ പറയുന്നു: നശ്വരമായ അപ്പത്തിനു വേണ്ടി അദ്ധ്വാനിക്കാതെ നിത്യജീവന്റെ അനശ്വരമായ അപ്പത്തിനു വേണ്ടി നമുക്കു അദ്ധ്വാനിക്കാം.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

**1. സ്ഥാപന ഡയറക്ടർമാരുടെ യോഗം**

2020 കേന്ദ്ര ബഡ്ജറ്റിന്റെ ചില നിർദ്ദേശങ്ങൾ പ്രത്യേകിച്ച് 12Aയെ കുറിച്ചുള്ള മാറ്റങ്ങൾ 12A പുതുക്കുന്നതിനെ കുറിച്ചുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനും സ്ഥാപനങ്ങളിലെ കണക്കുകൾ കൂടുതൽ ശാസ്ത്രീയവും കുറ്റമറ്റതും ആക്കുന്നതിനും പൊതുവായ ഒരു വിലയിരുത്തലിനും വേണ്ടി ഒരു മീറ്റിംഗ് 2020 മാർച്ച് 11-ാം തിയ്യതി ബുധനാഴ്ച്ച രാവിലെ 10 മണിയ്ക്ക് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വെച്ച് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത യോഗത്തിലേക്ക് എല്ലാ സ്ഥാപനങ്ങളുടെയും ഡയറക്ടർമാരും കണക്ക് കൈകാര്യം ചെയ്യുന്നവരും (സിസ്റ്റേഴ്സ്/വ്യക്തികൾ) തീർച്ചയായും വരേണ്ടതാണ്. ഈ യോഗത്തിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അദ്ധ്യക്ഷത വഹിക്കുന്നതും, വികാരി ജനറാളച്ചന്മാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവരും പങ്കെടുക്കുന്നതും മാർഗ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. ഈ യോഗത്തിലേക്ക് സ്ഥാപനത്തിന്റെ കണക്കുകളുടെ 2019 ഡിസംബർ 31-ാം തിയ്യതി ഉൾപ്പടെയുള്ള ട്രൈയൽ ബാലൻസുകൾ ഇതിനകം കൊണ്ടുവരാത്തവർ കൊണ്ടുവരേണ്ടതാണ്.

**2. സി.എ. ഓഡിറ്റ്**

ഇടവകകൾ കണക്കുകൾ ഓഡിറ്റ് ചെയ്യുവാനുള്ള ഓഡിറ്റർമാരെ നിശ്ചയിക്കാവുന്നതും അവരെ കൊണ്ട് കണക്കുകൾ ഓഡിറ്റ് ചെയ്യേണ്ടതുമാണ്.

**3. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഇടവകകൾക്ക് മാർച്ച് മാസം അവസാനം അതതു ഫൊറോനകൾ വഴി വിതരണം ചെയ്യുന്നതായിരിക്കും. ഇടവകകളിലെ Bank Account ഉള്ള എല്ലാ സംഘടനകളുടെയും

വാർഷിക കണക്കുകൾ (Trial Balance as on 31/3/20) എഴുതി വാങ്ങിക്കേണ്ടതും ഇടവകയുടെ ഓഡിറ്റ് ചെയ്യുന്ന ഓഡിറ്റർക്ക് കൊടുക്കേണ്ടതും ഇവ കൂടി ഇടവകകളുടെ ബാലൻസ് ഷീറ്റിൽ Consolidated ചെയ്യേണ്ടതുമാണ്.

**4. കൈക്കാരന്മാരുടേയും കണക്കെഴുത്തുകാരുടേയും സംയുക്ത യോഗം**

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടേയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുകാരുടേയും ഒരു സംയുക്ത യോഗം 2020 മാർച്ച് 21 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 2.00 ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭിവന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ. ടോണി നീലങ്കാവിൽ, വികാരി ജനറാൾമാർ, ചർട്ടേഡ് അക്കൗണ്ടന്റുമാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യങ്ങളും പുതിയ ആദായ നികുതി നിയമങ്ങൾ, 12 A രജിസ്ട്രേഷൻ പുതുക്കൽ, GST എന്നിവയും ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

| | | | |
|---|---|---|---|
| **രജിസ്ട്രേഷൻ** | **– 1.30 pm** | **ഉദ്ഘാടനം –** | **2.00 pm** |
| **ചർച്ച** | **– 2.30 pm** | **ലഘുഭക്ഷണം –** | **5.30 pm** |

**5. കാരുണ്യാ ട്രസ്റ്റ്**

1. വിവാഹം – 38000 2. ചികിത്സ – 37500 3. വിദ്യാഭ്യാസം – 6000

**6. അതിരൂപത സഹായ ഫണ്ട്**

1. ഭവന നിർമ്മാണം – 5000 2. ചികിത്സ – 2000

**7. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | | | |
|---|---|---|---|
| 1. ചിറ്റിലപ്പിള്ളി | – 7500 | 2. മച്ചാട് | – 7500 |
| 3. പുതുരുത്തി | – 7500 | 4. പടവരാട് | – 7500 |
| 5. വെള്ളാനിക്കോട് | – 7500 | 6. വെട്ടുക്കാട് | – 7500 |
| 7. ഒരുമനയൂർ | – 7500 | | |

**ഫാ. ഡിറ്റോ കൂള**
അസി. ഫിനാൻസ് ഓഫീസർ

**ഫാ. വർഗ്ഗീസ് കുത്തൂർ**
ഫിനാൻസ് ഓഫീസർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. ഷിന്റോ പാറയിൽ | 01 |
| ഫാ. ജെയിംസ് വടക്കൂട്ട് | 01 |
| ഫാ. വിൻസെന്റ് കണിമംഗലത്തുക്കാരൻ | 02 |
| ഫാ. മേജോ മങ്ങാട്ടിലയൻ | 02 |
| ഫാ. ഡേവിസ് പനംകുളം | 03 |
| ഫാ. ഷാജൻ ചീരമ്പൻ | 03 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 03 |
| ഫാ. അഗസ്റ്റിൻ മംഗലം | 03 |
| ഫാ. സെബാസ്റ്റ്യൻ ചാലക്കൽ | 05 |
| ഫാ. സെബി വെളിയൻ | 05 |
| ഫാ. റോയ് മൂക്കൻ | 06 |
| ഫാ. ഡെന്നി താണിക്കൽ | 07 |
| ഫാ. ബിനു പറോക്കാരൻ | 07 |
| ഫാ. ടിജോ മുള്ളക്കര | 07 |
| ഫാ. റാഫി തട്ടിൽ | 07 |
| ഫാ. ഡേവിസ് ചെറയത്ത് | 08 |
| ഫാ. ബാബു പാണാട്ടുപറമ്പിൽ | 08 |
| ഫാ. സെബാസ്റ്റ്യൻ അറക്കൽ | 09 |
| ഫാ. പോൾ പയ്യപ്പിള്ളി | 09 |
| ഫാ. ദേവസ്സി പന്തല്ലൂക്കാരൻ | 10 |
| ഫാ. സിജോ അരിക്കാട്ട് | 10 |
| ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ | 13 |
| ഫാ. ഡെന്നിസ് മാറോക്കി | 13 |
| ഫാ. ജോബി ചുള്ളിക്കാടൻ | 14 |
| ഫാ. ഫിജോ ആലപ്പാടൻ | 14 |
| ഫാ. തോമസ് വേലൂക്കാരൻ | 15 |
| ഫാ. ജോസ് തെക്കേക്കര സീനിയർ | 16 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 18 |
| ഫാ. ജോസഫ് അറാശ്ശേരി | 20 |
| ഫാ. പ്രകാശ് പുത്തൂർ | 21 |
| ഫാ. ബിൽജു വാഴപ്പിള്ളി | 23 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 23 |
| ഫാ. ഡൊമിനി ചാഴൂർ | 23 |
| ഫാ. ഡൊമിനിക് തലക്കോടൻ | 23 |
| ഫാ. ലിയോ പുത്തൂർ | 23 |
| ഫാ. ജോയ്സൻ ചെറുവത്തൂർ | 24 |
| ഫാ. സാജൻ പിണ്ടിയാൻ | 26 |
| ഫാ. ഫ്രാൻസിസ് തരകൻ | 27 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 28 |
| ഫാ. ജോസ് കോനിക്കര സീനിയർ | 29 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 29 |
| ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി | 29 |
| ഫാ. പോൾ പിണ്ടിയാൻ | 30 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോസ് ഐനിക്കൽ | 19 |
| ഫാ. ബിജു ആലപ്പാട്ട് | 19 |
| ഫാ. ബിജു ജോസഫ് ആലപ്പാട്ട് | 19 |
| ഫാ. ജോഷി ആളൂർ | 19 |
| ഫാ. നോബി അമ്പൂക്കൻ | 19 |
| ഫാ. ജോസഫ് അന്തിക്കാട്ട് | 19 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 19 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. ജോസഫ് അറാശ്ശേരി | 19 |
| ഫാ. ജോസഫ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. പ്രകാശ് പുത്തൂർ | 19 |
| ഫാ. ലിവിൻ ചൂണ്ടൽ | 19 |
| ഫാ. സന്തോഷ് അന്തിക്കാട്ട് | 19 |
| ഫാ. ജിജോ മാളിയേക്കൽ | 19 |
| ഫാ. ഫെബിൻ ചിറയത്ത് | 19 |
| ഫാ. ടോണി അരിമ്പൂർ | 19 |
| ഫാ. ജെറിൻ അരിമ്പൂർ | 19 |
| ഫാ. ജോസ് ചാലക്കൽ | 19 |
| ഫാ. ജോൺസൻ ചാലിശ്ശേരി | 19 |
| ഫാ. ഷാജൻ ചീരമ്പൻ | 19 |
| ഫാ. ജിയോ ചെറടായി | 19 |
| ഫാ. സിജോ ചെറുവത്തൂർ | 19 |
| ഫാ. ജോളി ചിറമ്മൽ | 19 |
| ഫാ. ജോഫി ചിറയത്ത് | 19 |
| ഫാ. ഷാജു ചിറയത്ത് | 19 |
| ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോഫി ചിറ്റിലപ്പിള്ളി | 19 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജിന്റോ ചിറ്റിലപ്പിള്ളി | 19 |
| ഫാ. ജോബി ചുള്ളിക്കാടൻ | 19 |
| ഫാ. ജോസ് എടക്കളത്തൂർ | 19 |
| ഫാ. ജിമ്മി എടക്കുളത്തൂർ | 19 |
| ഫാ. ജോസ് കാച്ചപ്പിള്ളി | 19 |
| ഫാ. ജോബി കടപ്പൂരാൻ | 19 |
| ഫാ. ജിയോ കടവി | 19 |
| മോൺ. ജോസഫ് കാക്കശ്ശേരി | 19 |
| ഫാ. പ്രദീഷ് കല്ലറക്കൽ | 19 |
| ഫാ. സിന്റോ കരേപറമ്പൻ | 19 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 19 |
| ഫാ. ജോസ് കോനിക്കര സീനിയർ | 19 |
| ഫാ. ഡിറ്റോ കൂള | 19 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 19 |
| ഫാ. ജോയ് കൂത്തൂർ | 19 |
| ഫാ. സനൽ തോമസ് മാളിയേക്കൽ | 19 |
| ഫാ. ജെയ്സൻ മാറോക്കി | 19 |
| ഫാ. അലക്സ് മരോട്ടിക്കൽ | 19 |
| ഫാ. റോയ് മൂക്കൻ | 19 |
| ഫാ. ഗ്രിജോ മുരിങ്ങാത്തേരി | 19 |
| ഫാ. ജോസഫ് മുരിങ്ങാത്തേരി | 19 |
| ഫാ. ജോയ് മുരിങ്ങാത്തേരി | 19 |
| ഫാ. പ്രിൻസ് നായങ്കര | 19 |
| ഫാ. അനീഷ് നെല്ലിക്കൽ | 19 |
| ഫാ. ദിജോ ഒലക്കേങ്കിൽ | 19 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 19 |
| ഫാ. ജോജു പനക്കൽ | 19 |
| ഫാ. ജിജോ പിടിയത്ത് | 19 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 19 |
| ഫാ. സിന്റോ പൊറത്തൂർ | 19 |
| ഫാ. ഡൈജോ പൊറുത്തൂർ | 19 |
| ഫാ. ജോസഫ് പുളിക്കൻ | 19 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 19 |
| ഫാ. ജോസ് പുന്നോലിപറമ്പിൽ | 19 |
| ഫാ. റിജോയ് തൈവളപ്പിൽ | 19 |
| ഫാ. നിബിൻ തളിയത്ത് | 19 |
| ഫാ. ജിക്സൻ താഴത്ത് | 19 |
| ഫാ. ജോസ് തെക്കേക്കര ജൂനിയർ | 19 |
| ഫാ. ജോസ് തെക്കേക്കര സീനിയർ | 19 |
| ഫാ. ജിയോ തെക്കിനിയത്ത് | 19 |

| | |
|---|---|
| ഫാ. ജോബ് വടക്കൻ | 19 |
| ഫാ. റോയ് ജോസഫ് വടക്കൻ | 19 |
| ഫാ. ജോസഫ് വടക്കേത്തല | 19 |
| ഫാ. ജോസ് വല്ലൂരാൻ | 19 |
| ഫാ. ജോസ് വട്ടക്കുഴി | 19 |
| ഫാ. റിജോ വിതയത്തിൽ കൊഴുക്കുള്ളിക്കാരൻ | 19 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ചിറയത്ത് ഔസേപ്പ് | 14-03-1891 |
| ഫാ. പാറക്കൽ തോമസ് | 30-03-1891 |
| ഫാ. വിതയത്തിൽ ഔസേപ്പ് | 16-03-1893 |
| ഫാ. കണ്ണമ്പുഴ ആന്റണി | 03-03-1895 |
| ഫാ. ഇമ്മട്ടി ഔസേപ്പ് | 17-03-1935 |
| ഫാ. വളപ്പില എസ്തപ്പാനോസ് | 22-03-1942 |
| ഫാ. കൊള്ളന്നൂർ ജേക്കബ് | 01-03-1947 |
| ഫാ. ആട്ടോക്കാരൻ തോമസ് | 23-03-1947 |
| ഫാ. പാലയൂർ ആന്റണി | 14-03-1950 |
| ഫാ. നീലങ്കാവിൽ ഫ്രാൻസിസ് | 27-03-1951 |
| ഫാ. അമ്പൂക്കൻ പോൾ സീനിയർ | 31-03-1952 |
| ഫാ. ചിറ്റിലപ്പിള്ളി ലൂവീസ് | 22-03-1956 |
| ഫാ. ചിറ്റിലപ്പിള്ളി ജോസഫ് | 30-03-1959 |
| ഫാ. അക്കര ജോർജ്ജ് ജൂനിയർ | 10-03-1962 |
| ഫാ. കരിപ്പേരി ജോൺ | 16-03-1962 |
| ഫാ. പുതുശ്ശേരി ജോർജ്ജ് | 06-03-1965 |
| ഫാ. തച്ചിൽ ജോൺ | 09-03-1968 |
| ഫാ. പാറേമ്പിൽ പോൾ | 02-03-1970 |
| മോൺ. ചിറയത്ത് സെബാസ്റ്റ്യൻ | 01-03-1979 |
| ഫാ. ചിറ്റിലപ്പിള്ളി പോൾ | 12-03-1981 |
| ഫാ. കാരത്ര സെബാസ്റ്റ്യൻ | 19-03-1986 |
| ഫാ. മഞ്ഞളി ജോസഫ് | 20-03-1990 |
| ഫാ. മാള്യമ്മാവ് റാഫേൽ | 17-03-1996 |
| ഫാ. വെളിയന്നൂക്കാരൻ ഇഗ്നേഷ്യസ് | 17-03-2003 |
| ഫാ. തേർമഠം ഫ്രാൻസിസ് | 17-03-2006 |



# ■ സന്യസ്തർ

## സി. ആർ. ഐ. വാർത്തകൾ

1. **സി.എം.സി.**

വി. ചാവറപിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് 3ന് മാന്നാനത്ത് നടന്ന ആഘോഷമായ ദിവ്യബലിയിലും അനുസ്മരണ സമ്മേളന ത്തിലും സിസ്റേറഴ്സ് പങ്കെടുക്കുകയും, കബറിടം സന്ദർശിച്ച് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു. മൂന്ന് ദിവസത്തെ ആത്മീയ ഒരുക്കങ്ങൾക്കുശേഷം ദനഹാതിരുനാളിൽ ദിവ്യബലി മദ്ധ്യേ സിസ്റേറഴ്സ് വ്രതനവീകരണം നടത്തി. വി.കുര്യാക്കോസ് ഏലി യാസ് ചാവറപിതാവിന്റെ 150–ാം ചരമ വാർഷിക ആഘോഷങ്ങളുടെ ഭാഗമായി 12 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ ഫാ.സണ്ണി പുന്നോലിപറമ്പിൽ അർപ്പിച്ച ആഘോഷമായ ദിവ്യബലിയിൽ എല്ലാ ഭവനങ്ങളിലെയും സുപ്പീരിയേഴ്സ് പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് നിർദ്ധനരായ 150 കുടുംബങ്ങൾക്ക് ഒരു മാസ ത്തേക്ക് ആവശ്യമുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ ഒരു കിറ്റ് നൽകി. അവിഭക്ത തൃശ്ശൂർ പ്രോവിൻസിന്റെ ഗോൾഡൻ ജൂബിലിയാഘോഷം 23 ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. പാലക്കാട്, ഇരിഞ്ഞാലക്കുട, ഇൻഡോർ എന്നീ പോവിൻസുകളിൽനിന്നായി 20 സിസ്റ്റേഴ്സ് എത്തിയിരുന്നു. 25 ന് തൃശ്ശൂർ നിർമ്മല പ്രോവിൻസിന്റെ 11 അമ്മമാരുടെ ജൂബിലി കുരിയച്ചിറ സെന്റ് പോൾസ് സ്കൂൾ ഓ ഡിറ്റോറിയത്തിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമംഗളം നടന്നു.

2. **എഫ്.സി.സി.**

ജനുവരി 5 മുതൽ 8 വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ ബഹു. ജനറാളമ്മയുടെ കാനോനിക വിസീത്ത നടന്നു. ജനുവരി 7–ാം തീയതി ചൊവ്വാഴ്ച 2 മുതൽ 4 വരെ അസ്സീസിയിൽ വച്ച് ബഹു. ജനറാളമ്മയുടെ നേതൃത്വത്തിൽ ലോക്കൽ സുപ്പീരി

യേഴ്സിനായി നടത്തിയ മീറ്റിംഗിൽ എല്ലാ ലോക്കൽ സുപ്പീരിയേഴ്സും സംബന്ധിച്ചു. ജനുവരി 12 മുതൽ 15 വരെ പുതുച്ചേരി സേക്രഡ് ഹാർട്ട് കോൺവെന്റ്, സാന്താക്ലാര കോൺവെന്റ് എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ കാനോനിക വിസീത്ത നടത്തി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജനുവരി 17 മുതൽ 19 വരെ നടന്ന ലോക്കൽ സുപ്പീരിയേഴ്സ് കോൺഫറൻസിൽ എല്ലാവരും പങ്കെടുത്തു. 22-ാം തീയതി തൃശൂർ അതിരൂപത Family Apostolate ൽവെച്ച് നടത്തിയ Save & Santhwanam Collaborators & Beneficiaries Meetingൽ പ്രൊവിൻഷ്യൽ സുപ്പീരിയറും പ്രൊ. കൗൺസിലറും സംബന്ധിച്ചു. 23 മുതൽ 27 വരെ തൃശ്ശൂർ അസ്സീസിയിൽ വച്ചു നടത്തിയ കാരിസം സെമിനാറിൽ 56 സിസ്റ്റേഴ്സ് പങ്കെടുത്തു. 23 മതൽ 26 വരെ വെണ്ടോർ മേഴ്സി പ്രെയർ സെന്റർ, വെണ്ടോർ സെന്റ് മേരീസ് എഫ്.സി കോൺവെന്റ് എന്നിവിടങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ കാനോനിക വിസീത്ത നടത്തി. 27 മുതൽ 29 വരെ പോർസ്യുങ്കുളായിൽ വച്ച് നടന്ന ജനറൽ പ്ളീനറി കൗൺസിൽ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരിയും, മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. റോസ് അനിതയും സംബന്ധിച്ചു.

**3. സി.എച്ച്.എഫ്.**

നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.മേഴ്സി പോൾ പാറന്നൂർ ഹോളി ഫാമിലി കോൺവെന്റ്, വല്ലച്ചിറ ഹോളി ഫാമിലി കോൺവെന്റ് എന്നിവിടങ്ങളിൽ കാനോനിക സന്ദർശനം നടത്തി. നവജ്യോതി പ്രോവിൻസിന്റെ പ്രൊവിൻസ് ഡേ ജനുവരി 11 ന് സമുചിതമായി ഘോഷിച്ചു. 10 മണിയുടെ പ്രാർത്ഥനാ ശുശ്രൂഷക്ക് ശേഷം മോൺസിഞ്ഞോർ ജോസ് വല്ലൂരാനച്ചൻ ദിവ്യബലിയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. നവജ്യോതി പ്രൊവിൻസിലെ ഈ വർഷം ആദ്യവ്രതാർപ്പണം നടത്തിയ പതിമൂന്ന് ജൂനിയർ സിസ്റ്റഴ്സ് പൂമല ഇടവകയിൽ ഹോം മിഷൻ നടത്തുകയും ഇടവക ജനങ്ങൾക്ക് ക്ലാസുകൾ നടത്തുകയും വചനം പങ്കുവയ്ക്കുകയും ചെയ്തു. നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള സ്ക്കൂളുകളിലെ ഹെഡ്മിസ്ട്രസ്സുമാരുടേയും സ്റ്റാഫ് സെക്രട്ടറിമാരുടേയും മീറ്റിങ്ങ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയർ ജനറൽ മദർ ഉദയ കാനോനിക സന്ദർശനം നടത്തി.

**4. സി.എസ്.സി.**

തൃശ്ശൂർ അതിരൂപതയിൽ പുതിയതായി പൗരോഹിത്യം സ്വീകരിച്ച

ബഹുമാന്യരായ വൈദികർക്ക് ജനുവരി മാസത്തിൽ മരിയഭവൻ ജനറലേറ്റ് കോലഴിയിലും, മരിയപ്രൊവിൻഷ്യൽ ഹൗസ് കൂർക്കഞ്ചേരിയിലും ഹൃദ്യമായ സ്വീകരണം നൽകി.

**5. എസ്.എ.ബി.എസ്.**

പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ ആഫ്രിക്കയിലെ Sion Province ന്റെ സിൽവർ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്ത് തിരിച്ചെത്തി. നിർമ്മൽ റാണി പ്രോവിൻസിൽ നടത്തപ്പെട്ട 20 days retreat ൽ 23 സിസ്റ്റേഴ്സ് പങ്കെടുത്തു. അദിലാബാദ് രൂപതയിൽ, റബ്ബന്ന എന്ന സ്ഥലത്ത് മിഷൻ ഭവനമായ മേരി റാണി കോൺവെന്റിന്റെ കല്ലിടൽ കർമ്മത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടനും പ്രൊവിൻഷ്യൽ കൗൺസിലർ സി.ടെസ്മി തെക്കിനിയത്തും പങ്കെടുത്തു.

## ആദരാഞ്ജലികൾ



**07.01.2020 – എഫ്.സി.സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ ബഹു. സി. ഡേവിഡ് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**17.01.2020 –സി.എം.സി.** ചൂണ്ടൽ സാൻതോം ഭവനാംഗമായ സി. ആർച്ച്ബാൾഡ് നിര്യാതയായി. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരിയുടെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം വക കല്ലറയിൽ സംസ്ക്കരിക്കുകയും ചെയ്തു.



**04.02.2020–സി.എച്ച്.എഫ്** നവജ്യോതി പ്രൊവിൻസിലെ ഒളരിക്കര ലിറ്റിൽ ഫ്ളവർ ഭവനാംഗമായ സി. സാവുള നിര്യാതയായി. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസ് കല്ലറയിൽ സംസ്ക്കാരകർമ്മം നടത്തി.

**സി. നമിത റോസ് സി.എം.സി.**

സെക്രട്ടറി



# പാലയൂർ തീർത്ഥകേന്ദ്രം

1. **മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം**

   പാലയൂർ മാർ തോമ അതിരൂപത തീർത്ഥകേന്ദ്രത്തെ സീറോ മലബാർ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമാക്കി ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം മാർച്ച് 29ന് പാലയൂർ മഹാതീർത്ഥാടന സമാപനത്തിൽ സഭയുടെ പിതാവും തലവനുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ശ്രേഷ്ഠ മെത്രാപോലീത്ത നിർവഹിക്കുന്നു.

2. **മാർതോമ ചൊവ്വാഴ്ചയാചരണം**

   മാർ തോമ ചൊവ്വാഴ്ചയാചരണം എല്ലാ ചൊവ്വാഴ്ചയും രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 3 വരെ. ജപമാല, വചന പ്രഘോഷണം, ദിവ്യബലി, ദിവ്യ കാരുണ്യ ആരാധന, നൊവേന, തിരുശേഷിപ്പ് വന്ദനം എന്നിവയുണ്ടായിരിക്കും.

3. **മുപ്പെട്ടു ഞായർ**

   മാർച്ച് മാസത്തെ മുപ്പെട്ടു ഞായർ തിരുനാൾ മാർച്ച് 15ന്. രാവിലെ ദിവ്യബലിക്ക് ശേഷം നൊവേന, ലദീഞ്ഞ്, തളിയക്കുളത്തിലേക്ക് പ്രദക്ഷിണം, തിരുശേഷിപ്പ് വണക്കം, ആദ്യ ചോറൂണ്, നേർച്ച കഞ്ഞി വിതരണം, ഉച്ചതിരിഞ്ഞ് 3 മണിക്ക് തളിയക്കുളത്തിൽ സമൂഹ മാമ്മോദീസ.

4. **വ്രതാരംഭ കൂട്ടായ്മ**

   ഈ വർഷത്തെ വ്രതാരം കൂട്ടായ്മ വിഭൂതി നാളിൽ തളിയക്കുള കപ്പേളയിൽ നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു.



5. **ഏകദിന പ്രാർത്ഥന കൂട്ടായ്മകൾ**

ഫെബ്രുവരി 25 മുതൽ തളിയക്കുള കപ്പേളയിൽ ഏകദിന പ്രാർത്ഥന കൂട്ടായമകൾ ആരംഭിച്ചു. ഈ വർഷം ഓരോ ഫൊറോന അടിസ്ഥാനത്തിലാണ് ഓരോ ദിവസത്തെയും പ്രാർത്ഥ കൂട്ടായ്മകൾ ക്രമീകരിച്ചിരിക്കുന്നത്.

6. **പാലയൂർ കൺവെൻഷൻ**

മഹാ തീർത്ഥടനത്തോടനുബന്ധിച്ചുള്ള പാലയൂർ കൺവെൻഷൻ മാർച്ച് 18ന് ആരംഭിക്കും. വയനാട് മക്കിയാട് ബനഡിക്ടൻ ധ്യാന കേന്ദ്രത്തിലെ ഫാ. ജോയ് ചെമ്പകശ്ശേരിയുടെ നേതൃത്വത്തിലാണ് ഈ വർഷത്തെ വൈകീട്ട് 4.30 മുതൽ രാത്രി 9 വരെയാണ് കൺവെൻഷൻ. മാർച്ച് 22 ന് സമാപിക്കും.

7. **ജാഗരണ പദയാത്രകൾ**

തൃശ്ശൂർ ബസലിക്കയിൽ നിന്നാരാംഭിച്ച മുഖ്യ ജാഗരണ പദയാത്രയും അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നുള്ള മറ്റു ജാഗരണ പദയാത്രകളും പാലയൂർ തീർത്ഥകേന്ദ്രത്തിൽ പുലർച്ചയോടെ എത്തിച്ചേരുന്നു.

8. **മഹാതീർത്ഥാടനം മാർച്ച് 29ന്**

കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് കഴിഞ്ഞ തവണ ഏർപ്പെടുത്തിയ സംവിധാനമായിരിക്കും ഇത്തവണയും നടപ്പിലാക്കുന്നത്. രണ്ട് ഘട്ടങ്ങളിലായുള്ള തീർത്ഥാടനത്തിൽ ആദ്യഘട്ടം രാവിലെ 4 മണിക്ക് ലൂർദ്ദ് കത്തീഡ്രലിൽ ദിവ്യബലിയും തുടർന്ന് 5 മണിയോടെ മുഖ്യ പദയാത്രയും ആരംഭിക്കുന്നു. ഇത് 11 മണിയോടെ പാലയൂർ തീർത്ഥകേന്ദ്രത്തിൽ എത്തി ചേരുന്നു. മറ്റു മേഖല പദയാത്രകളിലും ഇതേ രീതിയിലുള്ള ക്രമീകരണം നടത്തുന്നതാണ്. രണ്ടാം ഘട്ടം പാവറട്ടി തീർത്ഥകേന്ദ്രത്തിൽ നിന്ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 4 മണിയോടെ പാലയൂരിൽ എത്തിചേരുന്നു. വാഹനങ്ങളിൽ എത്തിചേരുന്നവർക്ക് പാവറട്ടിയിൽ നിന്നും പുറപ്പെടുന്ന രണ്ടാം ഘട്ട തീർത്ഥാടനത്തിൽ പങ്കെടുക്കാവുന്നതാണ്. പാലയൂർ ഫൊറോനയിലെയും മറ്റു സമീപ ഫൊറോനകളിലെ ഇടവകകളിൽ നിന്നും പാലയൂരിലേക്ക് 4 മണിയോടെ നേരിട്ട് എത്താവുന്ന ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. തീർത്ഥകേന്ദ്രത്തിൽ രാവിലെ മുതൽ മുഴുവൻ സമയങ്ങളിലും ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്. രാവിലെ മുതൽ തീർത്ഥകേന്ദ്രത്തിലെത്തുന്ന തീർത്ഥാടകർക്ക് നേർച്ച കഞ്ഞി നൽകുന്നതാണ്.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളേ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. എനിക്കറിയാം ഈ മാസം നിങ്ങൾക്ക് എന്നോട് എന്താണ് പറയാനുള്ളതെന്ന്. പിതാവേ, പരീക്ഷയാണ്, ജയിക്കാൻ വേണ്ടി പ്രാർത്ഥിച്ചോളോ. നിങ്ങളിൽ ചിലർക്കെങ്കിലും പരീക്ഷകളെ നേരിടാൻ ചെറിയ ഭയവും ആകുലതയും ഉണ്ടായേക്കാം. പക്ഷേ നമ്മൾ പരീക്ഷകളെ ഭയപ്പെടേണ്ട ആവശ്യമില്ല. നമ്മെ സ്നേഹിക്കുന്ന ഈശോ, തനിക്കുണ്ടായ എല്ലാ പരീക്ഷകളെയും അതിജീവിച്ചവനാണ്. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പരീക്ഷകളെ അതിജീവിക്കാൻ ഈശോ നൽകുന്ന മാതൃക അനുകരിക്കാവുന്നതാണ്.

ഈശോ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിനു മുൻപ് മരുഭൂമിയിൽ വെച്ച് പിശാചിനാൽ പരീക്ഷിക്കപ്പെടുന്നുണ്ട് (മത്താ 4: 1–11). പിശാച് തന്റെ മുന്നിൽ വെച്ച മൂന്ന് പ്രലോഭനങ്ങളെയും യേശു നേരിടുന്നത് വചനം ഉപയോഗിച്ചുകൊണ്ടാണ്. കല്ലുകളെ അപ്പമാക്കാനുള്ള ആദ്യത്തെ പ്രലോ ഭനത്തെ ഈശോ നേരിടുന്നതിന് ഉപയോഗിച്ച വചനം (നിയമാവർത്തനം 8:3). അപ്പം കൊണ്ടുമാത്രമല്ല, കർത്താവിന്റെ നാവിൽ നിന്നും പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത്. രണ്ടാമത്, പിശാച് യേശുവിനെ ദൈവാലയത്തിന്റെ അഗ്രത്തിൽ കയറ്റി നിർത്തി താഴേക്കു ചാടാൻ പ്രലോഭനം നൽകി. രണ്ടാമത്തെ പ്രലോഭനത്തെ നേരിടുന്നതിന് ഈശോ ഉപയോഗിച്ച വചനം (നിയമാവർത്തനം 6:16). നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്. മൂന്നാമത്, പിശാച് യേശുവിനെ പ്രലോഭനം നൽകിയത് തന്നെ ആരാധിക്കാൻ പറഞ്ഞുകൊണ്ടായിരുന്നു. മൂന്നാമത്തെ പ്രലോഭനത്തെ നേരിടുന്നതിന് യേശു ഉപയോഗിച്ച വചനം (നിയമാവർത്തനം 6:13 –14). നിങ്ങളുടെ ദൈവമായ കർത്താവിനെ ആരാധിക്കണം, അവിടുത്തെ മാത്രമേ പൂജിക്കാവൂ.

പ്രിയമുള്ള കുഞ്ഞുമക്കളേ, ഇത്തരത്തിലുള്ള പ്രലോഭനങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകില്ല. എന്നാൽ നമ്മുടെ പഠനവുമായി ബന്ധപ്പെട്ട്, പരീക്ഷയുമായി ബന്ധപ്പെട്ട് ഒരുപാട് പ്രലോഭനങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരാം. പഠിക്കാതിരിക്കാനുള്ള മടി, പഠിക്കുന്നത് ഓർമ്മ നിൽക്കാതെ വരുമ്പോൾ നമുക്കുണ്ടാകുന്ന നിരാശ, പഠിച്ചിലെങ്കിലും വിജയം ലഭിക്കുമെന്നുള്ള അമിതമായ ആത്മവിശ്വാസം, ഒന്നും പഠിക്കാതെ ദൈവത്തോട് പ്രാർത്ഥിച്ചാൽ മാത്രം മതി എന്നുള്ള തെറ്റായ ചിന്ത, പരീക്ഷക്കു കോപ്പിയടിക്കാനുള്ള പ്രവണത, പരീക്ഷ കഴിഞ്ഞ് നല്ല വിജയം ലഭിക്കുമ്പോൾ ദൈവത്തോട് നന്ദി പറയാതെ സ്വന്തമായ കഴിവിൽ അഹങ്കരിക്കുന്നത്. ഇങ്ങനെ തുടങ്ങി ഒരുപാട് പ്രലോഭനങ്ങൾ കടന്നുവന്നേക്കാം. അതിനെ എങ്ങനെ അതിജീവിക്കണം എന്നാണ് ഈശോ നമ്മെ പഠിപ്പിക്കുന്നത്. ദൈവവചനം ഉപയോഗിച്ചുകൊണ്ടുവേണം നമ്മുടെ ജീവിതത്തിൽ കടന്നുവരുന്ന ഇത്തരം പ്രലോഭനങ്ങളെ അതിജീവിക്കാൻ. അതിന് നിങ്ങളെ സഹായിക്കുന്ന കുറച്ച് ദൈവവചനങ്ങൾ നിങ്ങൾക്ക് പറഞ്ഞുതരാം.

ആദ്യമേ തന്നെ എല്ലാ ദിവസവും പഠനം ആരംഭിക്കുന്നതിനു മുൻപ് 10 മിനിറ്റ് സമയം വചനം വായിച്ച് അതിൽ നിന്ന് ഒരു ദൈവവചനം ഹൃദ്യസ്ഥമാക്കികൊണ്ടുവേണം പഠനം ആരംഭിക്കാൻ. ദൈവത്തിന്റെ അനുഗ്രഹം ലഭിക്കാനും നമ്മുടെ ഓർമ്മ ശക്തി വർദ്ധിക്കാനും ഇത് സഹായകമാകും. രണ്ടാമതായി പഠനം ആരംഭിക്കുന്നതിന് മുൻപ് നമ്മൾ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കണം. വെറുതേ പ്രാർത്ഥിച്ചാൽ പോരാ, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ചോദിച്ചു പ്രാർത്ഥിക്കണം. ഇതിന് നമ്മൾ പ്രാർത്ഥിക്കേണ്ട വചനം (ഏശയ്യാ 11: 2) കർത്താവിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്, ഉപദേശത്തിന്റെയും ശക്തിയുടെയും ആത്മാവ്, അറിവിന്റെയും ദൈവശക്തിയുടേയും ആത്മാവ്. പഠനം ആരംഭിച്ചു കഴിഞ്ഞ് കുറച്ചു കഴിയുമ്പോൾ പഠിക്കുന്നത് ഓർമ്മയിൽ നിൽക്കാതെ വരുമ്പോൾ നമുക്ക് നിരാശ തോന്നിയേക്കാം. ഇങ്ങനെയുള്ള സമയങ്ങളിൽ പ്രാർത്ഥിക്കേണ്ട വചനം (ഫിലിപ്പി 4:13) എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും. പഠിച്ചുകൊണ്ടിരിക്കുമ്പോൾ മടി കടന്നുവരാൻ സാധ്യതയുണ്ട്. അപ്പോൾ നമ്മൾ പ്രാർത്ഥിക്കേണ്ട വചനം (റോമ 12:11) തീക്ഷണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ. പഠിച്ചുകൊണ്ടിരിക്കുമ്പോൾ നമുക്കെല്ലാവർക്കും ഉണ്ടാകുന്ന പ്രശ്നമാണ് പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതിരിക്കുക എന്നത്. ഇത്തരം സന്ദർഭങ്ങളിൽ നാം പ്രാർത്ഥിക്കേണ്ട വചനമാണ് (2 തിമോത്തേയോസ് 1:7) എന്തെന്നാൽ ഭീരുത്വ

ത്തിന്റെ ആത്മാവിനെയല്ല ദൈവം നമുക്ക് നൽകിയിരിക്കുന്നത്; ശക്തിയുടേയും സ്നേഹത്തിന്റെയും ആത്മ നിയന്ത്രണത്തിന്റെയും ആത്മാവിനെയാണ്. പഠനം ആരംഭിക്കുന്നതിനു മുമ്പെന്നപ്പോലെ പഠനം കഴിയുമ്പോഴും നമ്മൾ പ്രാർത്ഥിക്കണം. പഠനത്തിനുശേഷം നമ്മൾ പ്രാർത്ഥിക്കേണ്ട വചനം (സുഭാഷിതങ്ങൾ 16:3) നിന്റെ പ്രയത്നം കർത്താവിൽ അർപ്പിക്കുക; നിന്റെ പദ്ധതികൾ ഫലമണിയും.

ഇത്തരത്തിൽ ദൈവവചനം ഉപയോഗിച്ച് പ്രാർത്ഥിച്ചുകൊണ്ട് പരീക്ഷ പഠനങ്ങളിൽ നമുക്കുണ്ടാകുന്ന പ്രലോഭനങ്ങളെ അതിജീവിക്കാൻ സാധിക്കും. എന്താ നമുക്കൊന്നു പരിശ്രമിച്ചു നോക്കികൂടെ? എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഒരു പരീക്ഷ കാലവും നല്ല വിജയവും ആശംസിക്കുന്നു.

നിങ്ങളുടെ വത്സല പിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

വിശ്വാസപരിശീലനത്തിന്റെ വാർഷിക പരീക്ഷകൾ ഫെബ്രുവരി 09, 16, 23 എന്നീ തിയതികളിൽ നന്നായി നടത്തുവാൻ സഹായിച്ച എല്ലാ വൈദികരോടും പ്രിൻസിപ്പൽമാരോടും എല്ലാ വിശ്വാസപരിശീലകരോടും നന്ദിപറയുന്നു. വിശ്വാസപരിശീലനം തുടർപരിശീലനമാകയാൽ, അവധിക്കാലത്തും തുടർച്ചയുണ്ടാകാവുന്നവിധത്തിൽ കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും വിശ്വാസപ്രബോധന ക്ലാസ്സുകളും പരിപാടികളും ഇടവകതലത്തിൽ സംഘടിപ്പിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

1. **Chief Examiners' Meeting**: 23rd February, Sunday 10.30 AM
2. **കേന്ദ്രീകൃത മൂല്യനിർണ്ണയം – 2020**

   **a)** ACC & XII കേന്ദ്രീകൃത മൂല്യനിർണ്ണയം വിശ്വാസപരിശീലനകേന്ദ്രത്തിൽ വെച്ചാണ് നടത്തുന്നത്. ACC കേന്ദ്രീകൃത മൂല്യനിർണ്ണയം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ Examination Board ന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്

**b)** Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വിശ്വാസപരിശീലനകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

**Centralised Valuation** : Time: 9.30 AM - 4.30 PM

Std. XII : 2020 ഫെബ്രുവരി 29, മാർച്ച് 1 ശനി, ഞായർ

ACC : 2020 ഫെബ്രുവരി 29, മാർച്ച് 1, 7, 8 ശനി, ഞായർ

3. **Mark List & Internal Assessment Mark Upload**

   വാർഷികപരീക്ഷയുടെ എല്ലാ ക്ലാസ്സിലേയും മാർക്ക് ലിസ്റ്റും ഇന്റേണൽ അസ്സസ്സ്മെന്റ് മാർക്കും സോഫ്റ്റ് വെയറിൽ അപ്‌ലോഡ് ചെയ്യേണ്ട അവസാനതിയ്യതി മാർച്ച് 15 ആണെന്ന് ഓർമ്മിപ്പിക്കുന്നു. കൃത്യസമയത്തു തന്നെ എൻട്രികൾ പൂർത്തിയാക്കേണ്ടതാണ്. സോഫ്റ്റ് വെയറിന്റെ സുഗമമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണം കൂടിയേ തീരു.

4. **Absentees Annual Examinations & Annual Re-examinations (in units)**

   ക്ലാസ്സ് 1 മുതൽ 11 ഉൾപ്പെടെയുള്ള ക്ലാസ്സുകളിൽ അർദ്ധവാർഷിക, വാർഷികപരീക്ഷകളിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കുംവേണ്ടി യൂണിറ്റ് ഡയറക്ടറുടെ ഉത്തരവാദിത്വത്തിൽ പ്രത്യേകപരീക്ഷ (Re-Examination) നടത്തേണ്ടതാണ്. ഈ പരീക്ഷയുടെ ചോദ്യപേപ്പറുകൾ യൂണിറ്റുതന്നെയാണ് തയ്യാറാക്കേണ്ടത്. ഈ പരീക്ഷകളുടെ മാർക്കുകൾ സ്കോളർഷിപ്പിനോ സമ്മാനങ്ങൾക്കോ റാങ്കിനോ പരിഗണിക്കുന്നതല്ല. ഇപ്രകാരം നടത്തുന്ന പരീക്ഷയിലും പങ്കെടുക്കാതിരിക്കുകയോ ആവശ്യമായ പാസ്മാർക്ക് നേടാതിരിക്കുകയോ ചെയ്യുന്നവരെ വിജയിച്ചതായി പരിഗണിക്കില്ല. അവർക്ക് അടുത്ത അധ്യയനവർഷം വീണ്ടും അതേ ക്ലാസ്സുകളിൽ ഹാജരാകുകയും പരീക്ഷകൾ എഴുതി പാസ്സാകുകയും ചെയ്യാവുന്നതാണ്. ഇങ്ങനെയുള്ള കുട്ടികളുടെ രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്.

5. **Std. XII, ACC Re-Examination: 2020 May 09, Saturday**

   വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക.

6. **Sunday Catechism Scholarship Examination**

   **23rd May 2020 Saturday 02 pm - 04 pm**

   അർദ്ധവാർഷിക പരീക്ഷയിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് നേടിയ (32/40) വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിശ്ചിത തിയ്യതിക്കുള്ളിൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ലഭിച്ച ഉത്തരക്കടലാസ്സുകൾ പുനർമൂല്യനിർണ്ണയം ചെയ്തിരുന്നു. ഇപ്രകാരം വിശ്വാസപരിശീലനകേന്ദ്രത്തിലെ പുനർമൂല്യനിർണ്ണയത്തിനുശേഷം ലഭിച്ച മാർക്കിനോടുകൂടി വാർഷികപരീക്ഷയിൽ യൂണിറ്റിലെ മൂല്യനിർണ്ണയത്തിൽ ലഭിച്ച

മാർക്കുകൂടി കൂട്ടിയാൽ 88 ശതമാനമോ അതിൽക്കൂടുതലോ മാർക്കുള്ള വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷയുടെ ഉത്തരകടലാസ്സുകൾ വിശ്വാസപരിശീലനകേന്ദ്രത്തിലേക്ക് **2020 മാർച്ച് 20**നു മുമ്പ് സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്കുശേഷം വരുന്ന ഉത്തരക്കടലാസ്സുകൾ സ്വീകരിക്കുന്നതല്ല.

*Examination Centres:*

| | |
|---|---|
| 1. Cherpu | St. Antony's Church |
| 2. Eravu | St. Theresa's Church |
| 3. Pavaratty | St. Joseph's Church |
| 4.Thalore | Infant Jesus Church |
| 5.Thrissur | St. Mary's UPS, Lourdes Cathedral |
| 6.Thrissur | Mathanikethan, Thrissur Dolours Basilica |
| 7. Wadakkanchery | St. Francis Xavier's Forane Church |

**പ്രത്യേകപുസ്തകം (Additional Portion)**

ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് 'പ്രത്യേകപുസ്തകം' താഴെ പറയുന്നവയാണ്.

| | |
|---|---|
| for Std. IV | വി. ലൂക്കാ1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. V | വി. മർക്കോസ് 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. VI | വി. മത്തായി 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |
| for Std. VII | വി. യോഹ 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ |

Stds. VIII - XI വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകപാഠ്യഭാഗം 'കത്തോലിക്കാസഭ' പത്രത്തിന്റെ 2019 ഒക്ടോബർ മുതൽ 2020 ഫെബ്രുവരി ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജ്.

ഞായറാഴ്ച വിശ്വാസപരിശീലന സ്കോളർഷിപ്പ് പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ വിശ്വാസപരിശീലന സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

7. **Intensive Catechism** – ദൈവദർശൻ 2020 (ACC വിദ്യാർത്ഥികൾക്കും കൂടി). ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമിനരി റെക്ടറുമായി ബന്ധപ്പെടുക: ഫോൺ : 0487 - 2420891, 2423196. കുട്ടികളുടെ ധ്യാനത്തിന് ചിൽഡ്രൻസ് മിനിസ്ട്രിയെയും സമീപിക്കാവുന്നതാണ്. **Director Ph. 2325336**

8. **Basic CTC Course -** അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്.

**March 27 Friday 5PM - 29 Sunday 4PM**

**April 24 Friday 5PM - 26 Sunday 4PM**

**May 8 Friday 5PM - 10 Sunday 4PM**

അതിരൂപതയിലെ വിശ്വാസപരിശീലകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി.സി. കോഴ്സിൽ പങ്കെടുക്കേണ്ട അധ്യാപകരെ വിശ്വാസപരിശീലന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) വിശ്വാസപരിശീലന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

**9. Aptitude Rank List 2019**

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർക്ക് അഭിനന്ദനങ്ങൾ

I$^{st}$ Rank



Mr. Linoy Lonappan
*Puthuruthy*

II$^{nd}$ Rank



Sr. Shan Maria
SABS, *Eyyal*

III$^{rd}$ Rank



Miss. Maya Sanker
*Vellattanjoor*

**Other Ranks**

IV. Mrs. Bindhu Baby Perinchery
V. Mr. Varghese Thalakkodan, Mukkattukara
VI. Miss. Mariya Jini P. V, Engandiyur
VII. Mr. Jolly C. F, Padavarad
VIII. Mr. Stanlin Raphel, Aranattukara
IX. Mrs. Dimple Benny, Thrissur Lourdes Cathedral
X. Mrs. Beena Sevi, Mukkattukara

**10. MODEL UNITS**

A. ARCHDIOCESAN LEVEL BEST MODEL UNIT : KANNARA

B. FORANE LEVEL MODEL UNITS

| Forane | Unit |
|---|---|
| 01. Chelakkara | Mayannur |
| 02. Erumappetty | Eyyal |
| 03. Kandassankadavu | Vadanappilly |
| 04. Kottekad | Kottekad |
| 05. Mattom | Mattom |
| 06. Ollur | Perinchery |
| 07. Palayur | Brahmakulam |
| 08. Parappur | Chittilappilly |
| 09. Pattikad | Kannara |
| 10. Pazhuvil | Anthikad |
| 11. Pudukad | Vellanikode |
| 12. Puthur | Valakkavu |
| 13. Thrissur Lourdes | Thrissur Lourdes |
| 14. Thrissur Dolours | Kuriachira |
| 15. Velur | Thandilam |
| 16. Wadakkanchery | Thiroor |

**C. Units having "Special Mention"**

Ayyanthole, Erumapetty, Enamakkal, Elanad, Karumathra, Kodannur, Parappur, Peechi, Ponganamkad, Vaka

**D. Highest Points Scored**

First - Thrissur Lourdes
Second - Karumathra

**11. സർവ്വീസ് അവാർഡ് ദിനം – 26 ജനുവരി 2020**

ഈ വർഷത്തെ സർവ്വീസ് അവാർഡ് ദിനം സമുചിതമായി ആഘോഷിച്ചു. അതിരൂപതയിലെ നവവൈദികരുടെ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് വിശ്വാസപരിശീലകർ കത്തിച്ച തിരികളുമായി പ്രതിജ്ഞയെടുക്കുകയും ചെയ്തു. അതിനുശേഷം വിശ്വാസപരിശീലകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു.

ഉച്ചയ്ക്കുള്ള സ്നേഹവിരുന്നിനുശേഷം അവാർഡ്ദാന പൊതുസമ്മേളനം ആരംഭിച്ചു. ബഹു. അസി.ഡയറക്ടർ ഫാ. റോയ്സൻ കൊള്ളന്നൂർ ഏവർക്കും സ്വാഗതം നേർന്നു. അഭിവന്ദ്യ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ അധ്യക്ഷനായിരുന്നു. ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ക്രിസ്റ്റ്യൻ ചെയർ ഡയറക്ടർ റവ.ഡോ. പോൾ പുലിക്കൻ, കാറ്റകെറ്റിക്കൽ കൗൺസിൽ സെക്രട്ടറി ഡോ. ടോണി ജോസഫ്, പി. ടി. എ. പ്രസിഡണ്ട് ശ്രീ സീജോ ചിറക്കേക്കാരൻ എന്നിവർ ആശംസകൾ നേർന്നു. കറസ്പോണ്ടൻസ് തിയോളജി കോഴ്സ് പൂർത്തിയാക്കിയവർ, അഡ്വാൻസ്ഡ് സി.ടി.സി., റിസോഴ്സ് പേഴ്സൺസ് ട്രെയിനിംഗ് എന്നിവ പൂർത്തിയാക്കിയവർ, വിശ്വാസപരിശീലകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്ക് ജേതാക്കൾ, സീറോ മലബാർ മതബോധനകമ്മീഷൻ നടത്തിയ 12–ാം ക്ലാസ്സിലെ പ്രതിഭാസംഗമത്തിലേക്ക് അതിരൂപതയിൽനിന്നു തെരഞ്ഞെടുക്കപ്പെട്ടവർ, സർവ്വീസ് അവാർഡിനർഹരായ അധ്യാപകർ, മുടങ്ങാതെവന്ന അധ്യാപകർ, ബെസ്റ്റ് മോഡൽ യൂണിറ്റ്, മോഡൽ യൂണിറ്റുകൾ, Highest Point നേടിയ യൂണിറ്റുകൾ എന്നിവർ ആർച്ച്ബിഷപ്പിൽനിന്ന് സർട്ടിഫിക്കറ്റുകളും പുരസ്കാരങ്ങളും ഏറ്റുവാങ്ങി. 28 വർഷമായി വിശ്വാസപരിശീലന ഓഫീസ് സെക്രട്ടറിയായിരുന്ന ശ്രീ പി. എം. സേവ്യർ മാസ്റ്ററുടെ വിരമിക്കൽ ചടങ്ങും സർവ്വീസ് അവാർഡ് ദിനത്തോടനുബന്ധിച്ച് നടത്തി. 5 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ദീപികയു

ടേയും കത്തോലിക്കാസഭ പത്രത്തിന്റെയും ഡയറക്ടറായി സ്ഥലം മാറിപോകുന്ന ഡയറക്ടറയിരുന്ന ഫാ. റാഫേൽ ആക്കാമറ്റത്തിലച്ചനും തൊയക്കാവ് പള്ളിയുടെ വികാരിയായി സ്ഥലം മാറിപോകുന്ന അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ഫാ. റിജോ വിതയത്തിലച്ചനും യാത്രയയപ്പും നടത്തി. പുതിയ ഡയറക്ടറായി സ്ഥാനമേൽക്കുന്ന ഫാ. ഫ്രാൻസിസ് ആളൂരച്ചന് സ്വാഗതവും ഈ ദിനത്തിൽ നടത്തുകയുണ്ടായി. ശ്രീ. പി. എം. സേവ്യർ മാസ്റ്റർ, വിശ്വാസപരിശീലക പ്രതിനിധി ശ്രീ. ഡേവിസ് സി. എ. എന്നിവർ മറുപടിപ്രസംഗം നടത്തി. ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. അസി. ഡയറക്ടർ ഫാ. റോയ്സൻ കൊള്ളന്നൂർ, ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, റവ. സി. വിൻസി ലിസ്ബത്ത് എഫ്.സി.സി. ശ്രീമതി സാലി ജോബി എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. ആയിരത്തിലധികം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു.

**12. യാത്രാമംഗളങ്ങളും സ്വാഗതാശംസകളും**

2020 ഫെബ്രുവരി 2–ാം തിയ്യതി 02.00 ന് അതിരൂപതാ വിശ്വാസപരിശീലന പ്രിൻസിപ്പൽമാർ, കാറ്റകറ്റിക്കൽ കൗൺസിലർമാർ എന്നിവരുടെ സംയുക്തയോഗത്തിൽ വെച്ച് സ്ഥലം മാറിപ്പോകുന്ന ഡയറക്ടർമാർക്കും പുതിയതായി ചാർജ്ജ് എടുക്കുവാൻ വരുന്ന ഡയറക്ടർമാർക്കും യാത്രാമംഗളങ്ങളും സ്വാഗതാശംസകളും നേർന്നു.

1. **റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ**

5 വർഷമായി ഡയറക്ടർ എന്ന നിലയിൽ വിശ്വാസപരിശീലനകേന്ദ്രത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച പ്രിയപ്പെട്ട ബഹു. റാഫേലച്ചന് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ. പുരോഗതിയിൽ നിന്നും പുരോഗതിയിലേക്ക് വിശ്വാസപരിശീലനകേന്ദ്രത്തെ നയിച്ച അച്ചന് എല്ലാവിധ പ്രാർത്ഥനാശംസകളും നേർന്നുകൊള്ളുന്നു.

2. **റവ. ഫാ. റിജോ വിതയത്തിൽ**

അസി. ഡയറക്ടർ എന്ന നിലയിൽ രണ്ടു വർഷത്തെ സേവനം കൊണ്ട് ഏവരുടേയും സ്നേഹവും ആദരവും പിടിച്ചുപറ്റിയ റിജോ അച്ചന് ഏറെ നന്ദി. പുതിയ ഇടവകയിലെ പ്രവർത്തനത്തിൽ എല്ലാ ആശംസകളും നേരുന്നു.

3. **റവ. ഫാ. ഫ്രാൻസിസ് ആളൂർ**

പുതിയ ഡയറക്ടർ ബഹു. ഫ്രാൻസിസ് അച്ചന് എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്യുന്നു. പുതിയ പ്രവർത്തനമണ്ഡലത്തിൽ എല്ലാവിധ നന്മകളും നേരുന്നു.

4. **റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
| ,, | Anna Austin | St. Antony's H.S.S., Pazhuvil | ,, |
| ,, | Ganga V.S. | St. George's U.P.S., Mukkattukara | ,, |
| ,, | Denna Mariya P.D. | St. John's H.S.S., Parappur | ,, |
| ,, | Jerin Johnson | C.J.M.A.H.S.S., Varandarappilly | ,, |
| ,, | Krishnaprasad P. | St. Thomas C.H.S.S., Thrissur | ,, |
| ,, | Rosmin Nelson | St. Mary's H.S., Chengaloor | ,, |
| ,, | Abhishek S. Nair | St. Thomas C.H.S.S., Thrissur | ,, |

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# ബൈബിൾ പ്രേഷിതത്വം

**1. യാത്രാമംഗളങ്ങൾ..!**

അതിരൂപത ബൈബിൾ പ്രേഷിതത്വത്തിന്റെ അസി. ഡയറക്ടറായി കഴിഞ്ഞ 6 മാസത്തോളം നേതൃത്വം നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട ബഹു. ജിന്റോ ചൂണ്ടലച്ചന് സ്തുത്യർഹമായ സേവനത്തിന് കൃതജ്ഞതയുടെ നറുമലരുകൾ.

**2. സ്വാഗതം..!**

ബൈബിൾ പ്രേഷിതത്വത്തിന്റെ പുതിയ ഡയറക്ടറായി ചുമതലയേറ്റ

ബഹു. മേജോ മരോട്ടിക്കലച്ചനും, അസി. ഡയറക്ടറായി ചുമതലയേറ്റ ബഹു. ലിൻസൺ തട്ടിലച്ചനും എല്ലാവിധ ആശംസകളും പ്രാർത്ഥനകളും.

3. **ലോഗോസ് ക്വിസ് 2020**

ലോഗോസ് ക്വിസ് 2020, സെപ്റ്റംബർ 27ന് ഞായാറഴ്ച ആയിരിക്കും. രജിസ്ട്രേഷൻ ജൂൺ 1ന് ആരംഭിക്കുന്നു. പഠനഭാഗം: നിയമാവർത്തനം 22–34, പ്രഭാഷകൻ 18–22, മർക്കോസ് 1–8, 1കോറിന്തോസ് 1–8

4. **തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2020 ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനം 2020 ആഗസ്റ്റ് 26, ഒക്ടോബർ 2, നവംബർ 4 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്നവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ. ഫോൺ: 0487–2320780, 7558937090, 9447721976

**ഫാ. ലിൻസൺ തട്ടിൽ**
അസി. ഡയറക്ടർ

**ഫാ. മേജോ മരോട്ടിക്കൽ**
ഡയറക്ടർ

# സാന്ത്വനം

1. **ക്ലെയർ നഗറിൽ ഹാപ്പി ഹോംസ്**

സാന്ത്വനത്തിൽ നിന്നും 2018ലെ വെള്ളപ്പൊക്ക ബാധിതർക്കായി മനക്കൊടിയിൽ അസ്സീസി പ്രൊവിൻസ് സൗജന്യമായി നല്കിയ സ്ഥലത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന 16 വീടുകളിൽ നിർമ്മാണം പൂർത്തിയാക്കിയ 9 ഭവനങ്ങളുടെ ആശീർവാദകർമ്മം അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിക്കുകയുണ്ടായി. തദവസരത്തിൽ, തൃശൂർ ജില്ലാ കളക്ടർ ശ്രീ. എസ്. ഷാനവാസ് ഭവനങ്ങളുടെ താക്കോൽദാനവും FCC അസ്സീസി പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. ഫോൺസി മരിയ FCC മറ്റു നാലുപേർക്കുള്ള ഭൂമിദാനവും നിർവ്വഹിക്കുകയുണ്ടായി.

**2. സൗഹൃദസംഗമം നടത്തി**

2018ലെ പ്രളയദുരിതാശ്വാസനടപടികളിൽ സഹകരിച്ച വളണ്ടിയേഴ്സ്, ഉപകാരികൾ, ഗുണഭോക്താക്കൾ എന്നിവരുടെ ഒരു സംഗമം അതിരൂപത ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. അതിരൂപതാ അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത യോഗത്തിൽ FCC അസ്സീസി പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. ലിറ്റിൽ മേരി, MMB ബ്രദർ. എഡ്വിൻ കുറ്റിക്കൽ, റവ. ഫാ. തോമസ് പൂപ്പാടി എന്നിവർ അനുഭവങ്ങൾ പങ്കുവെച്ച് സംസാരിച്ചു.

**3. ഭവനങ്ങൾ ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ സേവ് തൃശ്ശൂർ പദ്ധതിയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 6 ഭവനങ്ങൾ ആശീർവദിച്ചു. മുക്കാട്ടുകര, മച്ചാട്, പഴയന്നൂർ, പല്ലിശ്ശേരി, വെളുത്തൂർ, കുണ്ടുകാട് എന്നീ ഇടവകകളിലെ ജാതിഭേദമെന്യേ അർഹതയുള്ള ഗുണഭോക്താക്കൾക്കാണ് ഭവനം നിർമ്മിച്ച് ആശീർവദിച്ച് കൈമാറിയത്. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ എന്നിവർ ആശീർവാദ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചടങ്ങിൽ സേവ് തൃശ്ശൂർ കമ്മിറ്റിയംഗങ്ങൾ, സാന്ത്വനം ടീമംഗങ്ങൾ, അതാതു സ്ഥലങ്ങളിലെ ഇടവക വികാരിമാർ, ഇടവക പ്രതിനിധികൾ എന്നിവർ സന്നിഹിതരായിരുന്നു.

**4. ലാവണ്ടർ ആർമിയുടെ അവാർഡ് വിതരണം നടത്തി**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചുകൊണ്ട് നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായ ലാവണ്ടർ ആർമിയുടെ, 2018–2019 വർഷത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാലയങ്ങൾക്കുള്ള അവാർഡ് വിതരണവും കാൻസർ ദിനാചരണവും, ഫെബ്രുവരി 4 ചൊവ്വാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ചത് കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. പോൾ മൂഞ്ഞേലി ആയിരുന്നു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, അസ്സിസ്റ്റന്റ് ഡയറക്ടർ ഫാ. സിന്റോ തൊറയൻ, കാരിത്താസ് ഇന്ത്യയുടെ പ്രോഗ്രാം ഓഫീസർമാരായ ശ്രീ. അബീഷ് ആന്റണി, ശ്രീ. ജോർജ്ജ് മാത്യു, ഗവേണിംഗ് ബോഡി മെമ്പർ ശ്രീ. എ. എ. ആന്റണി, കോ–ഓർഡിനേറ്റർ ശ്രീ. അലൻ

ജോൺ എന്നിവർ പങ്കെടുത്തു. 2018–19 ലെ ലാവണ്ടർ ആർമിയുടെ അവാർഡിന്(10000/– + ട്രോഫി) സെന്റ് പോൾസ് പബ്ലിക് സ്കൂൾ, കുരിയച്ചിറയെയും, ഫസ്റ്റ് റണ്ണർ അപ്പ് (7000/– + ട്രോഫി) ആയി സെന്റ് ജോൺസ് അക്കദമി, വെട്ടുകാടിനെയും, സെക്കൻഡ് റണ്ണർ അപ്പ് (5000/– + ട്രോഫി) ആയി സെന്റ് സെബാസ്റ്റ്യൻസ് എസ്.ജി. എച്ച്.എസ് സ്കൂൾ നെല്ലിക്കുന്നിനെയും തെരഞ്ഞെടുത്ത് ആദരിച്ചു. അതിരൂപത മെത്രാപ്പോലിത്ത മാർ ആൻഡ്രൂസ് താഴത്ത് അവാർഡ്ദാനം നിർവ്വഹിച്ചു.

**5. KSBCDC വായ്പ വിതരണം**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, തൃശ്ശൂർ അതിരൂപതയിലെ സ്വയം സഹായ സംഘങ്ങൾക്ക് നൽകി വരാറുള്ള വായ്പകൾ അനുവദിച്ചിട്ടുണ്ട്. വായ്പാ തുക ഒരു കോടി രൂപയാണ്. 25 സ്വയം സഹായ സംഘങ്ങളുടെ അപേക്ഷകളാണ് ഈ വായ്പകൾക്ക് അർഹതയുള്ളത്. അതിന്റെ തുടർ നടപടികൾ ചെയ്തു വരുന്നു.

**6. സോഷ്യൽ സർവ്വീസ് എക്സലൻസ് മെറിറ്റ് അവാർഡ് 2020**

കൊച്ചിയിലെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ വർഷം തോറും നല്കുന്ന കേരള സോഷ്യൽ സർവ്വീസ് എക്സലൻസ് അവാർഡിനായി സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടിയെ തെരഞ്ഞെടുത്തു. ജനുവരിയിൽ കൊച്ചിയിൽ, കേരളത്തിലെ സോഷ്യൽ സർവ്വീസ് സ്ഥാപന ഡയറ്കടർമാരുടെ സാന്നിദ്ധ്യത്തിൽ വെച്ച് നടന്ന അവാർഡ് ദാനചടങ്ങിൽവെച്ച് 25000 രൂപയുടെ കാഷ് അവാർഡും മെറിറ്റ് സർട്ടിഫിക്കറ്റും നല്കുകയുണ്ടായി.

**7. സേവ് എ ഫാമിലി വാർഷിക പ്ലാനിംഗ് നടത്തി**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി 2020–2021 വാർഷിക പദ്ധതിയിലേക്ക് നിലവിൽ 270 ഗുണഭോക്തൃകുടുംബങ്ങളാണ് സാന്ത്വനം FDP പ്രോഗ്രാമിൽ ഉള്ളത്. കഴിഞ്ഞ മാസത്തിൽ 30 ഗുണഭോക്തൃ കുടുംബങ്ങളുടെ വാർഷിക പ്ലാനിംഗ് നടത്തി. അതിൽ 25 ഗുണഭോക്തൃ കുടുംബങ്ങളുടെ വാർഷിക പ്ലാനിംഗ് ഷീറ്റ് അപ്ലോഡ് ചെയ്തു. വിവിധതരം പദ്ധതികൾ ഉള്ള കുടുംബങ്ങളിൽ ഫീൽഡ് ആനിമേറ്റർ ഓരോ കുടുംബങ്ങൾ സന്ദർശിച്ച് പ്ലാനിംഗ് നടത്തിയാണ് ഇവ ക്രമീകരിക്കുന്നത്. ഭവനനിർമ്മാണം, ശൗചാലയനിർമ്മാണം, ചെറുകിടസരംഭങ്ങൾ,വിദ്യാഭ്യാസം, ചികിത്സ എന്നീ മേഖലകളിൽ പ്ലാനിംഗ് നടന്നു.

**8. സേവ് എ ഫാമിലിയുടെ ആനുവൽ ജനറൽ മീറ്റിംഗ് നടത്തി**

സേവ് എ ഫാമിലിയുടെ ആനുവൽ ജനറൽ മീറ്റിംഗ് SAFPഇന്ത്യൻ ഓഫീസായ കാലടി ഐശ്വര്യഗ്രാമത്തിൽ വച്ച് നടത്തി. സാന്ത്വനത്തെ പ്രതിനിധീകരിച്ച് അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വട്ടക്കുഴി പങ്കെടുത്ത് സേവ് എ ഫാമിലിയുടെ പ്രധാന തീരുമാനങ്ങൾ, വികസന പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

**9. വർക്ക്ഷോപ്പ് നടത്തി**

സേവ് എ ഫാമിലിയുടെ എല്ലാ DSS ആനിമേറ്റർമാർക്കുംവേണ്ടി SAFP ഇന്ത്യൻ ഓഫീസായ കാലടി ഐശ്വര്യഗ്രാമത്തിൽ 3 ദിവസത്തെ വർക്ക്ഷോപ്പ് നടത്തി. പ്രധാനമായും വർക്ക്ഷോപ്പിൽ വാർഷിക പദ്ധതി ക്രമീകരണം, പുതിയ വാർഷിക പദ്ധതി ക്രമീകരണം നടത്തേണ്ട വിധം, പുതിയ ഫാമിലി സെലക്ഷൻ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട മാനദണ്ഡങ്ങൾ, റീസൺ ഫോർ കൺസിഡർ എഴുതേണ്ട വിധം എന്നിവ വിശദീകരിച്ചു. പാർട്നർ ഫാമിലിയുടെ വീട്ടിൽ ഇരുന്ന് അവരോട് ചോദിച്ച് വാർഷിക പദ്ധതി ക്രമീകരണം നടത്തണമെന്നും റീപ്രൊഡക്ഷൻ അല്ല ക്രിയേഷൻ ആണ് വേണ്ടതെന്നും ഓർമ്മിപ്പിച്ചു.

**10. സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടത്തി**

ആമ്പക്കാട്, നെല്ലങ്കര എന്നീ സ്നേഹനിധി യൂണിറ്റുകളിൽ വാർഷിക പൊതുയോഗങ്ങൾ നടത്തി. പൊതുയോഗങ്ങളിൽ ഇടവക വികാരിമാർ, സാന്ത്വനം അസി. ഡയറക്ടർ, കോർഡിനേറ്റർ, ആനിമേറ്റർ എന്നിവർ പങ്കെടുത്തു. സ്നേഹനിധി നിലനിർത്തികൊണ്ട് ഇടവകയിൽ പുതിയ രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അസി.ഡയറക്ടർ ഫാ. സിന്റോ തൊറയൻ വിശദീകരിച്ചു.

**11. പുതിയ സ്വയം സഹായ സംഘങ്ങൾ സന്ദർശിച്ചു**

പൊന്നൂക്കരയിലെ പുതിയതായി ആരംഭിച്ച മേരിമാതാ, അൽഫോൻസാമ്മ, സ്നേഹനിധി എന്നീ സ്വയം സഹായ സംഘങ്ങളിൽ സാന്ത്വനം ടീമംഗങ്ങൾ സന്ദർനം നടത്തി. പുതിയ സ്വയം സഹായ സംഘങ്ങൾക്ക് എക്കൗണ്ട്സ് പരിശീലനവും നല്ല രീതിയിൽ പ്രവർത്തിക്കുന്നതിന് വേണ്ട നിർദേശങ്ങളും നൽകി.

**12. പുതിയ സ്വയം സഹായ സംഘങ്ങളുടെ രജിസ്ട്രേഷൻ നടത്തി**

പുതിയ സ്വയം സഹായ സംഘങ്ങൾക്ക് എക്കൗണ്ട് തുടങ്ങുന്നതിനും രജിസ്ട്രേഷൻ ചെയ്യുന്നതിനുമായി ഒല്ലൂർ ഈസ്റ്റ് യൂണിറ്റിൽ നിന്നും, ഹെവൻ റോസ്, സ്നേഹ, മറിയം ത്രേസ്യ, ഫ്രണ്ട്സ്, പനംകുറ്റി

ച്ചിറ യൂണിറ്റിൽ നിന്ന് മേരിമാതാ, എന്നീ സ്വയം സഹായ സംഘങ്ങ ളുടേയും അപേക്ഷകൾക്ക്, തുടർ നടപടികൾ ചെയ്തു വരുന്നു.

**13. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകയും സംഖ്യയും താഴെ ചേർക്കുന്നു**

കല്ലൂർ- Rs.11611/-, കണ്ടശ്ശാംകടവ്- Rs.17191/-, കുണ്ടന്നൂർ– Rs.10,818/-, മുള്ളൂർക്കര-Rs.27,929/-, മണലൂർ-Rs.10,207/-, അഞ്ചേരി-Rs.10,335/-, ചേലക്കര-Rs.28,596/-, മരത്താക്കര-Rs.42,951/-, മറ്റം-Rs.31246/-, നടത്തറ-Rs.26,737/-, പള്ളിക്കുന്ന്–Rs.23558/-, തോന്നൂക്കര-Rs.5000/-, കണ്ണാറ-Rs.24,395/-.

**14. ജെസ്പ് II: പാരന്റ്സ് മീറ്റ്**

ജെസ്പ് പദ്ധതിയുടെ ഭാഗമായുള്ള യൂണിറ്റ് സന്ദർശനം തിരുവില്വാമല, ചാഴൂർ, വരടിയം, പടവരാട്, കുരിയച്ചിറ, ആർത്താറ്റ്, ആളൂർ, പാലുവായ്, കൊട്ടേക്കാട്, മരോട്ടിച്ചാൽ, അടുപ്പുട്ടി, എറവ് എന്നീ യൂണിറ്റുകളിൽ സന്ദർശനം നടത്തി. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി, ജെസ്പ് കോ–ഓർഡിനേറ്റർ ശ്രീമതി. രമ്യ റോബിൻ, വിവിധ യൂണിറ്റുകളിലെ ആനിമേറ്റേഴ്സ്, ജെസ്പ് പദ്ധതിയിലെ കുട്ടികൾ, അവരുടെ മാതാപിതാക്കൾ തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തു.

**15. യാത്രയയപ്പ് നടത്തി**

സാന്ത്വനം ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടിയുടെ സ്ഥലമാറ്റം പ്രമാണിച്ച് യാത്രയയപ്പ് നൽകുന്നതിനായി ഫാമിലി അപ്പോസ്റ്റലേറ്റ് സെന്ററിൽ ഫെബ്രുവരി 4 ന് ചേർന്ന യോഗത്തിൽ അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ സ്വാഗതം അർപ്പിച്ചു. ഈ സമ്മേളനത്തിൽ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സ്ഥലം മാറിപോകുന്ന തോമസ് അച്ചനും പുതിയതായി ചാർജ് എടുക്കുന്ന ജോയ് മൂക്കൻ അച്ചനും പൊന്നാടയണിച്ച് ആദരിച്ചു. തദവസരത്തിൽ പിതാവ്, തോമസച്ചൻ ചെയ്ത സേവനങ്ങളെ പ്രകീർത്തിച്ച് സംസാരിക്കുകയും കെ.സി ഫൗണ്ടേഷന്റെ 2020 ലേക്കുള്ള കേരള സോഷ്യൽ സർവ്വീസ് എക്സലൻസ് മെറിറ്റ് അവാർഡ് ലഭിച്ച അച്ചനെ അഭിനന്ദിക്കുകയും സാന്ത്വനം സ്റ്റാഫ് തയ്യാറാക്കിയ പ്രത്യേക കോഫി ടേബിൾ ബുക്ക് സമ്മാനിക്കുകയും ചെയ്തു. ഈ യോഗത്തിൽ തോമസച്ചന് ആശംസകൾ അർപ്പിക്കുന്നതിനോടൊപ്പം പുതിയ ഡയറക്ടറായി നിയോഗിക്കപ്പെട്ട ഫാ. ജോയ് മൂക്കൻ, അസോസിയേറ്റ് ഡയറക്ടറായി ചാർജ്ജ് എടുക്കുന്ന ഫാ. ഡോ. ജോസ് വട്ടക്കുഴി എന്നിവർക്ക് സ്വാഗതം നേർന്നു.

**16. പുതിയ ഡയറക്ടർമാർക്ക് സ്വീകരണം**

പുതിയ ഡയറക്ടറായി ചാർജ് എടുത്ത ഫാ. ജോയ് മൂക്കൻ, അസി. ഡയറക്ടർ ആയി ചാർജ്ജ് എടുത്ത ഫാ. ജോസ് വട്ടക്കുഴി എന്നിവർക്ക് സാന്ത്വനം ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരിയച്ചനും ബോർഡ് അംഗങ്ങളും സ്റ്റാഫ് അംഗങ്ങളും സമുചിതമായി സ്വീകരണം നൽകി.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോ.ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ




# ഫാമിലി അപ്പോസ്റ്റലേറ്റ്

**1. സീറോ ഡിവോഴ്സ്**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2008 മുതൽ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി, അവരുടെ ദാമ്പത്യ പ്രണയം ശക്തിപ്പെടുത്താൻ ഇടവക അടിസ്ഥാനത്തിൽ **സീറോ ഡിവോഴ്സ്** പ്രോഗ്രാം നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിൽ പുലക്കാട്ടുകര, മണ്ണുത്തി എന്നീ ഇടവകകളിൽ നടത്തുകയുണ്ടായി. സഹകരിച്ചവർക്കും പങ്കെടുത്തവർക്കും ഒത്തിരി നന്ദി. സീറോ ഡിവോഴ്സ് പ്രോഗ്രാം ഇടവക അടിസ്ഥാനത്തിൽ നടത്താൻ ആഗ്രഹിക്കുന്നവർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടറെ സമീപിക്കേണ്ടതാണ്.

**2. കപ്പിൾ മിനിസ്ട്രി**

തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകകളിൽ കപ്പിൾ മിനിസ്ട്രി ആരംഭിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 12 ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ദമ്പതികൾക്കുള്ള പരിശീലനം ഫെബ്രുവരി 1-ാം തിയ്യതി ശനിയാഴ്ച്ച

രാവിലെ 9.30 മുതൽ 4.30 വരെ എറണാകുളം അതിരൂപതയുടെ കപ്പിൾ മിനിസ്ട്രിയുടെ നേതൃത്വത്തിൽ കപ്പിൾ മിനിസ്ട്രി പരിശീലനം ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുകയുണ്ടായി. ഇതിന്റെ രണ്ടാം ഘട്ട പരിശീലനം ഫെബ്രുവരി 23-ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തി. പങ്കെടുത്തവർക്കും പറഞ്ഞയച്ചവർക്കും ഒത്തിരി നന്ദി.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ**
അസി.ഡയറക്ടർ

**ഫാ. ജിന്റോ ചൂണ്ടൽ**
അസി.ഡയറക്ടർ




1. **കുടുംബകൂട്ടായ്മ ആനിമേറ്റർ, പ്രവർത്തകസമിതി സംയുക്ത യോഗം**

   മാർച്ച് 14-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കുടുംബകൂട്ടായ്മ ആനിമേറ്റർ അച്ചന്മാരുടെയും പ്രവർത്തക സമിതി അംഗങ്ങളുടെയും സംയുക്ത യോഗം ഉണ്ടായിരിക്കുന്നതാണ്. ഈ മീറ്റിങ്ങിലേക്ക് കുടുംബകൂട്ടായ്മ ആനിമേറ്റർ അച്ചന്മാരെയും പ്രവർത്തക സമിതി അംഗങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2. **ചർച്ചാപഠനപരിശീലന ക്യാമ്പ്**

   ഏപ്രിൽ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് മാർച്ച് 28-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**3. ഫൊറോന കൺവെൻഷൻ**

അതിരൂപതയിലെ ഫൊറോന അടിസ്ഥാനത്തിൽ മാർച്ച് 1,8,15,22 എന്നീ തിയ്യതികളിലായി എല്ലാ ഫൊറോനകളിലെയും എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമം നടക്കുകയാണ്. ഓരോ ഫൊറോന കേന്ദ്രമാക്കി ആ ഫൊറോനയിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. എല്ലാ വികാരിയച്ചന്മാരും അതാത് ഫൊറോന കൺവെൻഷനിലേക്ക് എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളെയും പറഞ്ഞുവിടുമല്ലോ.

**4. ഫൊറോന സൗഹൃദ സന്ദർശനം**

ഫൊറോനകളിലേക്ക് അതിരൂപത കേന്ദ്രസമിതി ഭാരവാഹികൾ സന്ദർശനം നടത്താൻ ആഗ്രഹിക്കുന്നു. ഫൊറോന ഭാരവാഹികൾ കൂടുന്ന ദിവസമോ അല്ലെങ്കിൽ മറ്റേതെങ്കിലും ദിവസമോ അതിരൂപത കേന്ദ്രത്തിൽ അറിയിക്കുകയാണെങ്കിൽ ഫൊറോന സന്ദർശനത്തിനായി അതിരൂപതയിൽ നിന്ന് വരുന്നതായിരിക്കും. താൽപര്യമുള്ളവർ അറിയിക്കുമല്ലോ.

| | | |
|---|---|---|
| **ഷിന്റോ മാത്യു** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

**1. തൃശ്ശൂർ അതിരൂപത മാതൃവേദി ഒന്നാം സ്ഥാനത്ത്**

അന്തർദേശീയ സീറോ മലബാർ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 2018–19 വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച അതിരൂപതയായി ഒന്നാം സ്ഥാനം തൃശ്ശൂർ അതിരൂപത മാതൃവേദി കരസ്ഥമാക്കി. സീറോ മലബാർ സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് രൂപതകളുടെ മാതൃവേദിയുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മത്സരം സംഘടിപ്പിക്കുന്നത്. അത് തൃശ്ശൂർ അതിരൂപതയ്ക്ക് ലഭിക്കുകയും ചെയ്തു.  ഈ അവാർഡ് അന്തർദേശീയ മാതൃവേദി

യുടെ സെനറ്റ് സമ്മേളനം പാലാ രൂപതയുടെ അൽഫോൺസ്യൻ പാസ്റ്ററൽ സെന്ററിൽ വച്ച് പാലാ രൂപതയുടെ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവിൽ നിന്നും തൃശ്ശൂർ അതിരൂപത മാതൃവേദി ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, അസി.ഡയറക്ടർ ഫാ. അനീഷ് കൂത്തൂർ, പ്രസിഡണ്ട് ശ്രീമതി മേരി വിൻസെന്റ്, സെക്രട്ടറി ശ്രീമതി ജൂലി ബാബു, ട്രഷറർ ശ്രീമതി പ്രിൻസി ദാസ്, മറ്റ് അതിരൂപത ഭാരവാഹികളും ചേർന്ന് സ്വീകരിക്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപത മാതൃവേദിയെ ഒന്നാം സ്ഥാനത്തേക്ക് എത്തിക്കാൻ നേതൃത്വം കൊടുത്ത അഭിവന്ദ്യ പിതാക്കന്മാർക്കും സഹായിച്ച വൈദീകർക്കും മാതൃവേദി അംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**2. മാതൃവേദി മഹാ സംഗമം**

അതിരൂപതയിലെ എല്ലാ ഇടവകകളിലെയും എല്ലാ മാതൃവേദി അംഗങ്ങളും ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ മാർച്ച് 23–ാം തിയ്യതി തിങ്കളാഴ്ച്ച 9.30 മുതൽ 1.00 വരെ ഒന്നിച്ചുകൂടുന്നു. എല്ലാ മാതൃവേദി അംഗങ്ങളേയും ഈ സംഗമത്തിലേക്ക് ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു. എല്ലാ അമ്മമാരും മുടങ്ങാതെ മറക്കാതെ എത്തിച്ചേരുമല്ലോ. എല്ലാ അച്ചന്മാരും മാതൃവേദി അംഗങ്ങളെ ഈ സംഗമത്തിലേക്ക് പറഞ്ഞുവിടുവാൻ പരിശ്രമിക്കുമല്ലോ.

| **മേരി വിൻസെന്റ്** | **ഫാ. ജിന്റോ ചൂണ്ടൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | അസി. ഡയറക്ടർ | ഡയറക്ടർ |




## ജോൺ പോൾ പ്രോലൈഫ്

**1. പ്രതിഷേധ റാലി**

തൃശ്ശൂർ അതിരൂപത പ്രോലൈഫ് സമിതിയുടെയും മാതൃവേദിയുടെയും നേതൃത്വത്തിൽ ഗർഭപാത്രം കൊലക്കളമാക്കുന്ന ഗർഭഛിദ്ര നിയമ ഭേഗഗതിക്കെതിരായി നടത്തിയ പ്രതിഷേധ റാലി വൻവിജയ

മാക്കാൻ സഹായിച്ച മോൺ. തോമസ് കാക്കശ്ശേരി, റവ. ഫാ. വർഗ്ഗീസ് കൂത്തൂർ, പ്രോലൈഫ് പ്രവർത്തകർ, മാതൃവേദി അംഗങ്ങൾ എല്ലാവർക്കും ഒത്തിരി നന്ദി.

**2. തിരുമണിക്കൂർ ആരാധന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**3. ഏലീശാ സംഗമം**

ശിശുവിന്റെ സ്വഭാവരൂപീകരണം ഗർഭാവസ്ഥയിൽ ആരംഭിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിരിക്കുന്ന വസ്തുതയാണ്. ഗർഭാവസ്ഥയിൽ നന്നായി ഒരുങ്ങിയും പ്രാർത്ഥിച്ചും സ്വീകരിക്കുന്ന കുഞ്ഞുങ്ങൾ വൈകാരിക പക്വതയുള്ളവരായിത്തീരും. ഇങ്ങനെയുള്ള മക്കൾക്ക് ജന്മം നൽകുന്നതിന് സഹായിക്കുവാനായി തൃശ്ശൂർ അതിരൂപത പ്രോലൈഫിന്റെ നേതൃത്വത്തിൽ ഗർഭിണികൾക്കായുള്ള പ്രാർത്ഥനാ കൂട്ടായ്മ സംഘടിപ്പിക്കുന്നു. പരസ്പര പങ്കുവയ്പ്പിലൂടെയും പ്രാർത്ഥനയിലൂടെയും ഗർഭകാല സഹനങ്ങൾ രക്ഷാകരമാക്കുവാനുതകുന്ന സാക്ഷ്യങ്ങളും വൈദ്യശാസ്ത്ര മനശാസ്ത്ര വിദഗ്ധരുടെ ഉപദേശങ്ങളും അടങ്ങിയതാണ് ഈ പ്രാർത്ഥനാ കൂട്ടായ്മ. ദൈവമക്കൾക്ക് ജന്മം നൽകുവാൻ സഹായിക്കുന്ന ഈ പ്രാർത്ഥനാ കൂട്ടായ്മയിലേക്ക് എല്ലാ ഗർഭിണികളേയും സ്വാഗതം ചെയ്യുന്നു. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മാർച്ച് 15–ാം തിയ്യതി രാവിലെ 10.30 മുതൽ 3.30 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**4. ജീവകാരുണ്യ പ്രവർത്തകുടെ സംഗമം**

പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ തൃശ്ശൂർ രൂപതയ്ക്ക് അകത്ത് പ്രവർത്തിക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നവരുടെ സംയുക്ത സംഗമം മാർച്ച് 28–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 5.00 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. ആയതിലേക്ക് എല്ലാ ജീവകാരുണ്യ പ്രവർത്തകരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# സി.സി.ഡബ്ല്യു.

**പ്ലാസ്റ്റിക് വിമുക്ത തൃശ്ശൂർ**

അതിരൂപത സംഘടനയായ സി.സി.ഡബ്ല്യു.ഐ സംഘടനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് വിമുക്ത തൃശ്ശൂർ എന്ന ലക്ഷ്യത്തോടെ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. പ്രധാനമായും സ്കൂൾ, ഇടവക, ഭക്ത സംഘടന കേന്ദ്രീകൃതമായി ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തികൊടുക്കുന്നു. താൽപര്യമുള്ളവർ ഫാമിലി അപ്പൊസ്റ്റോലേറ്റുമായി ബന്ധപ്പെടേണ്ടതാണ്.

**ശ്രീമതി നിർമ്മല ആന്റോ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# പിതൃവേദി

**നിയമാവലി**

അതിരൂപത തലത്തിൽ  പിതൃവേദിയുടെ നിയമാവലി അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അതിരൂപത പിതൃവേദിയുടെ പ്രസിഡണ്ടായ ശ്രീ ജോജു നീലങ്കാവിലിന് നൽകികൊണ്ട് പ്രകാശനം ചെയ്തു. പിതൃവേദിയുടെ നിയമാവലി ഫാമിലി അപ്പൊസ്റ്റോലേറ്റിൽ നിന്ന് ലഭിക്കുന്നതാണ്. താൽപര്യമുള്ള വികാരിമാർ പിതൃവേദി ഇടവകയിൽ ആരംഭിക്കുന്നത് വളരെ നല്ലതാണ്. മാതൃവേദി അതിരൂപതയിലെ ഏറ്റവും ശകതമായ സംഘടനയായി മാറിയതുപോലെ പിതൃവേദിയേയും വളർത്തുവാൻ ഏവരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ശ്രീ. ജോജു നീലങ്കാവിൽ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **Excel Med. / Eng. Entrance 1 month Crash Course**
   2020 ഏപ്രിൽ, മെയ് മാസത്തിൽ നടക്കുന്ന Med. / Eng. Entrance, (Neet/Keam) Exam- കളിൽ പങ്കെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി ഒരു മാസം നീണ്ടു നിൽക്കുന്ന Med. / Eng. Crash Course, 2020 March 23, 30 തിയതികളിൽ, രണ്ട് ബാച്ചുകളിലായി, തൃശൂർ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ അക്കാദമി കാമ്പസിൽ വെച്ച് നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657, 8907804280
2. **Excel Med. / Eng. Entrance 5 days Bridge Course**
   10th പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്കായി 2020 മാർച്ച് 31-ാം തിയതി മുതൽ ഏപ്രിൽ 4-ാം തിയതി വരെ 5 ദിവസം നീണ്ടു നിൽക്കുന്ന Med. / Eng. Entrance, Bridge Course ആരംഭിക്കുന്നു. രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657, 8907804280
3. **Excel K - TET Class**
   എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ ശനി, ഞായർ ദിവസങ്ങളിൽ K-TET-ന്റെ ക്ലാസുകൾ ബിഷപ്പ്ഹൗസ്, DBCLC, എക്സൽ അക്കാദമിയിൽ നടന്നു കൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657
4. **Excel Science Genius, Parish level scholarship, Junior IAS Final Exam**
   തെരഞ്ഞെടുത്ത കുട്ടികൾക്കുള്ള എക്സൽ പാരിഷ് ലെവൽ സ്കോളർഷിപ്പ് Final Exam ഏപ്രിൽ 2-ാം തിയതി ബിഷപ്പ്ഹൗസ്, DBCLC, ഹാളിൽ ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും, എക്സൽ Science Genius-ന്റെ Final Exam ഏപ്രിൽ 4-ാം തിയതി DBCLC, ഹാളിൽ ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും, Junior IAS Final Exam ഏപ്രിൽ 18-ാം തിയതി രാവിലെ 9.30 മുതൽ 11.30 വരെ

എക്സൽ അവിണിശ്ശേരി കാമ്പസിൽ വെച്ചും നടത്തപ്പെടും. തെരഞ്ഞെടുത്ത കുട്ടികളുടെ ലിസ്റ്റുകൾ എക്സൽ അക്കാദമി Website-ൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് PH: 9744941585, 9847276657 - wwwexcelacademytcr.com, wwwexcelneet.com

**ഫാ. ഡേവീസ് തെക്കേകര**
ഡയറക്ടർ




**1. ഭരണകൂടനയങ്ങളിൽ ആശങ്കയും പ്രതിഷേധവും**

സെമിത്തേരി വിഷയവുമായി ബന്ധപ്പെട്ടുള്ള നയരൂപീകരണങ്ങളിലും ജീവന്റെ മൂല്യം കാത്ത് സൂക്ഷിക്കാതെ ഭ്രൂണഹത്യ നിയമവിധേയമാക്കാനുള്ള നിർദേശങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ തയ്യാറാണെന്നുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനകളിലും അതിയായ ആശങ്കയും പ്രതിഷേധവും കത്തോലിക്ക കോൺഗ്രസ് രേഖപ്പെടുത്തുകയും ഭരണാധികാരികളെ ധരിപ്പിക്കുകയും ചെയ്തു.

**2. വോട്ടർ പട്ടികയിൽ പേര് ചേർക്കൽ**

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഇടവകകളിൽ ആരംഭിച്ചു.

**3. യാത്രയയപ്പും സ്വാഗതവും**

അതിരൂപത അസി. ഡയറക്ടറായിരുന്ന ഫാ. ജെയ്സൻ വടക്കേതലയ്ക്ക് യാത്രയയപ്പും നന്ദിയും നേർന്നു. പുതിയ അസി. ഡയറക്ടർമാരും മേഖല ഡയറക്ടർമാരും ആയ ഫാ. ജോബ് പടയാട്ടിൽ, ഫാ. പോൾ മാളിയമ്മാവ്, ഫാ. ജിയോ ചെറടായി എന്നിവർക്ക് സ്വാഗതവും നേർന്നു.

**4. ഫൊറോന ജനറൽ ബോഡി**

ഫൊറോന ജനറൽ ബോഡിയോഗവും ഇടവക ഹെൽപ് ഡെസ്ക്

കോർഡിനേറ്റർമാരുടെ യോഗവും, മാർച്ച് 1,8,15,22 തിയതികളിലുള്ള ഞായറാഴ്ച്ചകളിൽ നടത്തുവാനും തീരുമാനിച്ചു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൻ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




1. **പൗരത്വനിയമ ഭേദഗതിക്കെതിരായ പ്രതിഷേധം**
   കെ.സി.വൈ.എം. തൃശൂർ അതിരൂപത സമിതിയുടെയും പറപ്പൂർ ഫൊറോനയുടെയും നേതൃത്വത്തിൽ പെരുവല്ലൂർ സെന്റ് ആന്റണീസ് പള്ളിയിൽവെച്ച് റിപ്പബ്ലിക് ദിനത്തിൽ പൗരത്വനിയമ ഭേദഗതിക്കെതിരെ പ്രതിഷേധം സംഘടിപ്പിച്ചു. ഇടവക വികാരി ഫാ.ജിന്റോ പെരേപ്പാടൻ ആമുഖപ്രഭാഷണം നടത്തി.
2. **ജനറൽ ബോഡിയും, യൂ–ട്യൂബ് ചാനൽ ഉദ്ഘാടനവും**
   കെ.സി.വൈ.എം. തൃശൂർ അതിരൂപത ജനറൽ ബോഡി യോഗം ഫെബ്രുവരി 9 ഞായറാഴ്ച ഉച്ചയ്ക്ക് 3 മണിക്ക് അതിരൂപത കാര്യാലയത്തിൽ നടന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ജനറൽ ബോഡി യോഗത്തിന്റെയും, K.C.Y.M. Thrissur Archdioceലെ യൂ–ട്യൂബ് ചാനലിന്റെയും ഉദ്ഘാടനം നിർവ്വഹിച്ചു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ആമുഖപ്രഭാഷണം നടത്തി. 2020 ൽ നിർമ്മിച്ചു നൽകുന്ന കാരുണ്യ ഭവനത്തിന്റെ ഫണ്ട് സമാഹരണത്തിനായി മാർച്ച് 1 ഞായർ അതിരൂപതയിലെ എല്ലാ യൂണിറ്റിലും യുവജനങ്ങൾ ഒരു ദിവസം പണിയെടുത്ത് കൂലി സമാഹരിക്കാൻ ഡയറക്ടർ നിർദ്ദേശിച്ചു. അതിരൂപത പ്രസിഡന്റ്

സാജൻ ജോസ് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പുതിയ അസി. ഡയറക്ടർ ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ, ഫാ. ഡിക്സൺ കൊളമ്പ്രത്ത് എന്നിവർക്കും സംസ്ഥാന ഭാരവാഹികൾ അനൂപ് പുന്നപ്പുഴ, ജിയോ ജോൺ എന്നിവർക്കും സ്വീകരണം നൽകി. മുൻ അസിസ്റ്റന്റ് ഡയറക്ടർ ഫാ. റെനാൾഡ് പുലിക്കോടന് യാത്രയയപ്പ് നൽകി.

**3. കാരുണ്യഭവനം**

കെ.സി.വൈ.എം. 2020 വർഷത്തിൽ നിർമ്മിച്ചു നൽകുന്ന ഭവനനിർമ്മാണത്തിന് ആവശ്യമായ തുക ഒരു ദിവസം പണിയെടുത്ത് സമാഹരിക്കുന്നതിന്റെ മുന്നോടിയായി അതിരൂപത ഡയറക്ടറും, ആനിമേറ്ററും മുഴുവൻ സെക്രട്ടറിയേറ്റ് അംഗങ്ങളും പാവർട്ടിയിലെ തെങ്ങിൻ കൃഷിയിടത്തിൽ ചകിരിച്ചോറ് വണ്ടിയിൽനിന്നും ഇറക്കി തെങ്ങിൻ തടങ്ങളിൽ വളം ചേർത്ത് ഇടുകയും, മാസ്റ്റേഴ്സ് തെങ്ങിൻ നഴ്സറിയിൽ ലോറിയിൽ വന്ന 9,000 തെങ്ങിൻ തൈകൾ ഇറക്കുകയും ചെയ്തു. ചെയ്ത പണിക്കുള്ള കൂലി കാരുണ്യഭവനത്തിലേക്കായി 'ആദ്യ ചെക്ക്' നഴ്സറി ഉടമ ലില്ലി ദേവസിക്കുട്ടി കെ.സി.വൈ.എം. തൃശൂർ അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂളയ്ക്കു കൈമാറി.

**4. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം**

തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ പുതുക്കാട് ഫൊറോനയിലെ ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ ജനുവരി 17, 18, 19 തിയ്യതികളിൽ സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനം നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ. സിറിയക് ചാഴിക്കാടൻ പതാക ഉയർത്തി സമ്മേളനം ആരംഭിച്ചു. വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. അനുഗ്രഹപ്രഭാഷണം കെ.സി.ബി.സി. ജനറൽ സെക്രട്ടറി ജോസഫ് മാർ തോമസ് നിർവ്വഹിച്ചു. മുഖ്യപ്രഭാഷണം കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ. ക്രിസ്തുദാസ് പിതാവും നടത്തി. വാർഷിക സെനറ്റ് സമ്മേളനത്തിന്റെ ഉദ്ഘാടന യോഗത്തിൽ സംസ്ഥാന സെക്രട്ടറി സ്വാഗതവും, സംസ്ഥാന ഡയറക്ടർ സ്റ്റീഫൻ തോമസ് ചാലക്കര ആമുഖപ്രഭാഷണവും, സംസ്ഥാന പ്രസിഡന്റ് ശ്രീ. സിറിയക് ചാഴിക്കാടൻ അദ്ധ്യക്ഷതയും വഹിച്ചു. ഫാ. ഡിറ്റോ കൂള, സാജൻ ജോസ്, ഇമ്മാനുവേൽ, പോൾ എന്നിവർ സമ്മേളനയോഗത്തിന് ആശംസകൾ നേർന്നു. സിൻഡിക്കേറ്റ് മെമ്പർ

അനൂപ് പുന്നപ്പുഴ യോഗത്തിന് നന്ദി പറഞ്ഞു. സഭാതല ഇലക്ഷന് SMYM ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി നേതൃത്വം നൽകി. തൃശൂർ അതിരൂപത സിൻഡിക്കേറ്റ് അംഗം അനൂപ് പുന്നപ്പുഴ സെക്രട്ടറിയായും, ഇരിഞ്ഞാലക്കുട രൂപതാംഗം ജെയ്സൺ വൈസ് പ്രസിഡന്റായും ആയാണ് സീറോ മലബാർ സഭയ്ക്ക് ഈ വർഷം പോസ്റ്റുകൾ ലഭിച്ചിരിക്കുന്നത്. വാർഷിക സെനറ്റ് സമ്മേളനത്തിൽ കേരളത്തിലെ 32 രൂപതകൾ അർദ്ധവാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സെനറ്റ് സമ്മേളനത്തിന്റെ അവസാന ദിനത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ വി. കുർബാന അർപ്പിച്ചു.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




# സി.എൽ.സി.

1. **ലോക സി. എൽ. സി. ദിനം**
   457 മത് സംസ്ഥാന ലോക സി.എൽ.സി ദിനാചരണം, തൃശ്ശൂർ അതിരൂപതയുടെ നേതൃത്വത്തിൽ മുക്കാട്ടുകര ഇടവകയിൽ വച്ചു നടത്തുന്നു. തൃശ്ശൂർ അതിരൂപത അധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യും. കലാ, സാഹിത്യ കായിക രംഗങ്ങളിൽ മികവ് തെളിയിച്ച സി എൽ സി പ്രവർത്തകരെ യോഗത്തിൽ ആദരിക്കുന്നു. മോഡൽ യൂണിറ്റ്, മോഡൽ ഫൊറോന സമ്മാനദാനവും പ്രസ്തുത യോഗത്തിൽ നല്കുന്നതായിരിക്കും.
2. **ജാഗരണ പദയാത്ര**
   നോമ്പുകാലത്തിലെ രണ്ടാം വെള്ളിയാഴ്ച്ച, ബസിലിക്ക ദേവാലയ

ത്തിൽ നിന്നും, പാലയൂരിലേക്കുള്ള ജാഗരണ പദയാത്രക്കു അതിരൂപത സി.എൽ.സി നേതൃത്വം നൽകുന്നു.

**3. പാലയൂർ തീർത്ഥാടനം എൻവയോൺമെന്റ് കമ്മിറ്റി**

മുൻ വർഷങ്ങളിലെ പോലെ, ഈ വർഷവും അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ തീർത്ഥാടന വീഥികളുടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

**4. സംസ്ഥാന സി.എൽ.സി ക്ക് പുതിയ ഭാരവാഹികൾ**

തൃശൂർ അതിരൂപത സി.എൽ.സി. ജനറൽ കോർഡിനേറ്റർ ബിജിൽ സി ജോസഫ് സംസ്ഥാന സി.എൽ.സി. ട്രഷറർ ആയും, രൂപത സി.എൽ.സി. ആനിമേറ്റർ സിസ്റ്റർ ജ്യോതിസ്, സംസ്ഥാന സി.എൽ.സി. ആനിമേറ്റർ ആയും, രൂപത വൈസ് പ്രസിഡന്റ് നിയ തോബിയാസ്, സംസ്ഥാന സി.എൽ.സി. എക്സിക്യൂട്ടീവ് നോമിനേറ്റഡ് അംഗമായും തെരഞ്ഞെടുക്കപ്പെട്ടു.

**5. കാരുണ്യ വരാചാരണം**

ലൂർദ് മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് രൂപത സി.എൽ .സി.കാരുണ്യ വാരാചാരണം ആചരിച്ചു . ഇതിന്റെ ഭാഗമായി ഫെബ്രുവരി 16 നു അമല മെഡിക്കൽ കോളേജുമായി സഹകരിച്ച് , ഒരാഴ്ച്ച നീണ്ടു നിൽക്കുന്ന ഭക്ഷണ വിതരണം നടത്തുകയുണ്ടായി. അതിരൂപത ഫിനാൻസ് ഓഫീസർ ഫാ . വർഗ്ഗീസ് കൂത്തൂർ കാരുണ്യ വാരാചരണം ഉദ്ഘാടനം ചെയ്തു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




## തൃശ്ശൂർ അതിരൂപത

**1. സംസ്ഥാന വാർഷികവും സംസ്ഥാന കലോത്സവവും**

സംസ്ഥാനവാർഷികവും കലോത്സവവും കുറവിലങ്ങാട് ദേവമാത

കോളേജിലും സ്കൂളിലുമായി ജനുവരി 10,11 തിയ്യതികളിൽ നടന്നു. തൃശൂർ അതിരൂപതയിൽ നിന്ന് ഇരുന്നൂറോളം പ്രതിനിധികൾ പങ്കെടുത്തു.

**2. സംസ്ഥാന കലോത്സവ വിജയികൾ**

KCSL സംസ്ഥാന സാഹിത്യോത്സവത്തിൽ വിജയികളായ അതിരൂപതാംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1. അബ്രഹാം ഫ്രാൻസിസ് ഇംഗ്ലീഷ് പ്രസംഗം UP വിഭാഗം First സെന്റ് ആന്റണീസ് UPS കോടന്നൂർ
2. ജെയ്‌വിൻ പി.ജെ. ആന്റ് ടീം പരിചമുട്ട് UP വിഭാഗം First സെന്റ് മേരീസ് CUPS ചിയ്യാരം
3. സിയ റോസ് സ്കറിയ ആന്റ് ടീം ചവിട്ടുനാടകം UP വിഭാഗം First ഹോളി ഫാമിലി CGHS ചെമ്പൂക്കാവ്
4. സിസ സാജ് മോണോ ആക്ട് HS വിഭാഗം First SHCGHS തൃശൂർ
5. സാന്ദ്ര ചക്കാലക്കൽ ആന്റ് ടീം ചവിട്ടുനാടകം HS വിഭാഗം First ഹോളി ഫാമിലി CGHS ചെമ്പൂക്കാവ്
6. അലീന സി.വി. മോണോആക്ട് HSS വിഭാഗം Second SHCGHS തൃശൂർ
7. ദിയ തെരേസ് ഇംഗ്ലീഷ് പ്രസംഗം HSS വിഭാഗം Second SHCGHS തൃശൂർ
8. അഞ്ജലി പി. എസ് ആന്റ് ടീം മാർഗ്ഗംകളി HSS വിഭാഗം First SHCGHS തൃശൂർ
9. ടിങ്കിൾ ട്രീസ ആന്റ് ടീം KCSL ഗാനം HSS വിഭാഗം First SHCGHS തൃശൂർ
10. നമിത റോസ് പുത്തൻപാന HSS വിഭാഗം Third SHCGHS തൃശൂർ

**3. ശതാബ്ദി സമാപനസമ്മേളനവും സാംസ്കാരികസദസ്സും**

തൃശൂർ അതിരൂപതാ KCSL ശതാബ്ദി സമാപനവും സാംസ്കാരിക സദസ്സും 2020 ജനുവരി 20ന് DBCLC ഹാളിൽവച്ച് നടന്നു. അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. സാംസ്കാരികസദസ്സ് ഗ്വാളിയോർ രൂപതാധ്യക്ഷൻ മാർ ജോസഫ് തൈക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ സ്റ്റേറ്റ് പ്രസിഡന്റ് ശ്രീ മാത്തുക്കുട്ടി കുത്തനാപിള്ളിയിൽ തുടങ്ങിയവർ സംബന്ധിച്ചു. ശതാബ്ദി റാലിയും അന്നേദിവസം സംഘടിപ്പിച്ചിരുന്നു.

**4. സംസ്ഥാന നേതൃത്വപരിശീലന ക്യാമ്പ് തൃശൂരിൽ**

KCSL സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് ഏപ്രിൽ അവസാന വാരത്തിൽ തൃശൂർ അതിരൂപതയിൽവച്ച് സംഘടിപ്പിക്കുന്നു. തൃശൂർ

അതിരൂപതയിൽ നിന്ന് പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ പേരുകൾ നൽകണം. ഇവരിൽനിന്നാണ് 2020-2021 അദ്ധ്യയനവർഷത്തേക്കുള്ള വിദ്യാർത്ഥിഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. ക്യാമ്പിന്റെ വിശദാംശങ്ങൾ ബ്ലോഗിൽ നൽകാം. ഈ വർഷം അതിരൂപത നേതൃത്വപരിശീലനക്യാമ്പ് ഉണ്ടായിരിക്കുന്നതല്ല.

**5. KCSL തൃശൂർ അതിരൂപത നൂറ്റിഒന്നാം വർഷത്തിലേക്ക്**

ശതാബ്ദി ആഘോഷസമാപനത്തെത്തുടർന്ന് KCSL തൃശൂർ അതിരൂപത നൂറ്റിഒന്നാം പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുന്നു. പുതിയ പ്രവർത്തനവർഷത്തിലേക്ക് പുതിയ പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. ഇതിലേക്കായി ഏവരുടേയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഓർഗനൈസറെ അറിയിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# കാത്തലിക് നേഴ്സസ് ഗിൽഡ്

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ കാച്ചേരി നേഴ്സിങ്ങ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് - നൈറ്റിംഗേൽസ് മീറ്റ് - 2019 - നവംബർ 24-ന് തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. നേഴ്സുമാർ ദൈവത്തിന്റെ ശുശ്രൂഷകരായി പ്രത്യാശയുടെ പ്രതീകങ്ങളായി പ്രവർത്തിക്കണമെന്ന് പിതാവ് ഓർമ്മപ്പെടുത്തി. സെമിനാറിൽ 500-ഓളം പേർ പങ്കെടുത്തു. രാവിലെ തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന സമൂഹ ബലിയെ തുടർന്ന് റവ. ഫാ. റോയ് കണ്ണൻചിറ CMI നേഴ്സുമാർക്കായി സെമിനാർ നയിച്ചു.

തുടർന്ന് വിവിധ ആശുപത്രികളിൽ നിന്നുള്ള കലാപരിപാടികളും സ്നേഹവിരുന്നും നടന്നു. CNGAT ഡയറക്ടർ ഫാ. ജിമ്മി എടക്കളത്തൂർ സ്വാഗതം ആശംസിച്ച പൊതുസമ്മേളനത്തിൽ, സി. റൊസീന വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ജൂബിലി മിഷൻ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, അമല അസോസിയേറ്റ് ഡയറക്ടർ റവ.ഫാ. ജോയ്സൺ മുണ്ടൻമാണി CMI, ഡോ. നിമിഷ സോളമൻ, ശ്രീമതി ജെസ്സി ജേക്കബ്ബ് എന്നിവർ പ്രസംഗിച്ചു. തൃശ്ശൂർ അതിരൂപതയിലെ 8 നേഴ്സിങ്ങ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തു. സമർപ്പണ ജീവിതത്തിന്റെ ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന CNGAT മുൻ പ്രസിഡണ്ട് റവ. സി. ദെപ്പാസി CSC-യ്ക്ക് ആശംസകൾ അർപ്പിച്ച് ഉപഹാരം നൽകി. എല്ലാവരേയും ആരോഗ്യത്തിലേക്ക് നയിക്കുന്ന ശബ്ദമാണ് നേഴ്സ് എന്ന വിഷയത്തെക്കുറിച്ച് ഉപന്യാസമത്സരം നടത്തുകയും വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു. പ്രസിഡണ്ട് സി. ലിസറ്റ് CMC എല്ലാവരുടേയും സഹകരണത്തിനും, പ്രോത്സാഹനത്തിനും നന്ദിപറഞ്ഞുകൊണ്ട് സെമിനാർ സമാപിച്ചു.

ഡിസംബർ 23-ന് CNGAT-യുടെ ക്രിസ്തുമസ് ആഘോഷം നടന്നു. നൈറ്റിംഗേൽസ് മീറ്റിന്റെ വിലയിരുത്തലുകളും കണക്ക് അവതരണവും ഉണ്ടായി. ഫെബ്രുവരി 11 - രോഗീദിനം. രോഗികൾക്ക് വേണ്ടി പ്രത്യേകം നമുക്ക് പ്രാർത്ഥിക്കാം.

**സി. റൊസീന ഡേവിസ് FCC**
സെക്രട്ടറി

**ഫാ. ജിമ്മി എടക്കളത്തൂർ**
ഡയറക്ടർ




# ചിൽഡ്രൻസ് മിനിസ്ട്രി

**1. കലാമത്സര സമ്മാനദാനം 2019-2020**

2019-2020 അദ്ധ്യയനവർഷത്തിലെ സമ്മാനദാനം 2020 ജനുവരി 19-ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത

സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ തിരി തെളിയിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തിരുബാലസഖ്യ ദിനാചരണത്തിന്റെ ഭാഗമായി എല്ലാവരും ചേർന്ന് തിരുബാലസഖ്യ പ്രതിജ്ഞ ഏറ്റുചൊല്ലി. കോർഡിനേറ്റർ സി. റെജി വാർഷിക റിപ്പോർട്ട് വായിച്ചു. തൃശ്ശൂർ അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കാമറ്റത്തിൽ അദ്ധ്യക്ഷത നിർവ്വഹിച്ചു. ആനിമേറ്റർ സി. ഗീതി മരിയ, അനിറ്റ എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ ചിൽഡ്രൻസ് മിനിസ്ട്രി ഭാരവാഹികളും വിവിധ യൂണിറ്റുകളിൽ നിന്നുള്ള ആയിരത്തിലധികം കുട്ടികളും ആനിമേറ്റേഴ്സും യോഗത്തിൽ സന്നിഹിതരായിരുന്നു. സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിനും മറ്റു ക്രമീകരണങ്ങൾക്കും സി. റെജി, സി. ലിന്റ, ബ്രദർ അലൻ ബ്രദർ ജോസ്, മേജോ ജോസ്, അൻജവിൻ പി. സോജൻ, അഖില ജേക്കബ്, അൽന മരിയ, ആഗ്ന ജോഷി, ലീഡേഴ്സ്എന്നിവർ നേതൃത്വം നൽകി. സെയിന്റ്സ് ക്വിസ് മത്സര വിജയികൾക്കും, ബെസ്റ്റ് യൂണിറ്റ്, മോഡൽ യൂണിറ്റ്, ബെസ്റ്റ് മിഷൻ കളക്ഷൻ യൂണിറ്റ്, ബെസ്റ്റ് പ്രയർ ഫ്രണ്ട് കളക്ഷൻ യൂണിറ്റ്, സാഹിത്യമത്സരങ്ങൾ എന്നിവയിൽ വിജയികളായവർക്ക് സമ്മാനവിതരണം നടത്തുകയും ചെയ്തു. ചിൽഡ്രൻസ് മിനിസ്ട്രി അവാർഡ് ഡേ വളരെ ഭംഗിയായി നടത്തുവാൻ സഹായിച്ച ഏവർക്കും നന്ദി.

**2. SAINTS QUIZ 2019-2020 - JCLC**

**FIRST PRIZE** - St. Sebastian's Church, Marottichal (PUTHUR
Melna Joy, Anciya Bijo & Gifty Mariya
**SECOND PRIZE** - St. Thomas Church, Brahmakulam ( Palayur)
Juvel Justin, Jiya Joshy P. & Aleena Maria C.S.
**THIRD PRIZE** - Lourde Metropolitan Cathedral (Trichur – Lourde)
Ann Mariya C.V, Joseph Thomas & Rose Mariya Joju

**3. യൂണിറ്റ് രജിസ്ട്രേഷൻ 2020**

തിരുബാലസഖ്യം, ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീ സംഘടനകളുടെ യൂണിറ്റ് രജിസ്ട്രേഷൻ 2020 ആരംഭിച്ചിരിക്കുന്നു. എല്ലാ യൂണിറ്റുകളും അതാതു സംഘടനാംഗങ്ങളുടെ പേരും ക്ലാസ്സും എഴുതിയ ലിസ്റ്റ് കൊണ്ടുവന്ന് എത്രയും വേഗം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് രജിസ്ട്രേഷൻ പുതുക്കുകയും രജിസ്ട്രേഷൻ ഫോം കൈപറ്റുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

4. **നേതൃത്വ പരിശീലന ഏകദിനക്യാമ്പുകൾ**

DBCLC യിൽ വച്ച് ഏപ്രിൽ 1, 2, 3 തീയതികളിൽ (ആനിമേറ്റേഴ്സ്, തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി.) എന്നിവർക്കായി രാവിലെ 9ന് ആരംഭിച്ച് വൈകിട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ഏകദിനക്യാമ്പുകൾ ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 50/- രൂപയാണ്. ഒരിടവകയിൽ നിന്ന് ഒരു സംഘടനയെ പ്രതിനിധീകരിച്ച് 4 കുട്ടികൾക്കു മാത്രമേ പങ്കെടുക്കാനാകൂ. മാർച്ച് 20നു മുമ്പ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യുക.

5. **ആനിമേറ്റേഴ്സ് ഫോർമേഷൻ ക്യാമ്പ് 2020:**

ഏപ്രിൽ 1 ബുധനാഴ്ച രാവിലെ 9 ന് ആരംഭിച്ച് വൈകീട്ട് 4ന് അവസാനിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്.

6. **സ്പർശ് 2020:**

ഇടവകകളിലും സ്കൂളുകളിലും 4-ാം ക്ലാസ്സ് മുതൽ 7-ാംക്ലാസ്സ് വരെ പഠിക്കുന്ന തിരുബാലസംഖ്യം കുട്ടികൾക്ക് ഏപ്രിൽ 1 (ബുധൻ) സ്പർശ് 2020 നടത്തുന്നതായിരിക്കും.

7. **ക്രിസ്ത്യൻ ലൈഫ് 2020:**

ജൂനിയർ സി. എൽ. സി. (8-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെ ഉള്ള കുട്ടികൾക്ക്) ഏപ്രിൽ 2 (വ്യാഴം) ക്രിസ്ത്യൻ ലൈഫ് 2020 നടത്തുന്നതായിരിക്കും.

8. **ബെർക്കുമെൻസ് 2020:**

അൾത്താരസംഘം കുട്ടികൾക്ക് ഏപ്രിൽ 3 (വെള്ളി) ബെർക്കുമെൻസ് 2020 നടത്തുന്നതായിരിക്കും.

**നിർദ്ദേശങ്ങൾ**

1. ഈ ഏകദിനക്യാമ്പിൽ വച്ചാണ് അതിരൂപതാ ഭാരവാഹികളെ നിശ്ചയിക്കുന്നത്.
2. ക്യാമ്പിൽ പങ്കെടുക്കുന്നതിന് സംഘടനയിൽ സജീവമായി പ്രവർത്തിക്കുന്നവരെയാണ് ഉദ്ദേശിക്കുന്നത്.
3. ഏകദിന ക്യാമ്പിൽ പങ്കെടുക്കുന്നതിന് ഇടവകകളിൽ നിന്ന് 2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ എന്ന രീതിയിൽ 4 പേർക്ക് മാത്രമേ പങ്കെടുക്കാൻ കഴിയൂ.

9. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** കർത്താവേ അങ്ങാണ് എന്റെ പ്രത്യാശ; ചെറുപ്പം മുതൽ അങ്ങാണ് എന്റെ ആശ്രയം (സങ്കീ. 71. 5)

**സുകൃതജപം:** എന്റെ ഈശോയെ എന്റെ ആശ്രയമേ.

**പ്രാർത്ഥനാനിയോഗം:** അനാഥക്കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കുക.
**പരിചയപ്പെടുന്ന വിശുദ്ധ:** വി. എവുപ്രാസിയ (മാർച്ച് 13)
**പ്രവർത്തനം:** പരീക്ഷക്ക് നന്നായി ഒരുങ്ങുക.

**സി. റെജി എസ്.എസ്.പി.സി**
**കോർഡിനേറ്റർ**

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഡയറക്ടർ**



# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **പുതിയ നേതൃത്വം**

തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ അടുത്ത രണ്ടുവർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനുള്ള സോണൽ സർവീസ് ടീം ഫെബ്രുവരി 15 ന് ആബാ റിന്യൂവൽ സെന്ററിൽ ചേർന്ന പ്രത്യേക കൂട്ടായ്മയിൽ ചുമതലയേറ്റെടുത്തു. കോ–ഓർഡിനേറ്റർ റോയ് ടി. ഒ, നിലവിലുള്ള കോ–ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് കൈമാറിയ തിരി ബഹു. ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടിയിൽ നിന്ന് ഏറ്റവാങ്ങി. പുതിയ ടീമംഗങ്ങളും ഉത്തരവാദിത്തങ്ങളും.

കോ–ഓർഡിനേറ്റർ – റോയ് ടി. ഒ.
സെക്രട്ടറി – വിൻസെന്റ് ചിറയത്ത്
ജോ.സെക്രട്ടറി– ലോളി റാഫേൽ (പാരിഷ് മിനിസ്ട്രി ചുമത കൂടി)
ട്രഷറർ – കെ. കെ. ഷാജു
അംഗം – ആന്റണി (മധ്യസ്ഥപ്രാർത്ഥ മിനിസ്ട്രി)
ജിബി ജേക്കബ് ഇ. (കപ്പിൾസ് മിനിസ്ട്രി)
വർഗീസ് വി. എൽ. (ജീവജ്വാല)
ബിന്ദുറോയ് (തൂവാനിസ മിനിസ്ട്രി)
ജയ ജോയ് (സിംഗിൾസ് മിനിസ്ട്രി)
എക്സ് ഓഫീഷ്യോ അംഗങ്ങൾ – ഫാ. ഷാജൻ തേർമഠം(മുൻ ഡയറക്ടർ)

സാബു എം. വർഗ്ഗീസ് (മുൻ കോർഡിനേറ്റർ)
ഓരോ അംഗങ്ങൾക്കും വിവിധ സബ്സോണുകളുടെ ചുമതലകളും നൽകിയിട്ടുണ്ട്

**2. പരിശീലന പരിപാടി**

കഴിഞ്ഞ നവംബറിൽ നടത്തിയ പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാതെ പോയ സബ്സോൺ മിനിസ്ട്രി സർവീസ് ടീമുകൾക്ക് വേണ്ടിയുള്ള ഏകദിന പരിശീലനം ചേറൂർ ആബാ റിന്യൂവൽ സെന്ററിൽ 2020 മാർച്ച് 21 ശനി രാവിലെ 9.30 മുതൽ വൈകീട്ട് 4 മണിവരെ നടത്തുന്നതാണ്. ഈ പരിപാടിയിൽ പങ്കെടുക്കാത്താവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതല്ല.

**3. ഇസ്സാക്കർ സംഗമം 2020**

തൃശ്ശൂർ അതിരൂപതയിലെ പ്രാർത്ഥനാഗ്രൂപ്പുകളുടെ കോർ ടീം, സബ്സോൺ മിനിസ്ട്രി സർവീസ് ടീമംഗങ്ങൾ തുടങ്ങി നേതൃത്വത്തിലുള്ളവരുടെ സംഗമം 2020 ഫെബ്രുവരി 22 ശനിയാഴ്ച രാവിലെ 9:30 മുതൽ വൈകീട്ട് 4 വരെ നടന്നു. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. കെ.സി.സി.ആർ.എസ്.ടി വൈസ് ചെയർമാൻ സെബാസ്റ്റ്യൻ ജോസ് കാഞ്ഞിരപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. സജീവ് ഇമ്മട്ടി ദിവ്യകാരുണ്യാരാധന നയിച്ചു. മുൻ സർവീസ് ടീമിന് യാത്രയയപ്പും പുതിയ ടീമിന് സ്വീകരണവും നൽകി. കോ-ഓർഡിനേറ്റർ റോയ് ടി.ഒ, സെക്രട്ടറി വിൻസെന്റ് ചിറയത്ത് ട്രഷറർ കെ.കെ. ഷാജു എന്നിവരും സോണൽ സർവീസ് ടീം സബ്സോൺ - മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

**4. മധ്യസ്ഥപ്രാർത്ഥന മിനിസ്ട്രി**

മധ്യസ്ഥപ്രാർത്ഥനയിൽ വളരാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടിയുള്ള പ്രത്യേക ധ്യാനം 2020 മാർച്ച് 20, വ്യാഴം വൈകീട് 5 മണിക്ക് ആരംഭിച്ച് മാർച്ച് 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് സമാപിക്കും. ഇടവകതലത്തിൽ മധ്യസ്ഥപ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിക്കുന്നതിനും മധ്യസ്ഥപ്രാർത്ഥനയുടെ വിവിധ തലങ്ങളെ കുറിച്ച് ആഴത്തിൽ പഠിക്കുന്നതിനും ഇത് ഉപകരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമായി പ്രവേശനം പരിമിതപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷന് സോണൽ സർവീസ് ടീമംഗങ്ങളുമായി ബന്ധപ്പെടുക.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ



# അതിരൂപത പബ്ളിക്ക് റിലേഷൻസ് വകുപ്പ്

ഇടവകയിൽ നിന്നുള്ള പി.ആർ.ഒ. മാരുടെ സംഗമം മാർച്ച് മാസത്തിൽ നടത്തുന്നു. എല്ലാ ഇടവക പി.ആർ.ഒ. മാരും ഈ സംഗമങ്ങളിൽ പങ്കെടുക്കുകയും ഇടവകയുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും വേണം. 2020 മാർച്ച് 1,8,15,22 തീയതികളിൽ മേഖല തിരിച്ചാണ് സംഗമം ക്രമീകരിച്ചിരിക്കുന്നത്. സമയം ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 വരെ.

1. **ലൂർദ്ദ് മേഖല – മാർച്ച് 1 ഞായർ** (ലൂർദ്ദ്, പട്ടിക്കാട്, കൊട്ടേക്കാട്, പുത്തൂർ എന്നീ ഫൊറോനകൾ) സ്ഥലം – ലൂർദ്ദ് പള്ളി.
2. **പാലയൂർ മേഖല – മാർച്ച് 8 ഞായർ** (പാലയൂർ, മറ്റം, പറപ്പൂർ, കണ്ടശ്ശാംകടവ് എന്നീ ഫൊറോനകൾ), സ്ഥലം – പാലയൂർ പള്ളി.
3. **ബസിലിക്ക മേഖല – മാർച്ച് 15 ഞായർ** (ബസിലിക്ക, ഒല്ലൂർ, പഴുവിൽ, പുതുക്കാട് എന്നീ ഫൊറോനകൾ), സ്ഥലം – ബസിലിക്ക പള്ളി.
4. **വടക്കാഞ്ചേരി മേഖല – മാർച്ച് 22 ഞായർ** (വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി, വേലൂർ എന്നീ ഫൊറോനകൾ), സ്ഥലം – വടക്കാഞ്ചേരി പള്ളി.

**ഡോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. നൈസൻ ഏലന്താനത്ത്**
ഡയറക്ടർ

2020 ജനുവരി 23നു
പുനർപ്രതിഷ്ഠാകർമ്മം
നിർവഹിക്കപ്പെട്ട
നെടുപുഴ സെന്റ് ജോൺ ബാപ്പ്റ്റിസ്റ്റ്
ഇടവക ദൈവാലയവും
അൾത്താരയും





Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.02.2020
**March - 2020**



# തിരുന്നാൾ ആശംസകൾ

**മാർച്ച് 19**

**വി. യൗസേപ്പിതാവിന്റെ**
**മരണത്തിരുന്നാൾ.**

---

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor